കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കായംകുളം നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/ജിഎ5/1262/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ, തീയതി.24.10.17

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

കായംകുളം നഗരസഭ

സർ,

വിഷയം : കായംകുളം നഗരസഭ- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായംകുളം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം (ഉപരിപത്രം സഹിതം)

5)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/ജിഎ5/1262/17 തീയതി:24.10.2017

# ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.1.4.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ. ആർ. അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.09.2017 മുതൽ<br>4.10.2017 വരെ | ശ്രീ. ബി. ലിജിലാൽ, ആഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. വി.കെ.രഞ്ജീവ്, ആഡിറ്റ് ഓഫീസർ<br>ശ്രീ. ജെ . പ്രവീൺ ഷേണായി, അസിസ്റ്റന്റ് ആഡിറ്റ് ഓഫീസർ<br>ശ്രീമതി. എസ്. ദീപ, അസിസ്റ്റന്റ് ആഡിറ്റ് ഓഫീസർ<br>ശ്രീ. ഫമിൻ.എസ്.എം, സീനിയർ ഗ്രേഡ് ആഡിറ്റർ<br>ശ്രീമതി. എസ്. രാജി, സീനിയർ ഗ്രേഡ് ആഡിറ്റർ<br>ശ്രീമതി. എം. ഷീബ, സീനിയർ ഗ്രേഡ് ആഡിറ്റർ<br>ശ്രീ. കെ.ബി. സുനിൽ, ആഡിറ്റർ |

1) ചെയർമാൻ

| | |
|---|---|
| ശ്രീ. എൻ.ശിവദാസൻ | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. ഡി. ജയകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.കെ.സതിയമ്മ | 01.04.2016 മുതൽ 29.01.2017 വരെ |
| | | ശ്രീ. എം.എൻ. പ്രസാദ് | 30.01.2017 മുതൽ 31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. നാരായണപിള്ള | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അജിത | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | സൂപ്രണ്ട്, ഗവ. താലൂക്ക് ആശുപത്രി | ഡോ. അനു. എം.എസ് | 01.04.2016 മുതൽ 05.10.2016 വരെ |
| | | ഡോ. സജീബ് മുഹമ്മദ് | 06.10.2016 മുതൽ 31.12.2016 വരെ |
| | | ഡോ. സുജ എബ്രഹാം | 01.01.2017 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജയലക്ഷ്മി | 010.4.2016 മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വിജയേന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 7 | പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര്യ ലഘൂകരണം | ശ്രീ. കൃഷ്ണകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | ഹെഡ്മാസ്റ്റർ, ഗവ.എച്ച്.എസ്. | ശ്രീമതി. ജെ.സുധ | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | മുനിസിപ്പൽ എൻജിനീയർ | ശ്രീ. ജെ.ഷാജി | 01.04.2016 മുതൽ 31.03.2017 വരെ |
| 10 | പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി. ജലജ | 01.04.2016 മുതൽ 30.06.2016 വരെ |
| | | ശ്രീ. സുനിൽ കുമാർ | 01.07.2016 മുതൽ 31.12.2016 വരെ |
| | | ശ്രീ. പ്രസാദ് | 01.01.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|

| | | |
|---|---|---|
| 1 | 1-1 മുതൽ 1-11 വരെ | പൊതുഅവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വസ്തു നികുതി പരിഷ്കരണ നടപടികൾ ഇഴയുന്നു - നഗരസഭയ്ക്ക് കനത്ത നഷ്ടം |
| 3 | 2-2 | കാർഷിക വിപണനമേള – നഗരസഭക്ക് 352510/-രൂപയുടെ നഷ്ടം. ഫയൽ നം.R4-3946/17 |
| 4 | 2-3 | അനധികൃതനിർമ്മാണങ്ങൾ അനേകം - നടപടികൾ വിരളം |
| 5 | 2-4 | അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിൽ വീഴ്ച – വൻവരുമാന നഷ്ടം |
| 6 | 2-5 | അനധികൃത നിർമ്മാണ നടപടികളില്ല – നഗരസഭയ്ക്ക് ലക്ഷങ്ങൾ നഷ്ടം |
| 7 | 2-6 | അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃത നികുതിയീടാക്കിയില്ല – നഗരസഭയ്ക്ക് 28.44ലക്ഷം രൂപയുടെ നഷ്ടം |
| 8 | 2-7 | കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം- ചട്ടങ്ങൾ മറികടന്ന് ഒക്കുപ്പൻസി അനുവദിച്ചു |
| 9 | 2-8 | നഗരസഭാ കെട്ടിടങ്ങളുടെ വാടക ഇനത്തിൽ ഭീമമായ കുടിശ്ശിക |
| 10 | 2-9 | ഡി & ഓ കുടിശിക- ഈടാക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നില്ല |
| 11 | 2-10 | പരസ്യ നികുതി കുത്തകാവകാശം - തുക അടവാക്കിയില്ല |
| 12 | 2-11 | നഗരസഭയിലെ ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്യുന്നില്ല |
| 13 | 2-12 | സ്ഥാപന-തൊഴിൽ നികുതികൾ ഈടാക്കാത്തത് സംബന്ധിച്ച് |
| 14 | 2-13 | ആഡിറ്റ് ഇംപാക്ട് |
| ഭാഗം – 3 | | |
| 15 | 3-1 | അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ ഗുരുതരമായ അലംഭാവം - നഗരസഭയ്ക്കു നഷ്ടമായത് 8.05 കോടി രൂപ |
| 16 | 3-2 | റസ്റ്റോറേഷൻ ചാർജിനത്തിൽ നഗരസഭയ്ക്ക് ലഭിച്ച 89 ലക്ഷത്തിൽ ഭൂരിഭാഗവും പെറ്റിവർക്കു കൾക്ക് - ക്രമവിരുദ്ധമായ പാഴ്ച്ചെലവ് |
| 17 | 3-3 | ഖരമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ച – വകയിരുത്തുന്ന ലക്ഷങ്ങൾ നഷ്ടമാകുന്നു |
| 18 | 3-4 | രാജീവ് ദശലക്ഷം ഭവനപദ്ധതി - കെ.യു.ആർ.ഡി.എഫ്.സി. വായ്പയിനത്തിൽ നഗരസഭ തിരിച്ചടക്കാനുള്ളത് 73.34 ലക്ഷം രൂപ |
| 19 | 3-5 | നഗരസഭ വക സ്ഥലത്തു നിന്നും വാടകക്കാരനെ ഒഴിപ്പിച്ച് വർഷങ്ങൾക്കു ശേഷവും മൾട്ടിപ്ലക്സ് നിർമ്മാണം പ്രാവർത്തികമായിട്ടില്ല |
| 20 | 3-6 | പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ - വികസനഫണ്ട് ഇനത്തിൽ 12.25 ലക്ഷം രൂപ തിരിച്ചടക്കാതെ ബാങ്ക് അക്കൗണ്ടിൽ |
| 21 | 3-7 | സ്റ്റോക്കിലുണ്ടായിരുന്ന ടാറിൽ നിന്നും രണ്ട് ബാരൽ കുറവ് - നഗരസഭയ്ക്ക് 23904/- രൂപയുടെ നഷ്ടം |
| 22 | 3-8 | വിളക്ക് പോസ്റ്റിന്റെ കണക്കില്ല; തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് 16.13ലക്ഷം |

| | | |
|---|---|---|
| 23 | 3-9 | ഹൈമാസ്റ്റ് അറ്റകുറ്റപണിക്ക് 3.9ലക്ഷം,ചെലവിൽ ഗുരുതരക്രമക്കേടുകൾ |
| 24 | 3-10 | പൊതു ടാപ്പുകളുടെ വെള്ളക്കരം- നഗരസഭയ്ക്ക് വൻ ബാദ്ധ്യത |
| 25 | 3-11 | പൈപ്പിന് മാർക്കറ്റ് നിരക്കിലും അധികം തുക കരാറുകാരന് അനുവദിച്ച നൽകുക വഴി അധികച്ചെലവ് |
| 26 | 3-12 | റയിൽവേ സ്റ്റേഷൻ-കോട്ടപ്പുറത്ത് റോഡ് റീ ടാറിംഗിൽ അധികചെലവ് |
| 27 | 3-13 | പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക -2,32,49,310/-രൂപ, തനതുഫണ്ടിന് അധികബാധ്യത |
| 28 | 3-14 | നാഷണൽ പെൻഷൻ സ്കീം - |
| 29 | 3-15 | പൂർത്തിയാകാത്ത ഭവനപദ്ധതികൾക്കായി ചെലവഴിച്ച 60.92ലക്ഷം രൂപ ലക്ഷ്യം കൈവരിക്കാതെ അവശേഷിക്കുന്നു |
| 30 | 3-16 | പ്രധാനമന്ത്രി ആവാസ് യോജന – നഗരസഭാവിഹിതം - വികസഫണ്ടിൽ നിന്നും പിൻവലിച്ച് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 31 | 3-17 | വിതരണ ഏജൻസികൾക്ക് തുക നൽകുന്നതിലൊതുങ്ങുന്ന പദ്ധതിപ്രവർത്തനം |
| 32 | 3-18 | പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 33 | 3-19 | മഴക്കാലപൂർവ്വ ശുചീകരണം - രണ്ടു വാർഡുകളിൽ തുക ചെലവഴിച്ചില്ല |
| 34 | 3-20 | വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല |
| 35 | 3-21 | വികലാംഗർക്ക് ഉപകരണങ്ങൾ – നിർവ്വഹണത്തിലെ അപാകതകൾ |
| 36 | 3-22 | ലൈബ്രറി സെസ്സ് ഇനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നഗരസഭ ഒടുക്കുവാനുള്ളത് 50.10 ലക്ഷം |
| 37 | 3-23 | സെക്രട്ടറിയുടെ ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും സർക്കാരിലേക്ക് അടയ്ക്കുന്നില്ല. 48.49 ലക്ഷം രൂപയുടെ ബാദ്ധ്യത |
| 38 | 3-24 | ആശ്രയ – സേവനപദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച |
| 39 | 3-25 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല – നഗരസഭയുടെ ആസ്തികൾ അന്യാധീനപ്പെടാൻ ഇടയാക്കുന്നു |
| 40 | 3-26 | നഗരസഭാ സ്ഥലം അന്യാധീനപ്പെടുന്നു - നടപടികൾ ഇല്ല |
| 41 | 3-27 | മുൻകൂർ അനുവദിച്ച തുകകൾ ക്രമീകരിച്ചില്ല |
| 42 | 3-28 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല |
| 43 | 3-29 | 'പഠനമുറി' -മൂല്യനിർണ്ണയം നടത്താതെ പണം അനുവദിച്ചു |
| 44 | 3-30 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് - കെ.എസ്.ഇ.ബി യുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 45 | 3-31 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മരുന്നു പൂർണ്ണമായും ലഭിച്ചില്ല |
| 46 | 3-32 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.292/17): |
| 47 | 3-33 | വയോമിത്രം പദ്ധതിയ്ക്ക് തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 48 | 3-34 | ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണം വിനിയോഗവിവരം ലഭിച്ചിട്ടില്ല |

| | | |
|---|---|---|
| 49 | 3-35 | എസ്.എസ്.എ. നഗരസഭാവിഹിതം - ചെലവിന്റെ കൃത്യത ഉറപ്പാക്കാനായില്ല |
| 50 | 3-36 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം അവലോകനം |
| ഭാഗം – 4 | | |
| 51 | 4-1മുതൽ<br>4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| അനുബന്ധം | | |
| 53 | | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29/6/16 – ലെ പ്രത്യേക കൗൺസിൽ യോഗം അംഗീകരിച്ചു. തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ സാമ്പത്തിക വർഷാരംഭത്തിന് മുൻപ് ബജറ്റ് പാസാക്കാൻ കഴിയാതെ വരുകയും ആയതിനാൽ 16/3/2016 – ൽ പ്രത്യേക കൗൺസിൽ യോഗം പുതുക്കിയ ബജറ്റ് പാസാക്കും വരെ 2015-16 – ലെ ബജറ്റ് അതേപടി തുടരാൻ തീരുമാനിക്കുകയും ചെയ്തു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 454185680 | 479768180 |
| 14/3/17 ൽ പുതുക്കിയ ബജറ്റ് പ്രകാരം | 295198793 | 324404861 |
| വാർഷിക കണക്ക് പ്രകാരം | 198432669 | 187032581 |

വർഷാവസാനത്തിന് രണ്ടാഴ്ചമാത്രം മുൻപ് പുതുക്കിയ ബജറ്റിലെ വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിലുള്ള അന്തരം യഥാക്രമം 9.65, 13.74 കോടി രൂപയാണ്. 2016-ലെ പുതുക്കിയ (മാർച്ചിൽ പുതുക്കിയ) 2015 -16 ബജറ്റ് പ്രകാരം വരവ് 22.52 കോടി മാത്രമായിരിക്കെ 2016-17 - ൽ 45.41 കോടി രൂപ വരവ് പ്രതീക്ഷിച്ചത് തന്നെ വിസ്മയകരമാണ്. സ്ഥിരം സമിതികളിൽ നിന്ന് ബജറ്റ് നിർദ്ദേശങ്ങൾ വാങ്ങി യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്ഥിരം സമിതിയും സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/7/17 | 25/6/17 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധം ഒന്നായി ഈ റിപ്പോർട്ടിനോപ്പം ചേർത്തിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 56152323 | 45245362 | 80.58 |
| വികസനഫണ്ട് എസ്.സി.പി. | 15301464 | 4628810 | 30.25 |
| വികസനഫണ്ട് ടി.എസ്.പി. | 00 | 00 | 00 |
| സംരക്ഷണഗ്രാന്റ് റോഡ് | 21875085 | 9475052 | 43.31 |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 13871658 | 7449251 | 53.70 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 73031690 | 26113111 | 35.76 |
| പെർഫോമൻസ് ഗ്രാന്റ് | 11934951 | 0 | 0 |
| ആകെ | 192167171 | 92911586 | 48.34 |

വിവിധ സ്രോതസ്സുകളിൽ നിന്നും നഗരസഭയുടെ വികസനത്തിനായി അനുവദിച്ച തുകയുടെ 50% പോലും ചെലവു ചെയ്യാൻ കഴിഞ്ഞില്ല. പണം വിതരണം ചെയ്യുക എന്ന ഉത്തരവാദിത്വം മാത്രം ഏൽപ്പിക്കപ്പെട്ടു ലഭിച്ച ബി ഫണ്ട് തുക മുഴുവൻ - 69532110/- രൂപ ചെലവു ചെയ്തിട്ടുണ്ട്.

1-5പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 342 | 428279164 | 98 | 95261149 | 34 | 210 | 28.65 |

തൻവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ $^{1}/_{3}$ പോലും പൂർത്തിയാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. ആകെ വകയിരുത്തിയ തുകയുടെ 22% മാത്രമാണ് ചെലവ്.

1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ് / കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 28507183 | 32235677 | 3728494 | 13.08 |
| നികുതിയേതര വരവുകൾ | 21323647 | 14823320 | (-)6500327 | (-)30.48 |
| മറ്റ് വരവുകൾ | 4837693 | 2489768 | (-)2347925 | (-)48.53 |
| ആകെ | 54668923 | 49548765 | (-)5120158 | (-)9.37 |

## 1-7. ക്ഷേമപദ്ധതികൾ

നഗരസഭ വിവിധ ക്ഷേമ പദ്ധതികളുടെ ഭാഗമായി 24279 ഗുണഭോക്താക്കൾക്കായി താഴെപ്പറയും പ്രകാരം 69532110/- രൂപ വിതരണം ചെയ്തു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 557400 | 326 |
| കർഷകതൊഴിലാളി പെൻഷൻ | 1977820 | 709 |
| വിധവാപെൻഷൻ | 22998365 | 7156 |
| വാർദ്ധക്യകാലപെൻഷൻ | 37485955 | 13694 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 5645080 | 2187 |
| അവിവാഹിതപെൻഷൻ | 447490 | 193 |
| വിവാഹധനസഹായം (വിധവകളുടെപെൺമക്കൾക്ക്) | 420000 | 14 |
| ആകെ | 69532110 | 24279 |

## 1-9. ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.9.2017 3.30 PMന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 224419 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10. ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളിൽ ആഭ്യന്തര നിയന്ത്രണം ഫലപ്രദമായി പ്രതിഫലിച്ചില്ല. ആഭ്യന്തര നിയന്ത്രണത്തിന്റെ അഭാവം നഗരസഭയുടെ വരവിലും ചെലവിലും സാമ്പത്തിക അച്ചടക്കം നഷ്ടപ്പെടുത്തി. തനത് വരവിൽ പ്രധാന ഇനമായ കെട്ടിടനികുതി പരിഷ്കരണത്തിന്റെ പ്രഥമിക നടപടിയായ കെട്ടിടങ്ങളുടെ നമ്പരിടൽ പോലും പൂർത്തിയാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. ജില്ലയിലെ മറ്റ് നഗരസഭകൾ ഈ വിഷയത്തിൽ വലിയ മുന്നേറ്റം നടത്തിയപ്പോഴാണ് കായംകുളം നഗരസഭ പിന്നോട്ടടിക്കപ്പെട്ടത്. പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ട തീയതി സർക്കാർ പലകുറി നീട്ടിനല്കിയിരുന്നു. ഏറ്റവും ഒടുവിലത്തെ ദീർഘിപ്പിച്ച തീയതി 2017 ജൂലായ് 31ആയിരുന്നു. എന്നിട്ടും നഗരസഭ ഫലപ്രദമായ നടപടി സ്വീകരിച്ചില്ല. ഇത് സർക്കാർ ഉത്തരവിനോടുള്ള അനാദരവും കർത്തവ്യ നിർവ്വഹണത്തിലെ അനാസ്ഥയുമാണ് വ്യക്തമാകുന്നത്. മാത്രമല്ല കെട്ടിടനികുതി വരവിൽ ലക്ഷങ്ങളുടെ വരുമാനവും നഷ്ടമാക്കി.

ആഭ്യന്തരനിയന്ത്രണത്തിന്റെ അഭാവം നഗരത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ നടപ്പാക്കുന്നതിലും വലിയ വീഴ്ചകൾ വരുത്തി. അംഗീകൃതപ്ലാനിന് വിരുദ്ധമായി നിർമ്മിച്ച ചില കെട്ടിടങ്ങൾ ചട്ടപ്രകാരമുള്ള ക്രമവത്കരണം നടത്താതെ നമ്പരിട്ട് നല്കിയതായി കാണുന്നു. ഈ ചട്ടവിരുദ്ധ നടപടിയിലൂടെ നഗരസഭ ലക്ഷങ്ങളുടെ വരുമാനം നഷ്ടപ്പെടുത്തി.

കെട്ടിടനിർമ്മാണചട്ടങ്ങൾ ലംഘിച്ച കെട്ടിടങ്ങൾക്ക് ക്രമവത്കരണം വരെ താല്കാലിക നമ്പർ നല്കാൻ വ്യവസ്ഥയുണ്ട്. മൂന്നിരട്ടി നികുതി ചുമത്തിവേണം താല്കാലിക നമ്പർ നല്കുവാൻ. നഗരസഭ ചട്ടത്തിലെ ഈ വ്യവസ്ഥ പാലിക്കാറില്ല. ഇതും ലക്ഷങ്ങളുടെ വരവ് നഷ്ടപ്പെടുത്തുന്നു.

നഗരസഭ അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ നഗരസഭയിൽ ക്രമവത്കരിച്ച് നല്കുന്നത് നഗരസഭ എഞ്ചിനീയറാണ്. ഇത് നിയമവിരുദ്ധ നടപടിയാണ്. നിയമപ്രകാരം ക്രമവത്കരണം സാക്ഷ്യപ്പെടേണ്ടത് സെക്രട്ടറിയാണ്. ആഭ്യന്തരനിയന്ത്രണത്തിന്റെ അഭാവത്താലാണ് ഇത്തരം അധികാരപരിധി ലംഘനം ആവർത്തിക്കുന്നത്.

ആഭ്യന്തരനിയന്ത്രണത്തിന്റെ അഭാവം നഗരസഭയുടെ ആസ്തി സംരക്ഷണത്തിലും പ്രകടമാണ്. നഗരസഭയുടെ വസ്തുക്കളുടേയും നഗരത്തിലെ പുറമ്പോക്ക് ഭൂമികളുടേയും വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആദ്യകാല വസ്തുക്കളുടെ പൂർണ്ണവിവരം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇതിനാൽ നഗരസഭയുടെ വസ്തുക്കളിൽ കയ്യേറ്റം വ്യാപകമാണ്.

നഗരസഭയെ ജനസേവന കേന്ദ്രമാക്കി മാറ്റുന്നതിനും, നഗരപാലിക നിയമം നിർദ്ദേശിക്കുന്ന അധികാരങ്ങളും ചുമതലകളും നിറവേറ്റുന്നതിനും, ആസ്തികൾ സംരക്ഷിക്കുന്നതിനും, സാമ്പത്തിക അച്ചടക്കം നിലനില്ക്കുന്നതിനും ശരിയായ ആഭ്യന്തരനിയന്ത്രണം അനിവാര്യമാണ്. നഗരഭരണത്തെ ശരിയായ ആഭ്യന്തരനിയന്ത്രണത്തിലൂടെ കാര്യക്ഷമമാക്കാൻ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11.മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.2015 | 2013-14 | 04.10.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.03.17 – 19.04.17 | 2013-14, 2014-15, 2015-16 | 12.06.17 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി പരിഷ്കരണ നടപടികൾ ഇഴയുന്നു - നഗരസഭയ്ക്ക് കനത്ത നഷ്ടം

കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ പ്രകാരം 14/1/2011 ന് ശേഷം നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങൾക്കും പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. 14/1/2011 മുൻപ് നിർമ്മിച്ച കെട്ടിടങ്ങൾക്കും 1.4.2013 മുതൽ വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതാണ്. എന്നാൽ നഗരസഭയ്ക്ക് വൻ വരുമാനവർദ്ധനവ് ലഭിക്കുന്ന സംഗതിയായിട്ട് പോലും ഇക്കാര്യത്തിൽ തികഞ്ഞ ഉദാസീനതയാണ് നഗരസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഉണ്ടായത്.

നഗരസഭയിൽ 1.4.13 മുതൽ വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾക്ക് മാത്രമേ പ്ലിന്ത് ഏരിയയുടെ (തറവിസ്തീർണ്ണം) അടിസ്ഥാനത്തിലുള്ള പുതുക്കിയ നികുതി ബാധകമാക്കിയിട്ടുള്ളൂ. 14/1/2011 മുതൽ 31/3/13 വരെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് വാർഷിക വാടകമൂല്യത്തെ അടിസ്ഥാനമാക്കിയുള്ള നികുതി നിർണ്ണയം തന്നെ തുടരുകയാണ്. 100 ച.മീ – ൽ കുറവ് വിസ്തീർണ്ണമുള്ള വാണിജ്യ വിഭാഗം കെട്ടിടങ്ങൾക്ക് (നികുതി 60 രൂ./ച.മീ) ശരാശരി 45 ശതമാനവും 100 ച.മീ – ൽ അധികം വിസ്തീർണ്ണമുള്ളവയ്ക്ക് (നികുതി 80 രൂ./ച.മീ) ശരാശരി 40 ശതമാനവും വാസഗൃഹങ്ങൾക്ക് (നികുതി 12രൂ./ച.മീ) ഇരുപത് മുതൽ മുപ്പത് ശതമാനം വരെയും കുറഞ്ഞ നികുതിയാണ് നിലവിൽ ഈടാക്കപ്പെടുന്നത്. സമാനമായ നഷ്ടം സേവന ഉപനികുതിയുടെ കാര്യത്തിലും ഉണ്ടാകുമെന്നുണ്ട്. നഗരത്തിന്റെ കേന്ദ്ര ബഹിർ ഭാഗങ്ങളിൽ ഇതിൽ ചെറിയ അന്തരമുണ്ടാകാമെങ്കിലും ഇക്കാലയളവിലെ നികുതി നിർണ്ണയാപാകം പരിഹരിച്ചാൽ തന്നെ വൻ വരുമാന വർദ്ധനവ് ഉണ്ടാകുമെന്ന് വ്യക്തമാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു (നഗരകേന്ദ്ര വാർഡിൽ അടിസ്ഥാന നികുതിയുടെ കൂടെ അഞ്ച് മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് സാമീപ്യത്തിന് ബാധകമായ 20 ശതമാനം വർദ്ധനവ് കൂടി പരിഗണിച്ചിട്ടുണ്ട്. മറ്റ് വർദ്ധനവുകൾ പരിഗണിച്ചിട്ടില്ല)

| കെട്ടിട നംപർ | ഇനം | അസ്സ്മെന്റ് തീയതി | വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി | പുതിയ നിരക്കിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 32/434A | വാണിജ്യം | 22/2/2011 | 135.6 | 7228 | 13018 | 5790 |
| 32/434B | വാണിജ്യം | 22/2/2011 | 142.96 | 7586 | 13724 | 6138 |
| 32/488A | വാണിജ്യം | 20/12/11 | 46.61 | 1298 | 3356 | 2058 |
| 32/565B | വാസഗൃഹം | 14/12/11 | 773.62 | 8926 | 11140 | 22143 |
| 32/498 | വാസഗൃഹം | 15/5/2011 | 97.11 | 974 | 1398 | 424 |

വസ്തുനികുതി പരിഷ്കരണത്തിനുള്ള നടപടികൾ ഇപ്പോഴും പ്രാരംഭ ദിശയിലാണ്. കെട്ടിടങ്ങളുടെ വിവരശേഖരണം മുൻപ് പൂർത്തിയായിരുന്നെങ്കിലും അനധികൃത നിർമ്മാണങ്ങൾക്ക് ക്രമവിരുദ്ധമായി നമ്പർ നൽകിയതായി കണ്ടെത്തിയതിനാൽ 20.6.2014 - ൽ നഗരസഭാ കൗൺസിൽ ഈ നമ്പറിംഗ് പൂർണ്ണമായി റദ്ദ് ചെയ്യാൻ തീരുമാനിച്ചു എന്ന് ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് അന്വേഷണത്തിന് (നമ്പർ.4, 19/9/17) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണ ങ്ങൾക്ക് ചട്ടങ്ങൾ മറികടന്ന് നമ്പർ നൽകി നികുതി

സ്വീകരിക്കാൻ കാരണക്കാരായ ഉദ്യോഗസ്ഥരാണ് ഫലത്തിൽ വസ്തുനികുതി പരിഷ്കരണം വൈകാനം ഇടയാക്കിയത്. എന്നാൽ ഈ ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ ഒരു നടപടിയും നഗരസഭ കൈക്കൊണ്ടതായിക്കാണുന്നില്ല.

സ്ഥാപനം ഹാജരാക്കിയ രേഖകൾ പ്രകാരം നഗരസഭയിലെ 44 വാർഡുകളിലായി 26347 കെട്ടിടങ്ങളാണ് ഉള്ളത്. എന്നാൽ 6 വാർഡുകളിൽ മാത്രമാണ് കെട്ടിടങ്ങൾക്ക് പുതിയ നമ്പർ നൽകുന്ന ജോലി പൂർത്തിയാക്കിയത്. 10, 14, 19, 21, 26, 40 എന്നിവയാണ് ആ വാർഡുകൾ. ഇവയിൽ 2887അംഗീകൃത കെട്ടിടങ്ങൾക്കും 289 അനധികൃത കെട്ടിടങ്ങൾക്കും നമ്പർ നൽകി. മറ്റ് അഞ്ച് വാർഡുകളിലായി 942 അംഗീകൃത കെട്ടിടങ്ങൾക്കും 51 അനധികൃത കെട്ടിടങ്ങൾക്കും പുതിയ നമ്പർ നൽകി യിട്ടുണ്ട്. അതായത് 14.53 ശതമാനം കെട്ടിടങ്ങൾക്ക് മാത്രമാണ് പുതിയ നമ്പർ നൽകിയിട്ടുള്ളത്. ഇവയ്ക്ക് പോലും റിട്ടേൺ സ്വീകരിക്കുന്നതിനുള്ള ഫോറം 2 നൽകുകയോ നമ്പർ പ്ലേറ്റ് പതിക്കുകയോ ചെയ്തിട്ടില്ല.

നഗരസഭയിലെ 1/3/2014 ന് മുൻപ് നികുതിനിർണ്ണയം നടത്തിയ ഒരു കെട്ടിടത്തിന്റെ പോലും, നികുതി പരിഷ്കരണത്തിന്റെ ആദ്യപടിയായ, ഫോറം 6 ൽ ഉള്ള വിവരശേഖരണം നടത്തിയിട്ടില്ല. ഈ കെട്ടിടങ്ങളുടെ നിലവിലുള്ള വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുവാനായി ഒരു ഡേറ്റക്ക് 7.5 രൂപ നിരക്കിൽ വിറോബ കമ്പ്യൂട്ടർ സെന്റർ എന്ന സ്ഥാപനത്തെ ഏൽപ്പിച്ചുവെങ്കിലും പ്രവൃത്തി പൂർണ്ണമായിട്ടില്ല. നഗരസഭയിലെ 2007-08 ന് മുൻപുള്ള അസസ്മെന്റ് രജിസ്റ്റർ കാലപ്പഴക്കത്താൽ തീർത്തും ഉപയോഗരഹിതമായിരിക്കുന്ന സാഹചര്യത്തിൽ ഡേറ്റ എൻട്രിയുടെ കൃത്യത പരിശോധിക്കുന്നതും ശ്രമകരമാണ്.

4/6/14, 2/5/16, 21/1/17, 25/1/17 തീയതികളിൽ വിവിധ ഉത്തരവുകൾ വഴി വസ്തുനികുതി പരിഷ്കരണത്തിനായി ജീവനക്കാരെ വിന്യസിച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ ഒരു പുരോഗതിയും ആർജ്ജിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. 25/1/17 ലെ ഉത്തരവ് വഴി സെക്രട്ടറി നമ്പറിംഗ് ജോലികൾക്കായി വസ്തുനികുതി നിർണ്ണയത്തിനായി 16 ജീവനക്കാരെ നിയോഗിച്ച് 45 ദിവസത്തിനകം പ്രസ്തുത ജോലികൾ പൂത്തിയാക്കാൻ നിർദ്ദേശിച്ചെങ്കിലും അതു നടപ്പായിട്ടില്ല. നമ്പറിംഗ്, റിട്ടേൺ സ്വീകരിക്കൽ, ഫോറം 6 – ൽ വിവരശേഖരണം, വസ്തുനികുതി പുനർനിർണ്ണയം, ഇതിന്റെ സഞ്ചയ സോഫ്റ്റ് വെയറിലേക്കുള്ള ഡേറ്റ എൻട്രി, അതിന്റെ ഒത്ത് നോക്കലും മേൽപ്പരിശോധനയും, സഞ്ചയ-സാംഖ്യ സംയോജനം എന്നീ പ്രവൃത്തികൾ എല്ലാം തന്നെ ബാക്കിയാണ്. നടപടികൾ സ്വീകരിക്കുന്നതിന് മൂന്ന് വർഷത്തിലധികം കാലതാമസം നേരിടുന്നത് നിമിത്തം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടായാൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതും ജോലികൾ കൃത്യസമയത്ത് പൂർത്തിയാക്കാതിരുന്നതുമായ ഉദ്യോഗസ്ഥരായിരിക്കും ഉത്തരവാദികൾ.

ആകയാൽ പ്രസ്തുത ജോലികൾ അടിയന്തിരമായി പൂർത്തിയാക്കി വസ്തു നികുതി പരിഷ്കരണം സത്വരം നടപ്പാക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെയും ഭരണവകുപ്പിന്റേയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 കാർഷിക വിപണനമേള – നഗരസഭക്ക് 352510/-രൂപയുടെ നഷ്ടം. ഫയൽ നം.R4-3946/17

നഗരസഭയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും ചേർന്ന് ഒരു കാർഷിക മേള നടത്തുന്നതിന് 31.01.17 ലെ 19-ം നം. കൗൺസിൽ തീരുമാനമെടുത്തിരുന്നു. ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് 10,000 കൃഷിത്തോട്ടങ്ങൾ ആരംഭിക്കുന്നതിനും മേളയുടെ ലാഭവിഹിതത്തിന്റെ 25% നഗരസഭയിൽ ഒടുക്കുമെന്നും തീരുമാനത്തിൽ ചേർത്തിട്ടുണ്ട്. നഗരസഭാ ചെയർമാനായിരുന്നു മേളയുടെ സ്വാഗതസംഘത്തിന്റെ ചെയർമാൻ. എന്നാൽ സ്വാഗതസംഘം കൺവീനർ മേളയുടെ നടത്തിപ്പ് ഒരു സ്വകാര്യ വ്യക്തിയെ ഏൽപ്പിച്ചു എന്നും ഈ വ്യക്തി മേളയുടെ നടത്തിപ്പിനായി നഗരസഭയുമായി യാതൊരു കരാറിലും ഏർപ്പെട്ടില്ല എന്നുമാണ് ഫയലിൽ (സെക്രട്ടറിയുടെ 08.03.17 ലെ R4-3946/17നം.റിപ്പോർട്ട്) രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ മേളനടത്തിപ്പിൽ നഗരസഭയ്ക്ക് യാതൊരു പങ്കും ഉണ്ടായിരുന്നില്ല എന്നും ഈ വിഷയത്തിൽ അനാവശ്യമായി നഗരസഭയുടെ പേര് ഉൾപ്പെടുത്തുകയായിരുന്നു എന്നുമാണ് ഇത് വ്യക്തമാക്കുന്നത്. 25.02.17 മുതൽ 06.03.17 വരെ ഗോകുലം ഗ്രൗണ്ടിലാണ് മേള നടന്നത്.

നഗരസഭയുടെ അനുമതി ഇല്ലാതെയും ഒടുക്കേണ്ടതായ നികുതികൾ, ഫീസുകൾ എന്നിവ ഒടുക്കാതെയുമാണ് മേള നടത്തിയത്. ഗോകുലം ഗ്രൗണ്ടിൽ മേളയ്ക്കായി താത്ക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ചിട്ടുള്ളതായും ജയന്റ് വീൽ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചതായും റവന്യൂ വിഭാഗം 23.02.17 - ൽ റിപ്പോർട്ട് ചെയ്തു. ആവശ്യമായ

രേഖകൾ സമർപ്പിച്ച് നഗരസഭയിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല എന്ന എഞ്ചിനീയറിംഗ്, ഹെൽത്ത്, റവന്യൂ വിഭാഗങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവ ഹാജരാക്കുന്നതിന് കാർഷിക മേളയുടെ കൺവീനർക്ക് 23.02.17 ൽ നോട്ടീസ് നൽകി. (ആർ.4-3946/17 തീയതി 23.02.17) നോട്ടീസ് നൽകിയിട്ടും അപേക്ഷയും അനുബന്ധരേഖകളും ഹാജരാക്കാത്ത വിവരം 25.02.17- ൽ നഗരസഭാ ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തി. രേഖകൾ ഹാജരാക്കുന്നതിനായി 27.02.17 വരെ സമയം അനുവദിക്കുന്നതിനും പ്രദർശനത്തിനായി വിനോദനികുതി ഈടാക്കി 1400 ടിക്കറ്റുകൾ സീൽ ചെയ്തു നൽകുന്നതിനും ചെയർമാൻ നിർദ്ദേശം നൽകി. സീൽ ചെയ്ത ടിക്കറ്റുകളുടെ വിനോദനികുതി ആയി 13440/- രൂപ (1-1000 വരെയുള്ള 40/- രൂപയുടെ ടിക്കറ്റുകളുടെയും 1-400 വരെയുള്ള 20/- രൂപയുടെ ടിക്കറ്റുകളുടെയും 28% തുക) യും രണ്ടു ദിവസത്തെ (25.02.17, 26.02.17) പ്രദർശന നികുതിയായി അടച്ച 100/- രൂപയും ഉൾപ്പെടെ 13540/- രൂപയാണ് മേള നടത്തിപ്പിൽ നഗരസഭയ്ക്ക് ലഭിച്ച വരുമാനം. ചെയർമാൻ നിർദ്ദേശിച്ചത് പ്രകാരം അനുവദിച്ചു നൽകിയ അധിക സമയത്തിനുള്ളിലും സംഘാടകർ ആവശ്യമായ രേഖകൾ സമർപ്പിച്ചില്ല. വിനോദനികുതി വെട്ടിപ്പ് തടയുന്നതിനായി സെക്രട്ടറിയുടെ ഉത്തരവ് (R4-3946/17 തീയതി 25.02.17) പ്രകാരം ഒരു ചെക്കിംഗ് സ്ക്വാഡിനെയും നിയമിച്ചിരുന്നു. സ്ക്വാഡിന്റെ നിയന്ത്രണത്തിനതീതമാണ് കാര്യങ്ങൾ എന്ന് ഈ ജീവനക്കാർ 27.02.17 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാർഷിക മേളയുടെ സ്റ്റാളുകൾ പരിശോധിച്ചതിൽ അഗ്നിസുരക്ഷാമാനദണ്ഡങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ല എന്നും സുരക്ഷാമാനദണ്ഡങ്ങൾ സ്വീകരിച്ച ശേഷമേ സന്ദർശകരെ പ്രവേശിപ്പിക്കാവൂ എന്നും 26.02.17- ൽ (സി-70/2017നം.കത്ത്) കായംകുളം അഗ്നിരക്ഷാനിലയം സ്റ്റേഷൻ ഓഫീസറും നഗരസഭാസെക്രട്ടറിയെ രേഖാമൂലം അറിയിച്ചു. സുരക്ഷാമാനദണ്ഡങ്ങളുടെയും, മേള നടത്തിപ്പിന് നഗരസഭയിൽ നിന്നും അവശ്യം വേണ്ടിയിരുന്ന പെർമിറ്റ്, നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയുടെയും അഭാവം ശ്രദ്ധയിൽപ്പെട്ടെങ്കിലും കാർഷിക മേളയുടെ പ്രവർത്തനം താത്കാലികമായി നിർത്തിവെക്കുന്നതിന് 28.02.17 - ൽ സ്റ്റോപ്പ് മെമ്മോ നൽകിയതല്ലാതെ പ്രായോഗികതലത്തിൽ നടപടികളുണ്ടായില്ല. മേള നടത്തുന്നതിന് നഗരസഭയുടെ മൗനാനുവാദം ഉണ്ടായിരുന്നു എന്നതാണ് ഇത് വ്യക്തമാക്കുന്നത്.

കാർഷികമേളയുടെ കൺവീനർ 04.03.17 ൽ ഫയർ & റസ്ക്യൂ സർവ്വീസിന്റെ നിരാക്ഷേപ സാക്ഷ്യപത്രം. അമ്യൂസ്മെന്റ് പാർക്കിലെ ഉപകരണങ്ങളുടെ പ്രവർത്തനത്തിനായുള്ള (ജയന്റ് വീൽ ഒഴികെ) പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിഭാഗത്തിന്റെ സാങ്കേതിക അനുമതി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി പത്രം എന്നിവ ഹാജരാക്കിയിട്ടുണ്ടെങ്കിലും തുകയൊന്നും ഒടുക്കിയില്ല. നഗരസഭ തങ്ങളുടെ ഓഫീസ് നോട്ടുകളും കത്തിടപാടുകളും തുടരവേ സംഘാടകർ മേള വിജയകരമായി പൂർത്തിയാക്കി സ്ഥാപിച്ച റൈഡുകൾ ഉൾപ്പെടെയുള്ള എല്ലാ ഇനങ്ങളും സുരക്ഷിതമായി നീക്കം ചെയ്തു.

മേള അവസാനിച്ചതിനു ശേഷവും തുക ഈടാക്കുന്നതിനുള്ള നടപടികൾ (തുക ഈടാക്കുന്നതിനുള്ള നിയമോപദേശം തേടൽ) ഫയലിൽ തുടരുന്നുണ്ട്. സംഘാടകർ നഗരസഭയിൽ ഒടുക്കേണ്ടിയിരുന്ന തുക വിവിധ സെക്ഷനുകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്.

## I.എഞ്ചിനീയറിംഗ് വിഭാഗം

താത്കാലിക ഷെഡ്ഡുകളുടെ വിസ്തീർണ്ണം. -3382$m^2$.

പെർമിറ്റ് ഫീസ് -3382x10 =33820/-

റഗുലറൈസേഷൻ ഫീസ്. -33820x2= 67640/-

ആകെ. -1,01,460/-

## II.റവന്യൂ വിഭാഗം

ഫെസ്റ്റ് നടന്ന സമയത്ത് റവന്യൂ ഇൻസ്പെക്ടറുടെ ചുമതല ഉണ്ടായിരുന്ന ശ്രീ.സുനുവിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് റവന്യൂ വിഭാഗം തുക നിശ്ചയിച്ചിട്ടുള്ളത്.

എ)ഷോ നടന്ന ദിവസങ്ങൾ - 10 ദിവസം.(25.02.17 മുതൽ 06.03.17 വരെ.)

പ്രദർശനനികുതി അടച്ചത് - 2 ദിവസം.(100/-രൂപ)

ബാക്കി അടക്കാനുള്ളത്. -400/- (8x50)

ബി)പ്രതിദിനം ഏകദേശം 2500/- പേർ മേള സന്ദർശിച്ചു എന്നും ഇവരിൽ 2400 പേർ 40/- രൂപ ടിക്കറ്റിലും 100പേർ 20/- രൂപ ടിക്കറ്റിലും പ്രവേശിച്ചാൽ വിനോദനികുതി.

| | |
|---|---|
| സീൽചെയ്തു നൽകിയ 40/-രൂപ ടിക്കറ്റുകൾ | 1000 |
| ബാക്കി | 23000/- (24000-1000) |
| വിനോദനികുതി | 23000x40x28% = 257600/- |
| സീൽചെയ്തു നൽകിയ 20/-രൂപ ടിക്കറ്റുകൾ . | 400 |
| ബാക്കി | 600/- (1000-400) |
| വിനോദനികുതി | 600x20x28% = 3360/- |
| ആകെ | 260960/- |

### III.ഹെൽത്ത് വിഭാഗം

1. പി.പി.ആർ ലൈസൻസ് ഫീസ് -7000/-

2. ഡി&ഒ ലൈസൻസ് ഫീസ് -3000/-

3. ലേറ്റ് ഫീസ് (50%) -1500/-

4. കോമ്പൌണ്ടിംഗ് ഫീസ് -10/-

5. ഫൈൻ -2,000/-

ആകെ. -13510/-

കൂടാതെ കേരള മുനിസിപ്പാലിറ്റി ആക്ട് (കുറ്റങ്ങൾ രാജിയാക്കൽ) 447 ഉപവകുപ്പ് (1)പ്രകാരം 10,000/- രൂപ ഫൈനും നിശ്ചയിച്ചിട്ടുണ്ട്. ഇതുൾപ്പെടെ നഗരസഭയ്ക്ക് ലഭിക്കേണ്ട ആകെ തുക 386330/- രൂപയാണ് (101460 + 400 + 260960 + 13510 + 10000)

നഷ്ടം കണക്കാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും തുക ഈടാക്കുന്നതിന് സംഘാടകർക്ക് നോട്ടീസ് നൽകുന്നതിന് 09.03.17 - ൽ കമ്മിറ്റി തീരുമാനിച്ചിട്ടുമുണ്ട്. അനുമതി ഇല്ലാതെയും നഗരസഭയിൽ ഒടുക്കേണ്ടതായ നികുതികൾ, ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഒടുക്കാതെയും പൊതുജനസുരക്ഷ ഉറപ്പാക്കാതെയും നഗരസഭാ കാര്യാലയത്തിന് സമീപം സ്വകാര്യവ്യക്തിക്ക് പത്തുദിവസം വിജയകരമായി ഒരു മേള നടത്താൻ കഴിഞ്ഞത് ഭരണസംവിധാനത്തിന്റെ വീഴ്ചയാണ്. അനുമതി ഇല്ലാതെ ആരംഭിച്ച മേള നിർത്തിവെക്കുന്നതിനോ കുറഞ്ഞപക്ഷം സ്ഥാപിച്ച വിനോദോപാധികൾ നീക്കം ചെയ്യുന്നതിന് തടസ്സം സൃഷ്ടിക്കാനോ കഴിയാത്ത നഗരസഭയ്ക്ക് മേള പൂർത്തിയായി മാസങ്ങൾക്കു ശേഷം തുക ഈടാക്കാൻ കഴിയും എന്നു വിശ്വസിക്കാനാവില്ല. മേള കഴിഞ്ഞ് ആറുമാസം ആയിട്ടും നഗരസഭ തന്നെ തിട്ടപ്പെടുത്തിയിരിക്കുന്ന തുകക്കായി ഒരു ഡിമാന്റ് നോട്ടീസ് പോലും നൽകിയില്ല. വിവിധ ഇനങ്ങളിൽ ലഭിക്കേണ്ടതായി തിട്ടപ്പെടുത്തിയിരിക്കുന്ന തുക (386330/-) ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ, നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നു. (അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.43/28.09.17 ന് മറുപടി നൽകിയില്ല.)

## 2-3 അനധികൃതനിർമ്മാണങ്ങൾ അനേകം - നടപടികൾ വിരളം

നഗരസഭാ പരിധിയിൽ നിരവധി അനധികൃതനിർമ്മാണങ്ങൾ ഉള്ളതായി നമ്പറിംഗ് സംബന്ധിച്ച് ആഡിറ്റ് അന്വേഷണം. 4-ന് സ്ഥാപനം ഹാജരാക്കിയ മറുപടിയിൽ നിന്ന് വ്യക്തമാകുന്നു. നമ്പറിംഗ് പൂർത്തിയായ 6 വാർഡുകളിൽ 2887അംഗീകൃത കെട്ടിടങ്ങൾക്കും 289 അനധികൃത കെട്ടിടങ്ങൾക്കും നമ്പർ നൽകിയിട്ടുണ്ട്. അതായത് അംഗീകൃത കെട്ടിടങ്ങളുടെ പത്ത് ശതമാനം അനധികൃത കെട്ടിടങ്ങളും ഓരോ വാർഡിലുമുണ്ട്. ഇവക്കെതിരെ ഫലപ്രദമായ ഒരു നടപടിയും നഗരസഭ കൈക്കൊണ്ടതായിക്കാണുന്നില്ല. അനധികൃത കെട്ടിങ്ങൾക്ക് യഥാകാലം യു.എ നമ്പർ നൽകി കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 242(1) വ്യവസ്ഥ ചെയ്യും പ്രകാരമുള്ള വസ്തുനികുതി, അതായത് അംഗീകൃത കെട്ടിടത്തിന് ബാധകമായതിന്റെ മൂന്നിരട്ടി,

ഈടാക്കാനാവശ്യമായ നടപടികൾ വളരെ അപൂർവ്വമായി മാത്രമേ സ്വീകരിക്കുന്നുള്ളൂ. അനേകവർഷങ്ങളായിട്ടും നിർമ്മാണം റഗുലറൈസ് ചെയ്യാൻ കഴിയാത്ത കെട്ടിടങ്ങൾ പൊളിച്ച് നീക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാനും നഗരസഭയ്ക്ക് കഴിയുന്നില്ല. അനധികൃതനിർമ്മാണം റഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ, അനുബന്ധം 'ജെ' മാതൃകയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണം ക്രമവത്കരിക്കുമ്പോൾ അനുബന്ധം 'ഐ' മാതൃകയിൽ ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കേണ്ടതുണ്ട്. എന്നാൽ സെക്രട്ടറി കാണാതെയും പ്രസ്തുത ഉത്തരവ് പുപ്പെടുവിക്കാതെയും മുനിസിപ്പൽ എഞ്ചിനീയർ തന്നെ അനധികൃത നിർമ്മാണം ക്രമീകരിച്ച നൽകുകയാണ് ചെയ്യുന്നത്. ഇത് അധികാരദുർവിനിയോഗവും ചട്ടവിരുദ്ധവും ആണ്. ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ നഗരസഭാ കൗൺസിലിന്റെ ഭാഗത്ത് നിന്ന് സത്വര നടപടിക്ക് ശുപാർശ ചെയ്യുന്നു. ഇതുമൂലം അനധികൃത നിർമ്മാണം നിലനിന്ന കാലയളവ്, വിസ്തീർണ്ണം എന്നിവയെ കുറിച്ച് സെക്രട്ടറിക്ക് വ്യക്തമായ ധാരണ ഇല്ലാതെ വരികയും അത് ഈ കാലയളവിലെ വസ്തുനികുതി നിർണ്ണയം അസാദ്ധ്യമാക്കുകയും ചെയ്യുന്നു.

വ്യാപകമായി അനധികൃത നിർമ്മാണങ്ങൾക്ക് ക്രമവിരുദ്ധമാർഗ്ഗത്തിൽ നമ്പർ നൽകിയതായി കണ്ടെത്തിയതിനാൽ 20.6.2014 - ൽ നഗരസഭാ കൗൺസിൽ അതുവരെ നടത്തിയ നമ്പറിംഗ് പൂർണ്ണമായി റദ്ദ് ചെയ്യാൻ തീരുമാനിച്ചിരുന്നു. ഇതിൽ നിന്ന് തന്നെ അനധികൃതനിർമ്മാണങ്ങളോട് നഗരസഭ പുലർത്തുന്ന സമീപനം വ്യക്തമാകുന്നു. എൻജിനീയറിംഗ് വിഭാഗം കണ്ടെത്തുന്ന അനധികൃത നിർമ്മാണം സംബന്ധിച്ച വിവരം റവന്യൂ വിഭാഗത്തിന് കൈമാറാൻ ശ്രമിക്കാത്തതും വസ്തുനികുതി ഈടാക്കുന്നതിനെ ബാധിക്കുന്നു.

നഗരസഭയിലെ എൻജിനീയറിംഗ്, റവന്യൂ, ആരോഗ്യ വിഭാഗങ്ങളുടെ ഏകോപിച്ച പ്രവർത്തനം വഴി മുഴുവൻ അനധികൃത നിർമ്മാണവും കണ്ടെത്തി ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതും അവ പൊളിച്ച് നീക്കുകയോ ക്രമീകരിക്കുകയോ ചെയ്യുന്ന തീയതി വരെ വകുപ്പ് 242 (1) പ്രകാരം ബാധകമായ വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

## 2-4 അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിൽ വീഴ്ച – വൻവരുമാന നഷ്ടം

കായംകുളം നഗരസഭയിൽ അനേകം വലിയ അനധികൃത നിർമ്മാണങ്ങൾ ഉണ്ടെങ്കിലും അവ കണ്ടെത്തുന്നതിലും നടപടി സ്വീകരിക്കുന്നതിലും ഗുരുതര വീഴ്ച സംഭവിക്കുന്നു. കെട്ടിട നിർമ്മാണസാമഗ്രികൾ വിൽക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ അവയുടെ ഗോഡൗൺ, ഷോറൂം മുതലായ ഇനങ്ങളിൽ വൻതോതിൽ അനധികൃതനിർമ്മാണങ്ങൾ ഉള്ളതായി കാണുന്നു. ഇതേക്കുറിച്ച് പരിശോധിച്ചതിൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. ഇവ അനധികൃത നിർമ്മാണമെന്ന നിലയിൽ അസ്സസ് ചെയ്ത് നികുതി ഈടാക്കാതിരുന്നത് നിമിത്തം [വകുപ്പ് 242(1) പ്രകാരം] വൻവരുമാന നഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടായിട്ടുള്ളത്.

### എ) റ്റി.റ്റി.ഏജൻസീസ് - അനധികൃനിർമ്മാണം

കായംകുളം വില്ലേജിൽ റിസർവ്വേ നമ്പർ 24/73/2-2, 73/3-2, 60/2-2 എന്നിവയിൽപെട്ട 6.22 ആർ വസ്തുവിൽ റ്റി.റ്റി.ഏജൻസീസ് എന്ന വ്യാപാരസ്ഥാപനം പ്രവർത്തിക്കുന്നു. വാർഡ് 4(പഴയത്) ൽ 314A, 314B, 341A എന്നീ കെട്ടിടങ്ങളിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നതായാണ് അസസ്സ്മെന്റ് രജിസ്റ്ററിൽ കാണുന്നത്. ഇത് പ്രകാരം 94.07 ച.മീലാണ് കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം (314A-38 ച.മീ, 314B-45-36ച.മീ, 341A-10.71ച.മീ) നേരിട്ട് പരിശോധിച്ചതിൽ ദേശീയ പാതയുടെ പടിഞ്ഞാറ് വശം 563.75 ച.മീ തറവിസ്തീർണ്ണമുള്ള ഒരു ഷോറൂമും അതിന് പിറകിൽ നടവഴിക്കും പിന്നിലായി 118.65 ച.മീ തറവിസ്തീർണ്ണമുള്ള മറ്റൊരു ഷോറൂമും പ്രവർത്തിക്കുന്നതായി കാണുന്നു. ഇത് പ്രകാരം ആകെ 682.40 ച.മീ വിസ്തീർണ്ണമുള്ളതാണ് ഷോറൂം. നിലവിൽ നികുതി നൽകി വരുന്ന 94.07 ച.മീ കഴിച്ചാൽ ബാക്കി 588.33 ച.മീ അനധികൃതനിർമ്മാണമാണ്. ഇതിൻമേൽ യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല.

അനധികൃതനിർമ്മാണമെന്ന നിലയിൽ വകുപ്പ് 242(1) പ്രകാരം ഇതിന് ബാധകമായ നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വിസ്തീർണ്ണം | 682.40 ച.മീ |
| അംഗീകൃത നിർമ്മാണം | 94.07 ച.മീ |

| | |
|---|---|
| അനധികൃനിർമ്മാണം | 588.33 ച.മീ |
| ച.മീ. ന് 80/-രൂപ നിരക്കിൽ ബാധകമായ നികുതി | 47066/- |
| 5 മീറ്ററിൽ അധിക വീതിയുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് | 9413/-രൂപ |
| ആകെ വസ്തുനികുതി | 56479/- |
| അനധികൃതനിർമ്മാണത്തിന് ബാധകമായ മൂന്നിരട്ടി നികുതി | 169437/- |
| അംഗീകൃത നിർമ്മാണം 94.07m$^2$ ന് ഈടാക്കിയ നികുതി<br>(341A – 710/- രൂപ, 314 A – 2740/- രൂപ, 314B – 2994/-രൂപ | 6444/- |
| 94.07m$^2$ ന് 80/- രൂപ നിരക്കിൽ ബാധകമായ നികുതി | 7526 |
| 5 മീറ്ററിൽ അധികമായ റോഡ് സാമീപ്യം 20% വർദ്ധനവ് | 1505 |
| ആകെ ബാധകമായ വസ്തുനികുതി | 9031/- |
| നികുതിയിൽ കുറവ് 9031 – 6444 = 2587/- | |
| ഒരു വർഷം ആകെ നഷ്ടം 169437+2587 = 172024/-<br>സേവന ഉപനികുതിയിനത്തിലെ നഷ്ടം = 17202/-<br>ആകെ = 189226/- | |

## ബി) എച്ച്.എച്ച്.വൈ.എസ്.ഗോഡൗൺ ഷോറൂം - നിർമ്മാണം അനധികൃതം

കായംകുളം നഗരസഭാ വാർഡ് 17 (പഴയ വാർഡ് 15) – ൽ പുതിയ കെട്ടിട നമ്പർ.4 (പഴയത് 15/4) 61 രൂപ നികുതി അടച്ചിരുന്ന മദനസത്തുൽ ഹിദുമത്തുൽ ഹസാനിയ (മുട്ടത്തിപ്പറമ്പ്) വീട്ടിൽ ശ്രീ.അബ്ദുൾ സത്താർ സേഠ് വക കെട്ടിടം പൊളിച്ച് മാറ്റി അതേ സ്ഥാനത്ത് വൻതോതിൽ പുറത്തേക്ക് നീട്ടി 1066.4 ച.മീ.വിസ്തീർണ്ണത്തിൽ പെർമിറ്റില്ലാതെ അനധികൃതനിർമ്മാണം നടത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ മുൻകെട്ടിടത്തിന്റെ നമ്പർ പുതിയ കെട്ടിടത്തിന് നൽകിയിരുന്നു. പ്രസ്തുത വസ്തുവിൽ പടിഞ്ഞാറ് ഭാഗത്ത് 1641.1 ച.മീറ്ററും അതിന് കിഴക്കായി 434.8 ച.മീറ്ററും അതിന് കിഴക്ക്, വടക്ക് കിഴക്ക് ഭാഗത്തായി 575.65 ച.മീറ്ററും അതിന് വടക്ക് പടിഞ്ഞാറായി 87 ച.മീറ്ററും ഉൾപ്പടെ ആകെ 2738.55 ച.മീ. അനധികൃതനിർമ്മാണം നടന്നിട്ടുള്ളതായി നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യമാകുന്നു. ഈ വസ്തുവിന് വടക്ക് - പടിഞ്ഞാറ് റോഡിന് എതിർവശം ഇതേ ഉടമസ്ഥതയിൽ ഉള്ള XVI/UA/ 409D1, D2 എന്നീ കെട്ടിടങ്ങൾക്ക് യു.എ.നമ്പർ നൽകി നികുതി നിർണ്ണയം നടത്തിയിട്ടും ഈ അനധികൃതനിർമ്മാണം ശ്രദ്ധയിൽപ്പെടാതിരുന്നത് ദുരൂഹമാണ്.

വരുമാനനഷ്ടത്തിന്റെ വിവരണം

| | |
|---|---|
| അനധികൃതനിർമ്മാണം | 2738.55 |
| ബാധകമായ നികുതി @80/m$^2$ | 219084 |
| 5 മീറ്ററിൽ അധികം വീതിയുള്ള റോഡിന്റെ സാമീപ്യം - 20% വർദ്ധനവ് | 43817 |
| ആകെ വസ്തുനികുതി | 262901 |
| വകുപ്പ് 242(1) പ്രകാരം അനധികൃതനിർമ്മാണത്തിന് ബാധകമായ 3 ഇരട്ടി വസ്തുനികുതി | 788703 |
| സേവന ഉപനികുതി (10%) | 78870 |
| ഈടാക്കിയ വസ്തുനികുതി | 62 |
| ഈടാക്കിയ സേവന ഉപനികുതി | 6 |
| നഷ്ടം (വസ്തുനികുതി) | 788641 |

| | |
|---|---|
| നഷ്ടം സേവന ഉപനികുതി | 43811 |
| ആകെ നഷ്ടം | 832452/- |

അനധികൃത കെട്ടിടമായിട്ടും അത് പരിഗണിക്കാതെ 17/4 എന്ന അംഗീകൃത കെട്ടിടത്തിന്റെ നമ്പർ തെറ്റായി നൽകുക വഴി വൻനികുതി നഷ്ടത്തിന് വഴി തുറക്കുകയാണ് ഉണ്ടായത്. ഇതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് സെക്രട്ടറി വിശദീകരണം ലഭ്യമാകേണ്ടതാണ്.

സി) കായംകുളം മാർക്കറ്റിൽ ഇ.എസ്.കെ എന്ന വ്യാപാര സ്ഥാപനം നടത്തുന്ന പൂക്കുഞ്ഞ്, കോട്ടക്കുഴിയിൽ സസ്യമാർക്കറ്റിന്റെ വടക്ക് ഭാഗത്ത് കെട്ടിട നമ്പർ 9/248 ന് കിഴക്ക് ഭാഗം നിലവിലുള്ള കടമുറിയ്ക്ക് (6.1 മീറ്റർ നീളം 3.1 മീറ്റർ വീതി) മുന്നിലേക്ക് 1.6 മീറ്റർ വീതിയിൽ അനധികൃതനിർമ്മാണം നടത്തുകയും കെട്ടിടത്തിന് മുകളിൽ മുന്നിലേക്ക് 1.1 മീറ്റർ കൂടി തള്ളി അതായത് 7.2 മീറ്റർ നീളത്തിലും 4.7 മീറ്റർ വീതിയിലും ഒന്നാം നില നിർമ്മിക്കുകയും ചെയ്തിരിക്കുന്നു. റോഡിൽ നിന്ന് ഒരു മീറ്റർ പോലും അകലം പാലിക്കാതെയും 65% കവറേജ് ന് അധികമായും നടത്തിയ ഈ നിർമ്മാണം അനധികൃതമാണ്. കെട്ടിടം മുഴുവനായും അനധികൃതനിർമ്മാണമായ സാഹചര്യത്തിൽ താഴെപ്പറയും പ്രകാരം നികുതി ഈടാക്കേണ്ടതാണ്.

Ground Floor – 6.1x4.7 = 28.67ച.മീ

I Floor - 7.2x4.7 = 33.84 ച.മീ

ആകെ = 62.51

62.51 ച.മീറ്ററിന് @ 60/ച.മീ ഈടാക്കേണ്ട വസ്തുനികുതി - 3751/-

20% വർദ്ധനവ് (റോഡ്) - 750/-

4501/-

അനധികൃതനിർമ്മാണത്തിന് ബാധകമായത് = 4501x3 = 13503

സേവനഉപനികുതി നഷ്ടം = 1350

ആകെ = 14853/-

അനധികൃതനിർമ്മാണം നിലനിന്ന കാലഘട്ടത്തിലെ നികുതി ഈടാക്കുന്നതിനൊപ്പം റഗുലറൈസ് ചെയ്യാൻ കഴിയാത്ത നിർമ്മാണം കേരള മുനിസിപ്പാലിറ്റി സെക്ഷൻ 406 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 അനധികൃത നിർമ്മാണ നടപടികളില്ല – നഗരസഭയ്ക്ക് ലക്ഷങ്ങൾ നഷ്ടം

നഗരസഭാ 36-ാം വാർഡിൽ സർവ്വേ നമ്പർ 224/34-ൽ 3.79 ആർ (379 ച.മീ) സ്ഥലത്ത് ശ്രീ.അബ്ദുൽറഹ്മാൻകുഞ്ഞ്, സുമയ്യാ മൻസിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള സുമയ്യാസ് ടെക്സ്റ്റയിൽസ് എന്ന സ്ഥാപനത്തിന്റെ മൂന്ന് നിലകൾക്ക് അതായത് ഗ്രൗണ്ട്, ഫസ്റ്റ്, സെക്കന്റ് ഫ്ലോറുകളിലായി 597.96 ച.മീ കെട്ടിട നിർമ്മാണത്തിന് 126, 126A, 126B, 126 C എന്നിങ്ങനെ നമ്പർ നൽകി റസിഡൻഷ്യൽ &കൊമേഴ്സ്യൽ എന്ന ഗണത്തിൽ BA 11/07-08നമ്പരായി 11.07.2008 തീയതിയിൽ ഒക്കുപ്പൻസി നൽകിയിട്ടുണ്ട്. നഗരസഭാ അധികൃതർക്കൊപ്പം നേരിൽ പരിശോധിച്ചതിൽ അംഗീകൃത പ്ലാനിൽ നിന്നും വ്യത്യസ്തമായി നിർമ്മാണം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു വിശദാംശം ചുവടെ കൊടുക്കുന്നു.

ക)11.07.2008 തീയതിയിലെ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് പ്രകാരം

ഗ്രൗണ്ട് ഫ്ലോർ - 172.92ച.മീ

ഫസ്റ്റ് ഫ്ലോർ - 212.52 ച.മീ

സെക്കന്റ് ഫ്ലോർ - 212.52 ച.മീ

ആകെ - 597.96

ഖ)നിലവിലുള്ള നിർമ്മിതി

ഗ്രൗണ്ട് ഫ്ലോർ - 290.8 ച.മീ

ഫസ്റ്റ് ഫ്ലോർ - 310.6 ച.മീ

സെക്കന്റ് ഫ്ലോർ - 310.6 ച.മീ

തേഡ് ഫ്ലോർ - 244.6 ച.മീ

ആകെ - 1156.6 ച.മീ

ഗ) അനധികൃത നിർമ്മാണം

ഗ്രൗണ്ട് ഫ്ലോർ - 117.88ച.മീ

ഫസ്റ്റ് ഫ്ലോർ - 98.08 ച.മീ

സെക്കന്റ് ഫ്ലോർ - 98.08 ച.മീ

തേഡ് ഫ്ലോർ - 244.6 ച.മീ

പെർമിറ്റിലധികമായി ആകെ (അനധികൃത )നിർമ്മാണം - 558.64 ച.മീ

ഘ) ഫ്ലോർ ഏരിയ

ആകെ ഫ്ലോർ ഏരിയ - 1102.3 ച.മീ

എഫ്.എ.ആർ (1102.3/379) - 2.91ച.മീ

അനുവദനീയമായ എഫ്.എ.ആർ - 2.5ച.മീ

അനുവദനീയമായ പരമാവധി ഫ്ലോർ ഏരിയ379X2.5= 947.5 ച.മീ

FAR ൽ അധിക നിർമ്മാണം - 154.8 ച.മീ

ങ) അനുവദനീയമായ കവറേജ് 65 % (379x65/100 = 246.35 ച.മീ)

നിലവിലെ കവറേജ് - 81.95% (310.6 x 100/379)

കവറേജിൽ അധിക നിർമ്മാണം

ഗ്രൗണ്ട് ഫ്ലോർ - 44.45ച.മീ

ഫസ്റ്റ് & സെക്കന്റ് ഫ്ലോർ - 128.5 ച.മീ

ആകെ - 172.95 ച.മീ

വസ്ത്രശാലയ്ക്ക് പാർക്കിംഗ് സൗകര്യം ഇല്ലാത്തതിനാൽ പുതിയതായി പാർക്കിംഗിനായി ഏർപ്പെടുത്തിയിരിക്കുന്ന ഭൂമി റോഡിന് എതിർവശമാകയാൽ എഫ്.എ.ആർ, കവറേജ് എന്നിവയ്ക്ക് പരിഗണിക്കാവുന്നതല്ല.

ഒക്കുപ്പൻസി, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം മൂന്നാം നില റസിഡൻഷ്യൽ ഏരിയ ആണ്. എന്നാൽ നിലവിൽ ഇതും ഗ്രൗണ്ട് & ഫസ്റ്റ് ഫ്ലോറുകളെ പോലെ വസ്ത്രശാലയുടെ കടമുറിയായി ഉപയോഗിക്കുന്നു. ഉപയോഗ ക്രമത്തിലെ മാറ്റത്തിന് അനുസരിച്ച് നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

ച) ആകെ അനധികൃത നിർമ്മാണം =558.64

വാണിജ്യാവശ്യത്തിനുള്ള 100 ച.മീ കൂടുതലുള്ള അനധികൃത നിർമ്മാണത്തിന് ച.മീറ്ററിന് 80/- രൂപ നിരക്കിൽ ഈടാക്കേണ്ട വസ്തുനികുതി (80x558.64+20% അധിക റോഡിന്റെ അടിസ്ഥാനത്തിൽ = 53629/-രൂപയാണ്) (കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 242(1) പ്രകാരം അനധികൃതനിർമ്മാണത്തിന് ബാധകമായ നികുതി 1,60,887/- രൂപ (53629 x 3) ആണ്. ഇത് കൂടാതെ സേവന ഉപനികുതിയിനത്തിൽ 16089/- രൂപയുടെ (10%)

നഷ്ടവും ഉണ്ടായിട്ടുണ്ട്. ആകെ നഷ്ടം 1,76,976/- രൂപ. അനധികൃതനിർമ്മാണം നടന്ന തീയതി കണക്കാക്കി അന്ന് മുതൽ മേൽപ്പറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. റഗുലറൈസ് ചെയ്യാൻ കഴിയാത്ത അനധികൃതനിർമ്മാണം പൊളിച്ചു കളയുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. തുക പ്രസ്തുത സ്ഥാപന ഉടമയിൽ നിന്ന് ഈടാക്കാൻ കഴിയാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃത നികുതിയീടാക്കിയില്ല – നഗരസഭയ്ക്ക് 28.44ലക്ഷം രൂപയുടെ നഷ്ടം

നഗരസഭാപരിധിയിൽ എൻജിനീയറിംഗ് വിഭാഗം കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾക്ക് പോലും യഥാകാലം യു.എ നമ്പർ നൽകി കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 242(1) വ്യവസ്ഥ ചെയ്യും പ്രകാരമുള്ള നികുതി ഈടാക്കിയിട്ടില്ല. അംഗീകൃത കെട്ടിടങ്ങൾക്ക് ബാധകമായ നികുതിയുടെ മൂന്ന് ഇരട്ടിയാണ് അനധികൃത കെട്ടിടങ്ങൾക്ക് ബാധകമായത് എന്നിരിക്കെ ഇത് ഈടാക്കാത്തത് നിമിത്തം വൻ വരുമാനനഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടാകുന്നത്. എൻജിനീയറിംഗ് വിഭാഗം കണ്ടെത്തുന്ന അനധികൃത നിർമ്മാണം സംബന്ധിച്ച വിവരം റവന്യൂ വിഭാഗത്തിന് കൈമാറുന്നതിൽ വരുന്ന കാലതാമസവും വീഴ്ചയുമാണ് ഇത്തരത്തിൽ നികുതി ചുമത്തൽ വൈകാൻ പ്രധാന കാരണം. വിവിധ സെക്ഷനുകളുടെ പരസ്പര സഹകരണം ഉറപ്പാക്കാൻ സെക്രട്ടറി അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്. അനധികൃത കെട്ടിടങ്ങൾക്ക് നികുതി ചുമത്താതിരുന്നത് നിമിത്തം നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) വാർഡ് 36 ൽ സർവ്വേ നം.223/22 - ൽ പെട്ട 140 ച.മീ വസ്തുവിൽ സ്ഥിതിചെയ്യുന്ന നാസറുദ്ദീൻ, അബ്ദുൾ ലത്തീഫ് എന്നിവരുടെ പേരിലുള്ള 'പട്ടുറുമാൽ' എന്ന വസ്ത്രവ്യാപാര സ്ഥാപനത്തിന്റെ നാലാം നില (തേഡ് ഫ്ലോർ) ടിൻ ഷീറ്റ് കൊണ്ട് മേൽക്കൂര നിർമ്മിച്ച് വശങ്ങൾ മറച്ച് ഗോഡൗൺ ആയി ഉപയോഗിച്ച് വരുന്നു. ഈ സ്ഥാപനത്തിന്റെ മൂന്നാം നിലവരെയുള്ള നിർമ്മാണങ്ങൾക്ക് മാത്രമാണ് നഗരസഭയുടെ അംഗീകാരമുള്ളത്. 92.97 ച.മീ വിസ്തീർണ്ണമുള്ളതാണ് ഈ അനധികൃത നിർമ്മാണം. ഇത് സംബന്ധിച്ച് 10/9/14 - ൽ ഓവർസിയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ രണ്ട്, മൂന്ന് നിലകൾക്കും 92.97 ച.മീ വിസ്തീർണ്ണമാണ് ഉള്ളത്. ഒന്നാംനിലക്ക് (GF) 83.14 ച.മീ വിസ്തീർണ്ണം മാത്രമേ ഉള്ളൂ എങ്കിലും മേൽ നിലകളേക്കാൾ അധികമായി പിൻഭാഗത്ത് വലത് മാറി 1.41 ച.മീ ഇറക്ക് ഉണ്ട്. ഇത് കൂടി കണക്കാക്കുമ്പോൾ ആകെ കവറേജ് 94.38 ച.മീ അതായത് 67.41 ശതമാനമാണ്. വാണിജ്യ കെട്ടിടങ്ങൾക്ക് നഗരസഭയിൽ അനുവദനീയമായ പരമാവധി കവറേജ് 65 ശതമാനമാണെന്നിരിക്കെ അനധികൃത നിർമ്മാണം പൊളിച്ച് നീക്കാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ അനധികൃതമായി നിർമ്മിച്ച 92.97 ച.മീ കെട്ടിടത്തിന് അനധികൃതനിർമ്മാണം എന്ന നിലയിൽ താഴെ കാണിക്കും പ്രകാരം വാർഷിക വസ്തുനികുതി ഈടാക്കേണ്ടതായിരുന്നെങ്കിലും അതുണ്ടായില്ല. 2014-15മുതൽ ഇതേപ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്. ഫയൽ നമ്പർ 1788/14.

| | |
|---|---|
| വിസ്തീർണ്ണം | 92.97ച.മീ |
| വസ്തുനികുതി നിരക്ക് | 80രൂപ/ച.മീ |
| വസ്തുനികുതി | 92.97x80=7438രൂപ |
| സമീപ റോഡിനെ അടിസ്ഥാനമാക്കി വർദ്ധനവ് | 20 % = 1488 |
| ആകെ വസ്തുനികുതി | 8926/- രൂപ |
| അനധികൃതനിർമ്മാണമാകയാൽ ബാധകമായ വസ്തുനികുതി | 3x8926=26778 |
| സേവന ഉപനികുതി | 10% = 2678/- രൂപ |
| ലൈബ്രറി സെസ് | 5%= 1339രൂപ |
| 2014-15മുതൽ 2016-17 വരെ ആകെ വസ്തു നികുതി നഷ്ടം | 3x26778 = 80334 |
| സേവന ഉപനികുതി നഷ്ടം | 8034 |

ബി)വാർഡ് 23 - ൽ 400A എന്ന കെട്ടിടത്തോട് ചേർന്ന് കദീശ ചർച്ച് വക 1141.67 ച.മ1 വിസ്തീർണ്ണമുള്ള

ആഡിറ്റോറിയം നഗരസഭയുടെ അംഗീകാരമില്ലാതെ നിർമ്മിച്ചതായും ആയത് നിർമ്മാണത്തിന് പത്ത് വർഷത്തോളം പഴക്കമുള്ളതായും ഓവർസിയർ ശ്രീമതി.ചന്ദ്രിക.എസ് 15/6/16 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് വരെയും യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കാനായിട്ടില്ല. ഒരു വർഷത്തെ വസ്തുനികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വിസ്തീർണ്ണം | 1141.67 ച.മീ |
| വസ്തുനികുതി നിരക്ക് | 50 രൂപ /ച.മീ |
| വസ്തുനികുതി | 1141.67x50 = 57084 രൂപ |
| സമീപ റോഡിനെ അടിസ്ഥാനമാക്കി വർദ്ധനവ് | 20 % = 11417രൂപ |
| ആകെ വസ്തുനികുതി | 68501 രൂപ |
| അനധികൃതനിർമ്മാണത്തിന് ബാധകമായ വസ്തുനികുതി | 3x68501 =205502രൂ |
| സേവന ഉപനികുതി | 10% = 20550 രൂപ |
| ലൈബ്രറി സെസ് | 5%= 10275രൂപ |
| പത്ത് വർഷത്തെ ആകെ വസ്തുനികുതി നഷ്ടം | 2055020 രൂപ |
| 10 വർഷത്തെ സേവന ഉപനികുതി നഷ്ടം | 205500 രൂപ |
| 10 വർഷത്തെ ലൈബ്രറിസെസ് | 102750 |

സി) പ്രതാംഗമൂട് ജംഗ്ഷന്റെ ഇരുവശങ്ങളിലും ഉള്ളതും ഷംനാദ്, പ്രതാംഗമൂട്ടിലിന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ 18 കടമുറികളുടെ മുന്നിൽ വ്യത്യസ്ത വലുപ്പത്തിൽ ഇരുമ്പ് തൂണുകൾ നാട്ടി ടിൻഷീറ്റ് കൊണ്ട് മേൽക്കൂര തീർത്ത് അനധികൃത ഇറക്കുകൾ നിർമ്മിച്ചതായി കണ്ടെത്തിയെങ്കിലും അത് നീക്കം ചെയ്യാനോ അനധികൃത നിർമ്മാണം എന്ന നിലയിൽ നമ്പർ നൽകി അധിക നികുതി ഈടാക്കാനോ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഒരു വർഷം ലഭിക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 18 കടമുറിയിലേയും അനധികൃത നിർമ്മാണത്തിന്റെ ആകെ വിസ്തീർണ്ണം | 281.74 ച.മീ |
| വസ്തുനികുതി നിരക്ക് | 80 രൂപ /ച.മീ |
| വസ്തുനികുതി | 281.74x80 = 22539 രൂപ |
| സമീപ റോഡിനെ അടിസ്ഥാനമാക്കി വർദ്ധനവ് | 20 % = 4508രൂപ |
| ആകെ വസ്തുനികുതി | 27047 രൂപ |
| അനധികൃതനിർമ്മാണത്തിന് ബാധകമായ വസ്തുനികുതി | 3x27047 =81141രൂ |
| സേവന ഉപനികുതി | 10% = 8114 രൂപ |
| ലൈബ്രറി സെസ് | 5%= 4057രൂപ |

ഡി) വാർഡ് പത്തിൽ വിഷ്ണു, ഉത്തം വക വി.ജി.സി ബീന എന്ന വാണിജ്യ സ്ഥാപനത്തിൽ 26മീ. നീളത്തിലും 12.5മീ.വീതിയിലും 325 ച.മീ വിസ്തീർണ്ണമുള്ള ഗോഡൗൺ നിർമ്മിച്ചതായി ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ഫയൽ നമ്പർ 14140/17). ഇതിനും വസ്തുനികുതി ഈടാക്കിയിട്ടില്ല. നികുതിനഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വസ്തുനികുതി നിരക്ക് | 80 രൂപ /ച.മീ |
| വസ്തുനികുതി | 325x80 = 26000 രൂപ |
| സമീപ റോഡിനെ അടിസ്ഥാനമാക്കി വർദ്ധനവ് | 20 % = 5200 രൂപ |
| ആകെ വസ്തുനികുതി | 31200 രൂപ |
| അനധികൃതനിർമ്മാണത്തിന് ബാധകമായ വസ്തുനികുതി | 3x31200 = 93600രൂപ |
| സേവന ഉപനികുതി | 10% = 9360 രൂപ |
| ലൈബ്രറി സെസ് | 5%= 4680 രൂപ |

ഇ) വാർഡ് 37 - ൽ എ.എച്ച്.എം മുഹമ്മദാലി, മക്കുത്തി പുരയിടം (മാളിയേക്കൽ കിഴക്കതിൽ) അനധികൃത കെട്ടിടം നിർമ്മിച്ച് അന്യസംസ്ഥാന തൊഴിലാളികൾക്ക് 2014 - ൽ തന്നെ വാടകയ്ക്ക് നൽകിയിരിക്കുന്നതായി പി.എച്ച്.1/8714/14 നമ്പർ ഫയലിൽ നിന്ന് വ്യക്തമാകുന്നു. ഇക്കാര്യം സെക്രട്ടറി കണ്ടതിനും ഫയലിൽ രേഖയുണ്ട്. 434.57 ച.മീ തറവിസ്തീർണ്ണമുള്ള ഇരുനില അനധികൃതനിർമ്മാണം വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്നനിലയിൽ റഗുലറൈസ് ചെയ്യാൻ 10/2/2015 - ൽ അപേക്ഷയും നഗരസഭയിൽ ലഭിച്ചു. എന്നാൽ ഇതുവരെ ഈ കെട്ടിടം റഗുലറൈസ് ചെയ്തിട്ടില്ല എന്ന് മാത്രമല്ല 2014-15 രണ്ടാം അർദ്ധ വർഷം മുതലെങ്കിലും ഈടാക്കേണ്ടിയിരുന്ന അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തുനികുതിയും ഈടാക്കപ്പെട്ടിട്ടില്ല. ഇതുമൂലം ഒരു സാമ്പത്തിക വർഷം ഉണ്ടാകുന്ന നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വസ്തുനികുതി നിരക്ക് | 80 രൂപ /ച.മീ |
| വസ്തുനികുതി | 434.57x80=34766രൂപ |
| അനധികൃതനിർമ്മാണത്തിന് ബാധകമായ വസ്തുനികുതി | 3x31200 =104298രൂ |
| സേവന ഉപനികുതി | 10% = 10430 രൂപ |
| ലൈബ്രറി സെസ് | 5%= 5215 രൂപ |
| 2014-15 രണ്ടാം അർദ്ധ വർഷം മുതൽ 2016-17 വരെ ആകെ വസ്തുനികുതി നഷ്ടം | 2.5x104298=260745രൂപ |
| സേവന ഉപനികുതി നഷ്ടം | 26075 രൂപ |

എഫ്) വാർഡ് മുപ്പത്തിരണ്ടിൽ സർവ്വേ നമ്പർ 223/21 - ൽ പെട്ട 0.72 ആർ സ്ഥലത്ത് നിലവിലുണ്ടായിരുന്ന കടമുറിയുടെ (നമ്പർ.207) മുകളിൽ 51.55 ച.മീ അനധികൃതനിർമ്മാണം നടത്തിയിട്ടുണ്ട്. കായംകുളം പട്ടാണി പറമ്പിൽ മുഹമ്മദ് ഷെരീഫിന്റെ പേരിലുള്ള കെട്ടിടത്തിൽ ഫാഷൻ ഫാബ്രിക്സ് എന്ന സ്ഥാപനമാണ് പ്രവർത്തിച്ച് വരുന്നത്. നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വസ്തുനികുതി നിരക്ക് | 80 രൂപ /ച.മീ |
| വസ്തുനികുതി | 51.55 x 80 = 4124 രൂപ |
| സമീപ റോഡിനെ അടിസ്ഥാനമാക്കി വർദ്ധനവ് | 20% = 825രൂപ |
| ആകെ വസ്തുനികുതി | 4949 രൂപ |
| അനധികൃതനിർമ്മാണത്തിന് ബാധകമായ വസ്തുനികുതി | 3x4949 = 14847രൂ |
| സേവന ഉപനികുതി | 10% = 1485 രൂപ |
| ലൈബ്രറി സെസ് | 5% = 742 രൂപ |

മേൽപ്പറഞ്ഞവ പ്രകാരം 2016-17 - ൽ മാത്രം വസ്തുനികുതി ഇനത്തിൽ 526166 രൂപയുടേയും സേവന ഉപനികുതിയിനത്തിൽ 52617 രൂപയുടേയും നഷ്ടം നഗരസഭയ്ക്കുണ്ടായി. ടി തുക തൻവർഷം സെക്രട്ടറി, അനധികൃതനിർമ്മാണം യഥാസമയം റവന്യൂ വിഭാഗത്തെ അറിയിക്കാതിരുന്ന മുനിസിപ്പൽ എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. വസ്തുനികുതി ഇനത്തിൽ ആകെ 2585687/- രൂപയുടേയും സേവന ഉപനികുതിയിനത്തിൽ ആകെ 258568/- രൂപയുടേയും ഉൾപ്പടെ ആകെ 2844255/-രൂപയുടെ നഷ്ടമാണ് 2017 മാർച്ച് 31 വരെ നഗരസഭയ്ക്കുണ്ടായത്. ഇവയുടെ വസ്തുനികുതി സത്വരം ഈടാക്കേണ്ടതും റഗുലറൈസ് ചെയ്യാൻ കഴിയാത്ത നിർമ്മാണമാണെങ്കിൽ പൊളിച്ച് നീക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. 2015-16 വരെയുള്ള വസ്തുനികുതി ഉടമസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ആകെ നഷ്ടം | വസ്തുനികുതി | സേവന ഉപനികുതി | ലൈബ്രറിസെസ് |
|---|---|---|---|
| എ | 80334 | 8034 | 1339 |
| ബി | 2055020 | 205500 | 102750 |

| | | | |
|---|---|---|---|
| സി | 81141 | 8114 | 4057 |
| ഡി | 93600 | 9360 | 4680 |
| ഇ | 260745 | 26075 | 5215 |
| എഫ് | 14847 | 1485 | 742 |
| | 2585687 | 258568 | 118783 |

ഇത് കൂടാതെ അനധികൃതനിർമ്മാണമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ നിന്ന് ലഭ്യമല്ലാത്തതിനാൽ കൃത്യമായ നഷ്ടം നിജപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

| ഫയൽ നമ്പർ | കെട്ടിട ഉടമയുടെ പേര് | വിവരണം(രജിസ്റ്റർ പ്രകാരം) |
|---|---|---|
| 48/16 | കുഞ്ഞുമോൻ, വലിയകണ്ടത്തിൽ | പി.ഐ.പി വക സ്ഥലത്ത് കടമുറി നിർമ്മാണം |
| 13821/15 | അസീസ്, ഗവേഷണത്തിന്റെ കിഴക്കതിൽ, കൃഷ്ണപുരം | മുക്കടക്ക് കിഴക്ക് കടമുറി നിർമ്മാണം |
| 12934/16 | ഏഞ്ചൽ ആർക്ക് സ്കൂൾ | ആഡിറ്റോറിയം നിർമ്മാണം |

ഇവ പരിശോധിച്ച് വിസ്തീർണ്ണം തിട്ടപ്പെടുത്തി വസ്തുനികുതി ഈടാക്കേണ്ടതും റഗുലറൈസ് ചെയ്യാൻ കഴിയാത്ത നിർമ്മാണമാണെങ്കിൽ പൊളിച്ച് നീക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-7 കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം- ചട്ടങ്ങൾ മറികടന്ന് ഒക്കുപ്പൻസി അനുവദിച്ചു

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ ശേഷം ആയതിന്റെ പ്ലാൻ സഹിതം വേണം ഒക്കുപ്പൻസിക്കായി അപേക്ഷിക്കാൻ. ഈ പ്ലാൻ പ്രകാരമുള്ള നിർമ്മാണങ്ങളാണ് നടന്നിട്ടുള്ളതെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടാണ് ഒക്കുപ്പൻസി അനുവദിക്കേണ്ടതും. എന്നാൽ നഗരസഭയിൽ ഈ വ്യവസ്ഥകൾ മറികടന്ന് ചട്ടവിരുദ്ധമായി ഒക്കുപ്പൻസി അനുവദിച്ചിട്ടുണ്ട്.

മുപ്പത്തിയേഴാം വാർഡിൽ പീടികപ്പറമ്പിൽ വീട്ടിൽ ഷാജഹാൻ, നാജി ഷാജഹാൻ എന്നിവരുടെ പേരിലുള്ള കംപ്ലീഷൻ പ്ലാൻപ്രകാരം 722.32 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് 26/8/2016 - ൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയത് പ്രകാരം താഴത്തെ നിലയിൽ ആകെ 45.45 ച.മീ - ൽ 3 കടമുറികൾ, 117.95 ച.മീ ഡോർമറ്ററി, 125.74 ച.മീ പാർക്കിംഗ് എന്നിവക്കും ഒന്ന്, രണ്ട് നിലകളിൽ 239.10 ച.മീ വീതം വാസഗൃഹങ്ങൾക്കുമാണ് ഒക്കുപ്പൻസി അനുവദിച്ചിട്ടുള്ളത് (ബി.എ നമ്പർ - 801/13-14). എൻജിനീയറിംഗ് വിഭാഗം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചപ്പോൾ യഥാർത്ഥ നിർമ്മാണം പ്രസ്തുത പ്ലാനിൽ നിന്ന് വ്യതിചലിച്ചാണെന്ന് വ്യക്തമാകുന്നു. വ്യതിയാനങ്ങൾ ചുവടെ ചേർക്കുന്നു.

ക) താഴത്തെ നിലയിൽ കടമുറികൾ, പാർക്കിംഗ് ഏരിയ, ഡോർമറ്ററി എന്നിവ പരസ്പരം വേർതിരിച്ച് പ്ലാനിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള ഭിത്തി നിർമ്മിച്ചിട്ടില്ല. ഇവയെല്ലാം ഒന്നിച്ച് ചേർന്ന് ഒറ്റ ഹാളായി സ്ഥിതിചെയ്യുന്നു. പ്ലാനിൽ പറയും പ്രകാരം മൂന്ന് കടമുറികൾ സാദ്ധ്യമല്ലാത്തവിധം ഒറ്റ കടമുറി എന്ന നിലയിൽ ഒറ്റ ഷട്ടർ ഘടിപ്പിച്ചതാണ്. ഈ ഭാഗം ടൂ വീലർ പാർക്കിംഗ് ആയി പ്ലാനിൽ കാണിച്ചിരിക്കുന്ന ഭാഗത്തോട് ചേർന്ന് 65.59 ച.മീ വിസ്തീർണ്ണത്തിൽ ഒറ്റ കട എന്ന നിലയിലാണ്.

ഖ) കംപ്ലീഷൻ പ്ലാൻ പ്രകാരം 75.70ച.മീ യാണ് താഴത്തെ നിലയിൽ പാർക്കിംഗിനായി നീക്കി വച്ചിരിക്കുന്നത്. എന്നാൽ ഒക്യുപൻസി സർട്ടിഫിക്കറ്റിൽ ഇത് 125.74 ച.മീ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ പാർക്കിംഗ് എരിയ മറ്റ് ഭാഗത്തിൽ നിന്ന് വേർതിരിക്കുകയോ ഇതിലേക്ക് കടക്കാനുള്ള റാമ്പ് നിർമ്മിക്കുകയോ ചെയ്തിട്ടില്ല.

ഗ) ഡോർമറ്ററിയായി കാണിച്ചിരിക്കുന്ന ഭാഗത്തിന്റെ പടിഞ്ഞാറ് ഭാഗത്തെ ഭിത്തി നിർമ്മിച്ചിട്ടില്ല.

ഘ) പ്ലാനിൽ പറയുന്ന ശൗചാലയം (1.97x1.75 മീ) നിർമ്മിച്ചിട്ടില്ല.

ചട്ടങ്ങൾ ലംഘിച്ച് ഒക്യുപൻസി അനുവദിച്ചതിനെ കുറിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിലും നിയമ ലംഘനങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

ഒക്യുപൻസിയെ അടിസ്ഥാനമാക്കിയാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. X/279 N എന്ന് നമ്പർ നൽകിയിരിക്കുന്ന കൊമേഴ്സൽ ഭാഗത്തിന്റെ വ്യാപ്തി 65.59 ആയി വർദ്ധിക്കുന്നത് കൂടി പരിഗണിച്ച് നികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്.

2) ഈ കെട്ടിടത്തിന്റെ ഫസ്റ്റ്, സെക്കന്റ് ഫ്ലോറുകളിലെ മേൽക്കൂരയുള്ളതും ടൈൽ പാകിയിട്ടുള്ളതും കെട്ടിടത്തിനുള്ളിലേക്ക് പ്രവേശന കവാടങ്ങളുള്ളതുമായ വരാന്തകളെ പൂർണ്ണമായി നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. ഇരുനിലകളിലും ഇപ്രകാരമുള്ള 112.63 ച.മീ വീതമുള്ള വരാന്തയിൽ ഫസ്റ്റ് ഫ്ലോറിലെ 25.51 ച.മീ ഒഴികെ 199.75 ച.മീ വരാന്ത നികുതി നിർണ്ണയത്തിന് പരിഗണിച്ചില്ല. വാർഷിക നികുതിയിൽ വന്ന കുറവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | നികുതിനിർണ്ണയത്തിന് കണക്കാക്കിയ തറ വിസ്തീർണ്ണം | യഥാർത്ഥ തറവിസ്തീർണ്ണം | കണക്കാക്കിയ നികുതി (വിസ്തീ.x12+ 20% വർദ്ധനവ്)# | യഥാർത്ഥ നികുതി (വിസ്തീ.x12+ 20% വർദ്ധനവ്)# | കുറവ് |
|---|---|---|---|---|---|
| X/279 P | 264.6 | 351.73 | 3810 | 5065 | 1255 |
| X/279 Q | 124.14 | 180.14 | 1788 | 2594 | 806 |
| X/279 R | 170.17(31.93ച.മീ സ്റ്റയർ റൂം ഉൾപ്പടെ) | 226.17 | 2450 | 3257 | 806 |
| ആകെ | | | | | 2867 |

# നികുതി നിരക്ക് 12 രൂപ പ്രകാരം ച.മീ, റോഡിന്റെ വീതി അഞ്ച് മീറ്ററിൽ അധികമാകയാൽ 20 ശതമാനം വർദ്ധനവ്.

മേൽക്കാണിച്ച അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ആഡിറ്റ് അന്വേഷണത്തിന് (നമ്പർ 14 , 23/9/17) മറുപടി ലഭ്യമാക്കിയിരുന്നില്ല.

നികുതി നിർണ്ണയം പുന:പരിശോധിക്കേണ്ടതും നഷ്ടം വന്ന തുക തെറ്റായ ഒക്കുപ്പൻസി അനുവദിച്ച മുനിസിപ്പൽ എൻജിനീയറിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണ്.

## 2-8 നഗരസഭാ കെട്ടിടങ്ങളുടെ വാടക ഇനത്തിൽ ഭീമമായ കുടിശ്ശിക

വാടക രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷം നഗരസഭയുടെ അധീനതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ വിവിധ കടമുറികളിൽ നിന്നുമായി വാടകയിനത്തിൽ 2.25 ലക്ഷം രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### തുണ്ടത്തിൽ കുഞ്ചുപിള്ള സ്മാരക ഷോപ്പിംഗ് കോംപ്ലക്സ്

| കട ഉടമയുടെ പേര് | കടമുറി നം. | വാടക | അടവാക്കിയത് | അടയ്ക്കാനുള്ളത് |
|---|---|---|---|---|
| അജിത ഖുശി ഭാസ്കർ | താഴത്തെ നില 19 | 1415x12= 16980 | 11320 | 5660 |
| പ്രതാപ ചന്ദ്രൻ | 2-ാം നില 3 | 6785x12=81420 | 33925 | 47495 |
| പി.റ്റി.അനിൽകുമാർ | 2-ാം നില 4 | 8700x12=104400 | 43500 | 60900 |

### അബ്ദുൾഖാദർ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ്

| | | | | |
|---|---|---|---|---|
| അജിത്കുമാർ, മണക്കാട് | 1 | 1775x12=21300 | 14200 | 7100 |
| വിജി, മണക്കാട് | 2 | 2360x12=28320 | 9440 | 18880 |
| കെ.ജെ. രഘുനാഥൻ, സോപാനം | 3 | 2570x12=30840 | -- | 30840 |
| നിർമ്മല, പാലമൂട്ടിൽ | 5 | 2905x12=34860 | 31955 | 2905 |

എൽ.എസ്സ്.ഡി കോംപ്ലക്സ്

| | | | | |
|---|---|---|---|---|
| അബ്ദുൾലത്തീഫ്, കുറങ്ങാട്ട് തെക്കേതിൽ | 6 | 2280x12=27360 | 22800 | 4560 |
| അബ്ദുൾസമദ്, കുറങ്ങാട്ട് തെക്കേതിൽ | 7 | 2280x12=27360 | 22800 | 4560 |

ഫയർ സ്റ്റേഷൻ കോംപ്ലക്സ് കടമുറികൾ

| | | | | |
|---|---|---|---|---|
| ജോർജ്ജ്കുട്ടി മാത്യു, കളീയ്ക്കൽ | 1 | 3015x12=36180 | 15075 | 21165 |

ലോറി സ്റ്റാന്റ് ബിൽഡിംഗ്സ്

| | | | | |
|---|---|---|---|---|
| ശിവരാമൻ നായർ | | 1145x12=13740 | 12595 | 1145 |

കല്ലുംമൂട് മാർക്കറ്റ്

| | | | | |
|---|---|---|---|---|
| വി. രവീന്ദ്രൻ, സാഫല്യം | | 1600x12=19200 | 17600 | 1600 |

പൗണ്ട് കോംപൗണ്ട്

| | | | | |
|---|---|---|---|---|
| ബിനോയ് മോൻ, പുളിമൂട്ടിൽ | 1 | 790x12=9480 | 3950 | 5530 |
| ബിജു | 2 | 1040x12=12480 | 11440 | 1040 |
| ഗോപകുമാർ, തോങ്ങലിൽ തെക്കേതിൽ | 3 | 1040x12=12480 | 11440 | 1040 |

മത്സ്യമാർക്കറ്റ്

| | | | | |
|---|---|---|---|---|
| അബ്ദുൾഅസീസ്, ചിറയിൽ | 4 | 905x12=10860 | 8145 | 2715 |
| ആശദിലീന, ചോയ്സ് | 5 | 905x12=10860 | 8145 | 2715 |

തറവാടക

| | | | | |
|---|---|---|---|---|
| ഉമൈബ, കൊല്ലം പറമ്പിൽ | 4 | 1055x12=12660 | 8440 | 4220 |
| അബ്ദുൾ ലത്തീഫ് sskമൻസിൽ | 5 | 1155x12=13860 | 12705 | 1155 |

ആകെ = 225225/-

കുടിശിക തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റേയും, തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടേയും, ഇത്രയും തുക കുടിശിക വരുവാനുണ്ടായ കാരണവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/ 23.09.2017) നൽകിയ മറുപടിയിൽ പ്രസ്തുത ആൾക്കാരിൽ നിന്നും വാടക കുടിശിക ഈടാക്കുവാനുള്ള നടപടികളെടുത്തു വരുന്നതായി അറിയിച്ചിട്ടുണ്ട്. ആകയാൽ ഈയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കുവാനുള്ള 2,25,165/- രൂപ എത്രയും വേഗം പിരിച്ചെടുത്ത് തനത് ഫണ്ടിൽ ഒടുക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-9 ഡി & ഒ കുടിശിക- ഈടാക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നില്ല

വാർഷിക കണക്കുകൾ പ്രകാരം 2016-2017 വർഷം ഡി & ഓ ഇനത്തിൽ ഡിമാന്റ് ചെയ്തിരുന്ന തുക 810607/- രൂപ ആയിരുന്നു. എന്നാൽ അടവ് വന്നിരിക്കുന്നത് 411630/- രൂപ മാത്രമാണ്. ഡിമാന്റ് ചെയ്തതിൽ പകുതിയോളം വരുന്ന 398977/- രൂപ (49.2%) കുടിശ്ശികയായി നിൽക്കുന്നു.

2016-17 വരെയുള്ള അരിയർ ഡിമാന്റ് 13,99,278/- രൂപയാണ്. ഇതിൽ 41233/- രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളതായി കാണുന്നുള്ളൂ. 1358045/- രൂപ കുടിശ്ശികയായി നിലനിൽക്കുന്നു (97.05%). ഇതിൽ നിന്നും ലൈസൻസ് ഇല്ലാതെ/എടുക്കാതെ നിരവധി സ്ഥാപനങ്ങൾ നഗരസഭാ അതിർത്തിയിൽ പ്രവർത്തിക്കുന്നു എന്നത് വ്യക്തമാണ്. തന്നെയുമല്ല ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിൽ ഹാജരാക്കിയതുമില്ല.

ഡി & ഒ രജിസ്റ്റർ പരിശോധിച്ചതിൽ മിക്ക സ്ഥാപനങ്ങളുടേയും ഡി & ഒ പിരിവിനെ സംബന്ധിച്ച വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല. ഡി & ഓ അടവ് വന്നിട്ടില്ലായെങ്കിൽ ആയതിന്റെ കാരണവും, പിരിച്ചെടുക്കുവാൻ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.36/ 25.09.2017 ന് മറുപടിയും ഹാജരാക്കിയില്ല. വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം, ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത ഫൈൻ സഹിതം ഫീസ് ഈടാക്കുന്നില്ലെങ്കിൽ ലൈസൻസ് ഇല്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കാൻ സഹായകമായ നിലപാടു സ്വീകരിച്ച സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-10 പരസ്യ നികുതി കുത്തകാവകാശം - തുക അടവാക്കിയില്ല

പരസ്യ നികുതി സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷം നഗരസഭയിലെ പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം 1,72,500/- രൂപയ്ക്ക് ഏറ്റെടുത്തിരിക്കുന്നത് ശ്രീ.ജി. ഉണ്ണി, സ്യൂട്ട് മീഡിയ, കരുനാഗപ്പള്ളി എന്നയാളാണ്. എന്നാൽ 2016 ഓഗസ്റ്റ് 5 നകം അടച്ചു തീർക്കേണ്ടിയിരുന്ന ഓഫർ തുകയുടെ പകുതിയും അതായത് 86,250/- രൂപ ഓഡിറ്റ് സമയം വരെ (9/17) അടച്ചതായി കാണുന്നില്ല. നഗരസഭ നിരവധി കത്തിടപാടുകളും മറ്റും നടത്തിയതിനു ശേഷമാണ് 26-05-2016 - ൽ 50% തുക 86,000/- രൂപ കരാറുകാരൻ അടച്ചത്. അതിനു ശേഷം 22-09-2016 ലാണ് നിരതദ്രവ്യം 15000/- രൂപ പലിശ സഹിതം അടക്കുന്നത്. കുടിശിക തുക 86,250/-രൂപ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/22-09-2017) നൽകിയ മറുപടിയിൽ 86,250/- രൂപയും, അതിന്റെ പിഴപ്പലിശയും നഗരസഭയ്ക്ക് ലഭിക്കുവാനുണ്ടെന്നും, അതിനായി റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. പരസ്യനികുതി പിരിവിനുള്ള കുത്തകാവകാശം ലേലം കൊണ്ടയാൾ നിശ്ചിത തീയതിയിലും ലേലതുക ഒടുക്കാതെ കുടിശ്ശിക വരുത്തിയിട്ടും, കുത്തകാവകാശം റദ്ദ് ചെയ്ത് പുനർലേലം നടത്തുകയോ, നഗരസഭ നേരിട്ട് പിരിവ് നടത്തുകയോ ചെയ്യാതിരുന്നത് ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ലേലകുടിശ്ശിക വരുത്തിയ വ്യക്തിയെ സാമ്പത്തിക വർഷം മുഴുവൻ പരസ്യനികുതി പിരിക്കാൻ അനുവദിച്ചത് ക്രമവിരുദ്ധമാകയാൽ കുടിശ്ശിക പലിശസഹിതം ടിയാനിൽ നിന്നും ഈടാക്കുന്നില്ലെങ്കിൽ ആയത് ഉത്തരവാദികളായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിവരം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-11 നഗരസഭയിലെ ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്യുന്നില്ല

നഗരസഭയിലെ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹനം. |
|---|---|
| 1. | KL-29 -817 -ടിപ്പർ ലോറി |
| 2. | KL-O4 -E -8107 - ടിപ്പർ ലോറി |
| 3. | KL-O1-AJ-5724 -EISCHER LORRY |
| 4. | KL-U-3653 - ഓട്ടോറിക്ഷ |
| 5. | KL-O4-Q-9328- അംബാസിഡർ കാർ |
| 6. | KL-O4-H-3313 -ടില്ലർ. |
| 7. | KL-04-F-7968-റോഡ് റോളർ |

ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഈ വാഹനങ്ങൾ എല്ലാം പഴക്കം ചെന്നവയും അറ്റകുറ്റപ്പണികൾ സാധ്യമല്ലാത്തതുമാണ്. അതിനാൽ തന്നെ കണ്ടം ചെയ്യുക എന്നതാണ് ഇതിൽ സ്വീകരിക്കാവുന്ന തുടർ നടപടി. ലേലം ചെയ്യുന്നതിനായി പി.ഡബ്ല്യു.ഡി, മെക്കാനിക്കൽ വിഭാഗത്തിനോട് മൂല്യനിർണ്ണയത്തിന് അപേക്ഷിച്ചിട്ടുണ്ട്

എന്നാണ് ഓഡിറ്റ് അന്വേഷണം നം. 2/19.09.2017 - ന് മറുപടി നൽകിയത്.

ക്രമ നം.5 ലെ അംബാസിഡർ കാറിന്റെ ഫയൽ പരിശോധിച്ചതിൽ 45,000/- രൂപയിൽ കുറയാത്ത വിലക്ക് ലേലം ചെയ്യാമെന്ന് മാവേലിക്കര പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പടുത്തിയിട്ടുണ്ട്. ഈ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വാഹനം ലേലം ചെയ്യുന്നതിന് നഗരകാര്യഡയറക്ടർ അനുമതിയും നൽകിയിട്ടുണ്ട് (കത്ത് നം.ഡിസി,3-3710/2016 തീയതി 01.09.2016). 09/2016 - ൽ അനുമതി ലഭിച്ചിട്ടും തുടർ നടപടികൾക്കായി റവന്യൂസെക്ഷനെ ചുമതലപ്പെടുത്താമെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഏതാണ്ട് ഒരു വർഷമായപ്പോഴാണ് (04.08.2017 - ൽ) വാഹനം ലേലം ചെയ്യുന്നതിൽ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന കാലതാമസമാണ് ഇത് വ്യക്തമാക്കുന്നത്.

വാഹനങ്ങൾ ഉപയോഗശൂന്യമായതിൽ കാലപ്പഴക്കത്തോടൊപ്പം പരിപാലനത്തിലെ കാര്യക്ഷമതയില്ലായ്മയും കാരണമാണ്. ഉപയോഗിക്കാതെ കിടക്കുന്ന വാഹനങ്ങൾ പെട്ടെന്ന് തുരുമ്പെടുത്ത് നശിക്കുമെന്നതിനാൽ ദിവസം കഴിയുന്തോറും ഇവയുടെ മൂല്യം കുറയും. പൂർണ്ണമായും നശിച്ച് യാതൊരു വിലയും ലഭിക്കാത്ത അവസ്ഥയുമുണ്ടാകും. തൻമൂലം നഗരസഭക്ക് വലിയ സാമ്പത്തികനഷ്ടം സംഭവിക്കും. ഇത് ഒഴിവാക്കുന്നതിനായി വാഹനങ്ങൾ ലേലം ചെയ്യുന്നതിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-12 സ്ഥാപന-തൊഴിൽ നികുതികൾ ഈടാക്കാത്തത് സംബന്ധിച്ച്

നഗരസഭയുടെ സ്ഥാപന-തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ, സ്ഥാപന-തൊഴിൽ നികുതികൾ യഥാസമയം അടവാക്കിയതായി കാണുന്നില്ല. ടി നികുതികൾ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റേയും തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടേയും വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/23.09.2017) നൽകിയ മറുപടിയിൽ ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി നം. 39/27-09-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതികൾ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എ) സ്ഥാപന നികുതി

1) മുത്തൂറ്റ് മൈക്രോ ഫിൻ ബ്രാഞ്ച്-I

2) മുത്തൂറ്റ് മൈക്രോ ഫിൻ ബ്രാഞ്ച്-II

ബി) തൊഴിൽ നികുതി

1) സബ് ഗ്രൂപ്പ് ഓഫീസർ, കൃഷ്ണപുരം ദേവസ്വം - രണ്ടാം അർദ്ധവർഷം

2) സബ് ഗ്രൂപ്പ് ഓഫീസർ, പുതിയിടം ദേവസ്വം - രണ്ടാം അർദ്ധവർഷം

3) ഹോട്ടൽ റോയൽ ഇന്ദ്രപ്രസ്ഥ(ലോഡ്ജ്), ഒന്ന്-രണ്ട് അർദ്ധവർഷങ്ങൾ

4)ഹോട്ടൽ റോയൽ ഇന്ദ്രപ്രസ്ഥ (ബിയർ പാർലർ) ഒന്ന്-രണ്ട് അർദ്ധവർഷങ്ങൾ

## 2-13 ആഡിറ്റ് ഇംപാക്ട്

തൊഴിൽ നികുതിയിനത്തിലെ കുറവ് ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് അടവാക്കി

2016-17 ആദ്യ അർദ്ധ വർഷം കെ.സി.റ്റി സഹകരണസംഘം തൊഴിൽ നികുതിയിനത്തിൽ 163 തൊഴിലാളികൾക്കായി നഗരസഭയിൽ അടവാക്കിയിരുന്നത് 83300/- രൂപ ആയിരുന്നു. എന്നാൽ രണ്ടാം അർദ്ധവർഷം 130 പേരുടെ തൊഴിൽ നികുതിയിനത്തിൽ 62250/- രൂപ മാത്രമാണ് ഒടുക്കു വരുത്തിയത്. കൂടാതെ തൊഴിൽ നികുതി അടവാകുമ്പോൾ സമർപ്പിക്കേണ്ട പത്രികയും ഹാജരാക്കിയിരുന്നില്ല. തൊഴിൽ നികുതി ഈടാക്കിയതിൽ 21050/- രൂപയുടെ കുറവുണ്ടായതിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (നം.17/23.09.17) തൊഴിൽ നികുതി അടക്കാതിരുന്ന 33 തൊഴിലാളികളിൽ വിരമിച്ച 5 പേരുടേതൊഴികെയുള്ള നികുതി 17709/- രൂപ [16650 + 1159(പലിശ)] 26.09.2017 – ൽ തനതുഫണ്ടിൽ അടവാക്കുകയും രസീത് പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തു (രസീത് നം.1/11701109495/26.09.17).

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ ഗുരുതരമായ അലംഭാവം - നഗരസഭയ്ക്കു നഷ്ടമായത് 8.05 കോടി രൂപ

വിവിധ വികസന പ്രവർത്തനങ്ങൾക്കായി ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ നഗരസഭാ അധികൃതർ വരുത്തിയ വീഴ്ച മൂലം സർക്കാർ ഗ്രാന്റിനത്തിൽ 16-17 വർഷം ലഭിച്ച 8,04,58,785/- രൂപ ലാപ്സായി. പദ്ധതി നിർവ്വഹണത്തിനായി തൻവർഷം വിവിധ ഗ്രാന്റിനങ്ങളിൽ 17.34 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ ഇതിൽ 9.29 കോടി രൂപ മാത്രമാണ് നഗരസഭ വിനിയോഗിച്ചത് (53.6%). ലോകബാങ്ക് ധനസഹായമിനത്തിൽ 1.19 കോടി രൂപ ലഭിച്ചുവെങ്കിലും ഇതിലേക്കായുള്ള പദ്ധതികളിൽ ഒന്നുപോലും നിർവ്വഹിക്കാൻ അധികൃതർക്ക് കഴിഞ്ഞില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാന്റിനം | ലഭിച്ച തുക | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 5,61,52,323 | 4,52,45,362 | 1,09,06,961 |
| 2 | വികസനഫണ്ട് (എസ്.സി.പി) | 1,53,01,464 | 46,28,810 | 1,06,72,654 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,42,34,890 | 2,61,13,111 | 2,81,21,779 |
| 4 | ലോകബാങ്ക് ധനസഹായം | 1,19,34,951 | -- | 1,19,34,951 |
| 5 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 2,18,75,085 | 94,75,052 | 1,24,00,033 |
| 6 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 1,38,71,658 | 74,49,251 | 64,22,407 |
| | ആകെ | 17,33,70,371 | 9,29,11,586 | 8,04,58,785 |

പൊതു വിഭാഗത്തിലും, പട്ടികജാതി വിഭാഗത്തിലുമായി തയ്യാറാക്കിയ 342 പദ്ധതികൾക്കാണ് തൻവർഷം അനുമതി ലഭിച്ചിരുന്നത്. ഇതിൽ നഗരസഭ നടപ്പാക്കിയത് 132 പദ്ധതികൾ മാത്രമാണ്. നഗരസഭയിലെ 11 നിർവ്വഹണ ഉദ്യോഗസ്ഥരിൽ മെഡിക്കൽ ഓഫീസർമാരും, ഐ.സി.ഡി.എസ് സൂപ്പർവൈസറും ഒഴികെയുള്ള എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ചെലവ് 40% - ൽ താഴെ മാത്രമാണ്. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള 243 പദ്ധതികളിൽ നടപ്പാക്കിയത് 73 എണ്ണം മാത്രമാണ്. ഗവ.ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളിൽ ഒന്നുപോലും നിർവ്വഹിക്കപ്പെട്ടില്ല. ഇതുമൂലം പൊതുവിഭാഗം പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ 22.9% വും, പട്ടികജാതി വിഭാഗം പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ 14% വും മാത്രമായി ചെലവ് ഒതുങ്ങി. വിശദാംശങ്ങൾ ചുവടെ.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ എണ്ണം | നടപ്പാക്കിയ പ്രോജക്ട് | നടപ്പാക്കാത്ത പ്രോജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഫീൽഡ് ഓഫീസർ | 9 | 7 | 2 | 84,03,730 | 9,51,507 | 11 |
| 2 | സെക്രട്ടറി | 40 | 15 | 25 | 14,79,65,370 | 30,21,387 | 20.4 |
| 3 | വെറ്ററിനറി സർജൻ | 4 | 2 | 2 | 1,29,41,940 | 36,40,000 | 28 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണം | 15 | 13 | 2 | 4,41,59,583 | 1,58,36,549 | 35.9 |
| 5 | പട്ടികജാതി വികസന ഓഫീസർ | 8 | 6 | 2 | 1,62,03,000 | 31,35,000 | 19.3 |
| 6 | മുനിസിപ്പൽ എഞ്ചിനീയർ | 243 | 73 | 170 | 18,03,90,041 | 2,57,24,785 | 14.3 |
| 7 | പ്രിൻസിപ്പാൾ ഗവ.ബി.എച്ച്. എസ് | 6 | - | 6 | 9,00,000 | | 0 |
| | | 342 | 132 | 210 | | | |

## മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

1) പൊതുവിഭാഗം

| മേഖല | അംഗീകാരം ലഭിച്ച പ്രോജക്ട് | നടപ്പാക്കിയ പ്രോജക്ട് | നടപ്പാക്കാത്ത പ്രോജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| ഉത്പാദനം | 21 | 7 | 14 | 31453841 | 4444910 | 14 |
| സേവനം | 101 | 49 | 52 | 191196611 | 57461424 | 30 |
| പശ്ചാത്തലം | 200 | 61 | 139 | 171582050 | 28546005 | 16.6 |
| | | | | 394232502 | 90452339 | 22.9 |

2) പട്ടികജാതി വിഭാഗം

| മേഖല | അംഗീകാരം ലഭിച്ച പ്രോജക്ട് | നടപ്പാക്കിയ പ്രോജക്ട് | നടപ്പാക്കാത്ത പ്രോജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| ഉത്പാദനം | 5 | 3 | 2 | 3432040 | 522532 | 15 |
| സേവനം | 12 | 10 | 2 | 26308125 | 2802679 | 10.7 |
| പശ്ചാത്തലം | 3 | 1 | 1 | 4306497 | 1483599 | 34.5 |
| | | | | 34046662 | 4808810 | 14 |

16-17 വർഷത്തെ പദ്ധതി ചെലവിൽ ആലപ്പുഴ ജില്ലയിലെ 6 നഗരസഭകളിൽ 6-ാം സ്ഥാനത്തും, സംസ്ഥാനത്തെ അവസാന 5 നഗരസഭകൾക്കൊപ്പവുമാണ് കായംകുളത്തിന്റെ സ്ഥാനം. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും, കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിലും അധികൃതർക്കുണ്ടായ വീഴ്ചയാണ് ജനോപകരപ്രദമായ വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക ഇപ്രകാരം നഷ്ടപ്പെടുവാൻ ഇടയാക്കിയതെന്നതിനാൽ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെയും, ഭരണവകുപ്പിന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 റസ്റ്റോറേഷൻ ചാർജിനത്തിൽ നഗരസഭയ്ക്ക് ലഭിച്ച 89 ലക്ഷത്തിൽ ഭൂരിഭാഗവും പെറ്റിവർക്കു കൾക്ക് - ക്രമവിരുദ്ധമായ പാഴ്ച്ചെലവ്

ഒ.എഫ്.സി.കേബിൾ സ്ഥാപിക്കുന്നതിനു വേണ്ടി റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതിക്കായി "Reliance Jio – Inform Ltd" എന്ന സ്ഥാപനം 15.07.13 ലും 04.04.15 ലും ലഭ്യമാക്കിയ അപേക്ഷകൾ പരിഗണിച്ച് നഗരസഭാ കൗൺസിൽ 25.04.15, 30.06.15 തീയതികളിൽ ആയതിന് അനുമതി നൽകിയിരുന്നു. ഇതേ തുടർന്ന് പ്രസ്തുത

സ്ഥാപനം റസ്റ്റോറേഷൻ ചാർജിനത്തിൽ നഗരസഭ ആവശ്യപ്പെട്ട തുക യഥാക്രമം 85 ലക്ഷം രൂപയും, 4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 89 ലക്ഷം രൂപ, ഒടുക്ക വരുത്തിയിട്ടുണ്ട് (DD No: 880568/5.5.15 – 85 ലക്ഷം, DD No: 939572/6.8.15 – 4 ലക്ഷം). തനതുഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട ഈ തുകയിൽ നിന്നും 43.61 ലക്ഷം രൂപ 2015-16, 16-17വർഷങ്ങളിൽ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി വിനിയോഗിച്ച തായാണ് രേഖ. ഇതു സംബന്ധമായുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1)രണ്ടു ഘട്ടങ്ങളിലും 60 ദിവസത്തിനുള്ളിൽ വർക്ക് പൂർത്തീകരിക്കുന്നതിനാണ് റിലയൻസിന് നഗരസഭ അനുമതി നൽകിയിരുന്നത്. എഗ്രിമെന്റ് പ്രകാരം7/15 നുള്ളിലും, 10/15 നുള്ളിലും കേബിൾ സ്ഥാപിക്കുന്ന ജോലി പൂർത്തീകരിക്ക പ്പെടേണ്ടതാണ്. ഇതു മൂലമുണ്ടായ റോഡ് അറ്റകുറ്റപ്പണികളിൽ ഭൂരിഭാഗവും 15-16 വർഷം മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയിരിക്കെ റസ്റ്റോറേഷൻ ചാർജിനത്തിൽ ലഭിച്ച തുക അറ്റകുറ്റപ്പണിക്കായി ഫണ്ട് വിനിയോഗിച്ച അക്കൗണ്ടിൽ തിരിച്ചടക്കുന്നതിനു പകരം പൂർണ്ണമായും തനതുഫണ്ടിൽ നിലനിർത്തിയത് ക്രമപ്രകാരമല്ല.

2) റിലയൻസ് റസ്റ്റോറേഷൻ ചാർജിനത്തിൽ ഒടുക്കിയ തുക വിനിയോഗിച്ച് നടത്തിയ വർക്കുകൾ ഏതെല്ലാമാണെന്നോ, ഇതിലേക്കായി ചെലവഴിച്ച തുക എത്രയെന്നതിനോ വ്യക്തമായ കണക്ക്/രേഖ നഗരസഭ സൂക്ഷിച്ചിട്ടില്ല. തനതുഫണ്ട് അക്കൗണ്ട് പരിശോധിച്ചതിൽ നഗരസഭയിലെ 44 വാർഡുകളിലേയും വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 15-16 വർഷം 20.64 ലക്ഷം രൂപയും, 16-17 വർഷം 22.97 ലക്ഷം രൂപയും പ്രസ്തുത അക്കൗണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം നടപ്പാക്കിയ 90 ശതമാനത്തിനു മേൽ വർക്കുകളും 1 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള പെറ്റി വർക്കുകളാണ്. ഇതിൽ തന്നെ 16-17 വർഷം നിർവ്വഹണം നടത്തിയ 50 ശതമാനത്തിനു മേൽ വർക്കുകളാകട്ടെ 20,000/- രൂപയിൽ താഴെ മാത്രം അടങ്കലുള്ളവയുമാണ്. നിയമാനുസൃതമായ പ്രോജക്ട് തയ്യാറാക്കുക പോലും ചെയ്യാതെയാണ് ഈ പെറ്റിവർക്കുകൾ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തനതുഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ മരാമത്തു വേലകൾ | ചെലവഴിച്ച തുക | 1ലക്ഷത്തിനു മേൽ അടങ്കലുള്ള പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|
| 2015-16 | 24 | 20,64,103 | 1 |
| 2016-17 | 39 | 22,96,737 | 4 |

G.O(MS)4/16/ത.സ്വ.ഭ.വ/11.01.16-ാം നമ്പർ പദ്ധതി മാർഗ്ഗരേഖ പ്രകാരം [ഖണ്ഡിക 7(iii)]പദ്ധതിയിൽ ഉൾപ്പെടുത്താതെ തനതുഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ പാടില്ല. ഇങ്ങനെ ചെയ്യുന്ന പ്രവൃത്തികൾക്ക് ബന്ധപ്പെട്ട എഞ്ചിനീയർ സാങ്കേതികാനുമതി നൽകാനും പാടില്ല. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനിവാര്യ – പൊതു ചുമതലകൾ നിറവേറ്റുന്നതിനും, ശുചീകരണം, വൈദ്യുതി ചാർജ് അടയ്ക്കൽ, വെള്ളക്കരമടയ്ക്കൽ, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് തുടങ്ങിയ അടിയന്തിര പ്രവൃത്തികൾക്കും ആവശ്യമായ തുക തനതുഫണ്ടിൽ നിന്നും ബജറ്റിൽ മാറ്റി വച്ചശേഷം മിച്ചമുള്ള തുകയാണ് തനതുഫണ്ട് സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഇവിടെ പ്രത്യേക അടിയന്തിര സാഹചര്യങ്ങൾ ഒന്നും ഇല്ലാതെ തന്നെ റസ്റ്റോറേഷൻ ചാർജിനത്തിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുകയുടെ നല്ലൊരു ഭാഗം നഗരസഭയുടെ എല്ലാ വാർഡുകളിലേക്കുമായി പങ്കുവച്ച് റോഡിലെ കുഴിയടക്കലിനായി ക്രമപ്രകാരമല്ലാതെ ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം തുച്ഛമായ തുക വീതം വകയിരുത്തിയും, പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെയും പ്രവൃത്തികളുടെ നിർവ്വഹണം നടത്തുക വഴി റസ്റ്റോറേഷൻ ചാർജിനത്തിൽ നഗരസഭയ്ക്കു ലഭിച്ച തുകയുടെ 50 ശതമാനത്തോളം പാഴാകുന്നതിന് ഇടയാക്കി. മെയിന്റനൻസ് ഗ്രാന്റിനത്തിൽ 16-17 വർഷം നഗരസഭയ്ക്കു ലഭിച്ചതിൽ 1.24 കോടി രൂപ ലാപ്സാകുകയും വെള്ളക്കരമിനത്തിൽ 5.32 കോടി രൂപ നഗരസഭയുടെ കുടിശ്ശിക ആയിരിക്കെയുമാണ് തനതുഫണ്ടിൽ നിന്നും പ്രോജക്ടില്ലാതെ പെറ്റിവർക്കുകൾക്കായി വൻതുക ചെലവഴിച്ചതെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആകയാൽ വിഷയം ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നതിനോടൊപ്പം ഇതിനുമേൽ സമഗ്രമായ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ യുക്തമായ നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-3 ഖരമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ച – വകയിരുത്തുന്ന ലക്ഷങ്ങൾ നഷ്ടമാകുന്നു

ഖരമാലിന്യ സംസ്കരണത്തിന് നിലവിൽ ഫലപ്രദമായ യാതൊരു സംവിധാനവുമില്ലാത്ത നഗരസഭയാണ് കായംകുളം. നഗരസഭാ പരിധിയിലുള്ള സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ 22-ാം വാർഡിലുള്ള ഡമ്പിങ്ങ് യാർഡിൽ കൂട്ടിയിടുക മാത്രമാണ് ചെയ്തു പോരുന്നത്. മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 53 ലക്ഷം രൂപ അടങ്കലിൽ 16-17 വർഷം ഒരു പ്രോജക്ടിന് അംഗീകാരം വാങ്ങിയിരുന്നുവെങ്കിലും (പ്രോജക്ട് നം.172)തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഇതു കൂടാതെ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം വാങ്ങിയ " ഗാർഹിക ഉപയോഗത്തിനുള്ള ബയോഗ്യാസ് പ്ലാന്റ്" എന്ന 43.05 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന പ്രോജക്ടും നഗരസഭ നടപ്പാക്കിയില്ല (പ്രോജക്ട് നം.252). ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും, പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനുമായി 26.03.13 ൽ 76,32,900/- രൂപ സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ചിരുന്നുവെങ്കിലും പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ച മൂലം 2,07,959/- രൂപ പലിശയുൾപ്പടെ 50,48,859/- രൂപ 16-17 – ൽ ശുചിത്വമിഷന് തിരിച്ചടക്കുകയാണുണ്ടായത് (ചെക്ക് നം. 199274/27.04.16). പദ്ധതി നിർവ്വഹണത്തിൽ നഗരസഭാ അധികൃതരുടെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ അലംഭാവത്തിലേക്കാണിതു വിരൽ ചൂണ്ടുന്നത്.

നഗരസഭയുടെ അധീനതയിലുള്ള ഡമ്പിങ്ങ് യാർഡിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 11-12ൽ 2.12 കോടി രൂപയും, 12-13 – ൽ 28.144 ലക്ഷം രൂപയും സംസ്ഥാന ശുചിത്വമിഷനിൽ നിന്നും ലഭിച്ചിരുന്നുവെങ്കിലും നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ചുറ്റുമതിൽ നിർമ്മിച്ചതിനു ശേഷം മാത്രമേ ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുവാൻ പാടുള്ളൂവെന്ന ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12-13 വർഷം ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും, മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ സമീപവാസികൾ ഹരിത ട്രൈബ്യൂണലിൽ പരാതി സമർപ്പിച്ചിട്ടുള്ളതു മൂലമാണ് ഇതു സംബന്ധമായി തുടർനടപടികൾ എടുക്കാത്തതെന്നാണ് ഫയലിലെ രേഖ. ഇതു മൂലം ഖരമാലിന്യ പ്ലാന്റിനായി ലഭിച്ച തുക നിക്ഷേപമായി തുടരുന്നു. പലിശയുൾപ്പടെ ഇതു സംബന്ധമായ അക്കൗണ്ടിലെ 31.03.17 – ലെ നീക്കിയിരിപ്പ് 2,89,20,146/- രൂപയാണ് (A/c No.41012200192485). ഇപ്രകാരം ഖരമാലിന്യ സംസ്കരണം കീറാമുട്ടിയായിരിക്കെയാണ് നഗരസഭ ഈ ആവശ്യത്തിലേക്കായി തയ്യാറാക്കി അംഗീകാരം വാങ്ങിയ പ്രോജക്ടുകളിൽ വകയിരുത്തുന്ന തുക ചെലവഴിക്കാതെ ലാപ്സാകുന്നതെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആകയാൽ ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം, ഖരമാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം ഊർജ്ജിതപ്പെടുത്തുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-4 രാജീവ് ദശലക്ഷം ഭവനപദ്ധതി - കെ.യു.ആർ.ഡി.എഫ്.സി. വായ്പയിനത്തിൽ നഗരസഭ തിരിച്ചടക്കാനുള്ളത് 73.34 ലക്ഷം രൂപ

എൻ.എസ്.സി.പി പദ്ധതി പ്രകാരം 640 പേർക്ക് ഭവനനിർമ്മാണത്തിന് 23700/- രൂപ വീതം ലോൺ അനുവദിക്കുന്നതിലേക്കായി നഗരസഭ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 1999-2000 മുതൽ 2002-2003 വരെ വർഷങ്ങളിലായി 96 ലക്ഷം രൂപ വായ്പ എടുത്തിരുന്നു. ഒരു ഗുണഭോക്താവിന് നഗരസഭാ വിഹിതം 8700/-രൂപയും കെ.യു.ആർ.ഡി.എഫ്.സി. ലോൺ 15000/-രൂപയും ചേർത്താണ് 23700/-രൂപ അനുവദിച്ചിരുന്നത്. ടി തുക പ്രതിമാസം 143/-രൂപ പ്രകാരം 180/- ഗഡുക്കളായി നഗരസഭയിൽ തിരിച്ചടക്കണമെന്നും, ലോൺ തുക നഗരസഭ തിരിച്ചടക്കണമെന്നുമുള്ള വ്യവസ്ഥയിലാണ് കെ.യു.ആർ.ഡി.എഫ്.സി വായ്പ അനുവദിച്ചിരുന്നത്. എന്നാൽ ഭവനവായ്പ കൈപ്പറ്റിയ 204 ഗുണഭോക്താക്കൾ ലോൺ തിരിച്ചടക്കുന്നതിൽ മുടക്കം വരുത്തുകയും, ഇത് നഗരസഭയുടെ വായ്പാ തിരിച്ചടവിനെ ബാധിക്കുകയും ചെയ്തു. 31.08.2004 മുതൽ 10.07.15 വരെ മുതൽ, പലിശ എന്നീ ഇനങ്ങളിലായി 1,41,19,100/- രൂപ തിരിച്ചടച്ചുവെങ്കിലും 31.03.17 - ൽ ഈയിനത്തിലെ നഗരസഭയുടെ ബാദ്ധ്യത മുതൽ, പലിശ ഇനങ്ങളിലായി 73,31,884/- രൂപയെന്നാണ് കെ.യു.ആർ.ഡി.എഫ്.സി നഗരസഭയെ അറിയിച്ചിട്ടുളത് (കത്ത് നം.KURDFC/ULB /372/2014/12.05.17).

കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പയെടുത്ത് നടപ്പാക്കിയ ഭവനപദ്ധതികളിലെ ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളണമെന്ന അപേക്ഷയിന്മേൽ അനുകൂലതീരുമാനമെടുക്കുവാൻ ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തദ്ദേശസ്വയംഭരണ സെക്രട്ടറിയോടും, നഗരസഭാ സെക്രട്ടറിയോടും നിർദ്ദേശിച്ച് 05.09.16 -ൽ ഉത്തരവായിരുന്നു.

നഗരസഭാ സി.ഡി.എസിന്റെ പേരിൽ കെ.യു.ആർ.ഡി.എഫ്.സി - യിൽ നിന്ന് എടുത്ത വായ്പ കുടിശ്ശിക പ്ലാൻഫണ്ട് ഉപയോഗിച്ച് തിരികെ അടച്ച് ഗുണഭോക്താക്കൾക്ക് ആധാരം തിരികെ നൽകുന്നതിനായി സർക്കാരിന്റെ അനുവാദം വാങ്ങുവാൻ 28.04.17 ലെ കൗൺസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ (നം.1) നഗരകാര്യ ഡയറക്ടർക്ക് 22.05.17 - ൽ ഇതു സംബന്ധമായി കത്ത് നൽകിയെങ്കിലും ഈ വിഷയത്തിൽ ഓഡിറ്റ് സമയം വരെ അനുകൂലതീരുമാനമൊന്നുമായിട്ടില്ല. വായ്പതുക അടക്കുവാൻ കാലതാമസം വരുത്തുന്നത് പലിശയും, പിഴപ്പലിശയും ഉൾപ്പടെ നഗരസഭയുടെ ബാദ്ധ്യത പിന്നെയും വർദ്ധിക്കുന്നതിന് ഇടയാക്കുമെന്നതിനാൽ ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 നഗരസഭ വക സ്ഥലത്തു നിന്നും വാടകക്കാരനെ ഒഴിപ്പിച്ച് വർഷങ്ങൾക്കു ശേഷവും മൾട്ടിപ്ലക്സ് നിർമ്മാണം പ്രാവർത്തികമായിട്ടില്ല

നഗരസഭയുടെ കൈവശത്തിലുള്ള 227/18, 19,20 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 35.44 ആർസ് സ്ഥലം മൾട്ടിപ്ലക്സ് സിനിമാശാല നിർമ്മിക്കുന്നതിലേക്ക് കെ.യു.ആർ.ഡി.എഫ്.സി - ക്ക് 30 വർഷത്തേക്ക് പാട്ടത്തിനു നൽകുവാൻ 17.03.2012 – ൽ കൂടിയ കൗൺസിൽ തീരുമാനിച്ചിരുന്നു. ഇതിലേക്ക് പ്രസ്തുത സ്ഥലത്തുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന 'കൃപ' ആശുപത്രി ഒഴിപ്പിക്കുന്നതിന് 24.08.12-ൽ കൗൺസിൽ തീരുമാനിക്കുകയും ആയതു പ്രകാരം 08.10.12 – ൽ വാടകക്കാരൻ ഒഴിയുകയും ചെയ്തു. എന്നാൽ വാടകക്കാരനെ ഒഴിപ്പിച്ച് 5 വർഷങ്ങൾക്കു ശേഷവും മൾട്ടിപ്ലക്സ് നിർമ്മാണം ആരംഭിച്ചിട്ടില്ല. കെ.എസ്.എഫ്.ഡി.സി - ക്ക് കൈമാറാൻ നിശ്ചയിച്ച 227/19-ാംനമ്പരിൽപ്പെട്ട 2.08 ആർ വസ്തുവിന്റെ ഉടമസ്ഥാവകാശം നഗരസഭയുടെ പേരിൽ അല്ലെന്നു കണ്ടെത്തലാണ് ഭൂമികൈമാറ്റം അനിശ്ചിതത്വത്തിലാക്കിയത്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച രേഖകളൊന്നും നഗരസഭയുടെ പക്കലില്ലാതിരുന്നതും അനിശ്ചിതത്വം വർദ്ധിപ്പിച്ചു.

കൃപ ആശുപത്രി പ്രതിമാസം 16583/- രൂപ വാടകയ്ക്കാണ് പ്രവർത്തിച്ചിരുന്നത്. ഇതോടൊപ്പം സേവനനികുതിയും ഈടാക്കിയിരുന്നു. വസ്തു സംബന്ധിച്ച രേഖകൾ പരിശോധിച്ച് നിജസ്ഥിതി ഉറപ്പാക്കാതെ വാടകക്കാരനെ ഒഴിപ്പിച്ചതു മൂലം നഗരസഭയ്ക്ക് 9/17 വരെ വാടകയിനത്തിൽ താഴെപ്പറയും പ്രകാരം 11.10 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി.

| | |
|---|---|
| 2012-13 | 82915 (16583 x 5) |
| 2013-14 | 208946 (വർഷിക വർദ്ധനവ് 5% സഹിതം) |
| 2014-15 | 219393 (വർഷിക വർദ്ധനവ് 5% സഹിതം) |
| 2015-16 | 230363 (വർഷിക വർദ്ധനവ് 5% സഹിതം) |
| 2016-17 | 241881 (വർഷിക വർദ്ധനവ് 5% സഹിതം) |
| 2017-18 (9/17 വരെ) | 126988 (വർഷിക വർദ്ധനവ് 5% സഹിതം) |
| | 1110486 |

മേൽ പറഞ്ഞ തുകക്ക് പുറമെ സേവനനികുതിയിനത്തിലും, സെക്യൂരിറ്റി ഡപ്പോസിറ്റായി വാടകക്കാരൻ സമർപ്പിച്ചിരുന്ന 529500/-രൂപയുടെ പലിശയിനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്. അനാവശ്യമായ ധൃതി കാണിച്ച് കരാറുകാരനെ ഒഴിപ്പിച്ചതു വഴിയാണ് നഗരസഭയ്ക്ക് ഈ നഷ്ടത്തിന് ഇടയാക്കിയത്. 12-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിവരം ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും വസ്തു സംബന്ധമായ അപാകത പരിഹരിച്ച് മൾട്ടിപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ആകയാൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം തിയറ്റർ കോംപ്ലക്സിന്റെ നിർമ്മാണം എത്രയും വേഗം

ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-6 പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ - വികസനഫണ്ട് ഇനത്തിൽ 12.25 ലക്ഷം രൂപ തിരിച്ചടക്കാതെ ബാങ്ക് അക്കൗണ്ടിൽ

നഗരസഭയിലെ 11000 ഗുണഭോക്താക്കൾക്ക് പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 74.25 ലക്ഷം രൂപ ശുചിത്വമിഷൻ വിഹിതവും, 14.85 ലക്ഷം രൂപ വികസനഫണ്ടും, 9.9 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പടെ 99 ലക്ഷം രൂപ അടങ്കലിൽ ഒരു പ്രോജക്ടിന് 13.14 വർഷം അംഗീകാരം വാങ്ങിയിരുന്നു (എസ്.ഒ.99/2013). ശുചിത്വമിഷൻ ഫണ്ട് യഥാസമയം ലഭിക്കാതിരുന്നതുമൂലം പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്ന ഏജൻസിക്ക് വികസനഫണ്ടിനത്തിൽ വകയിരുത്തിയിരുന്ന 14.85 ലക്ഷം രൂപയും പിൻവലിച്ച് നൽകുകയുണ്ടായി. 11000 ഗുണഭോക്താക്കളെ ലക്ഷ്യമിട്ടാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും 1920 പേർക്ക് മാത്രമാണ് ടി യൂണിറ്റുകൾ സ്ഥാപിച്ചത്. ഇതിലേക്ക് ആനുപാതികമായ 259200/-രൂപ കഴിച്ച് (1920x135) ശേഷിച്ച തുക വികസനഫണ്ടിൽ നിന്നും അധികം ചെലവഴിക്കുകയാണുണ്ടായത്. പദ്ധതി ഉപേക്ഷിച്ചതിനെ തുടർന്ന് ചെലവഴിച്ചതിൽ ശേഷിച്ച ശുചിത്വമിഷൻ ഫണ്ട് 4/16 – ൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ശുചിത്വമിഷൻ ഫണ്ട് ലഭ്യമായിട്ടും ഈ പദ്ധതിക്കായി വികസനഫണ്ടിനത്തിൽ അധികം ചെലവഴിച്ച 12,25,800/- രൂപ (1485000 – 259200) നാളിതുവരെ തിരിച്ചടച്ചില്ല. ഈ തുക സെക്രട്ടറിയുടെ പേരിലുള്ള 67225675096-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. ഈ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 സ്റ്റോക്കിലുണ്ടായിരുന്ന ടാറിൽ നിന്നും രണ്ട് ബാരൽ കുറവ് - നഗരസഭയ്ക്ക് 23904/- രൂപയുടെ നഷ്ടം

നഗരസഭ 2/2016- ൽ സിഡ്കോയിൽ നിന്നും വാങ്ങിയ 156 ബാരൽ ടാറിൽ നിന്നും 22.02.2016 മുതൽ 22.03.17 വരെ തീയതികളിലായി 21780.05 കി.ഗ്രാം ടാർ വിവിധ വർക്കുകളുടെ നിർമ്മാണത്തിനായി വിതരണം ചെയ്തിരുന്നു. നഗരസഭാ ഓവർസിയറുടെ (PWO I) 11.04.17 – ലെ ഭൗതിക പരിശോധനാ റിപ്പോർട്ടിൽ 22 ഫുൾ ബാരൽ ടാർ സ്റ്റോക്കുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഓവർസിയറുടെ തന്നെ 31.05.17 ലെ മറ്റൊരു ഭൗതിക പരിശോധനാ റിപ്പോർട്ടിൽ സ്റ്റോക്കുണ്ടായിരുന്ന 22 ബാരൽ ടാറിൽ നിന്നും രണ്ടു ബാരൽ കാലപ്പഴക്കം മൂലം ദ്രവിച്ച് അതിലുണ്ടായിരുന്ന ടാർ ഉരുകി തറയിൽ പോയി എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്റ്റോക്കിൽ ആനുപാതിക കുറവ് വരുത്തിയിട്ടുണ്ട്. 22 ബാരൽ ടാർ ഉണ്ടെന്ന് റിപ്പോർട്ട് ചെയ്ത് ഒരു മാസത്തിനു ശേഷം ഇപ്രകാരം ടാർ നഷ്ടമായി എന്നതും, 2/16 ൽ ലഭിച്ച ടാറിൽ നിന്നും 2 ബാരൽ മാത്രം കാലപ്പഴക്കം മൂലം ദ്രവിച്ചുപോയി എന്നതും യുക്തിസഹമല്ല, വിശ്വാസിക്കാവുന്നതുമല്ല. ആവശ്യത്തിന് അനുസൃതമായി മാത്രം ടാർ വാങ്ങേണ്ടതും, ആയത് ഭദ്രമായി സൂക്ഷിക്കേണ്ടതും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഉത്തരവാദിത്വമാണെന്നതിനാൽ ഇപ്രകാരം സ്റ്റോക്കിലുണ്ടായിരുന്ന ടാറിന്റെ അളവിൽ കുറവ് വരുത്തിയ നടപടി ക്രമവിരുദ്ധമാണ്. മാത്രമല്ല ഇതു സംബന്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞതായോ, നഷ്ടമായ ടാറിന്റെ വില ഈടാക്കാൻ നടപടി സ്വീകരിച്ചതായോ രേഖയില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/27.09.17) ലഭിച്ച മറുപടിയിൽ 2 ബാരൽ ടാർ വെയിലിൽ പൊട്ടിയൊലിച്ചു പോയതാണെന്നറിയിച്ചു. ടി മറുപടി സ്വീകാര്യമല്ല. ആകയാൽ അധികൃതരുടെ ഭാഗത്തെ വീഴ്ച മൂലം നഷ്ടമായ ടാറിന്റെ വിലയിനത്തിലുള്ള 23904/-രൂപ (2x161.8x73.87 = 23904) ഉത്തരവാദികളിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-8 വിളക്ക് പോസ്റ്റിന്റെ കണക്കില്ല; തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് 16.13ലക്ഷം

നഗരത്തിലെ തെരുവ് വിളക്ക് പോസ്റ്റുകളുടെ കണക്കുപോലുമില്ലാതെ നഗരസഭ തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് ലക്ഷങ്ങൾ ചെലവഴിക്കുന്നു.

2016-17- ൽ തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് നഗരസഭ നേരിട്ട് തനത് ഫണ്ട് 1009219/-രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റ് പ്രോജക്ട് വെച്ച് 603825/-രൂപയും ഉൾപ്പെടെ 1613044/-രൂപ ചെലവഴിച്ചു. നഗരത്തിലെ 44വാർഡുകൾ നാലായി തിരിച്ച് 4പദ്ധതികൾ തയാറാക്കി വാർഷിക അറ്റകുറ്റപണി കരാർ (എ.എം.സി) നല്കിയാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചത്.

2015-16 - ൽ നഗരസഭ തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് 18ലക്ഷത്തോളം രൂപ ചെലവഴിച്ചിരുന്നു. ഓരോ വർഷവും ലക്ഷങ്ങൾ ചെലവഴിക്കുമ്പോഴും ചെലവിന്റെ സത്യസന്ധത തെളിയിക്കുന്ന പ്രാഥമിക രേഖയായ നഗരത്തിലെ തെരുവ് വിളക്കുകളുടെ കണക്ക് നഗരസഭ തയാറാക്കി സൂക്ഷിക്കുന്നില്ല. നഗരസഭ കൗൺസിൽ വിചാരിച്ചാൽ ഒരു ദിവസം കൊണ്ട് തയാറാക്കാവുന്നതാണ് ഈ കണക്ക്. കണക്കില്ലാത്തതിനാൽ ലക്ഷങ്ങളാണ് അറ്റകുറ്റപണിയുടെ പേരിൽ പാഴാകുന്നത്. കണക്കില്ലാത്ത ചെലവ് സാമ്പത്തികക്രമക്കേടുകൾക്കും പഴുതേകുന്നു.

നാല് പ്രോജക്റ്റുകളിൽ അറ്റകുറ്റപണിക്ക് എ.എം.സി നല്കാൻ എസ്റ്റിമേറ്റ് എടുത്തതായി കാണുന്നു. വിളക്ക് പോസ്റ്റുകളുടെ കണക്കില്ലാതെ എങ്ങനെ എസ്റ്റിമേറ്റ് തയ്യാറാക്കി എന്നത് വിശദീകരണാർഹമാണ്. പോസ്റ്റുകളുടെ അടിസ്ഥാന വിവരമില്ലാതെ തയ്യാറാക്കിയ എസ്റ്റിമേറ്റ് നഗരസഭാഫണ്ടിന് നഷ്ടവും എ.എം.സി കരാറുകാർക്ക് ലാഭവുമാകാനാണ് സാധ്യത.

ഓഡിറ്റിന് സമർപ്പിച്ച ഫയലുകളിൽ ചെലവ് സാധൂകരിക്കാൻ ആവശ്യമായ താഴെ പറയുന്ന രേഖകൾ ഇല്ല.

1.കെ.എസ്.ഇ.ബി രേഖകളുടെ അടിസ്ഥാനത്തിൽ തയാറാക്കിയതും നഗരത്തിലെ തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ച് എണ്ണം, ഇനം, പോസ്റ്റ് നമ്പർ എന്നിവ വ്യക്തമാക്കുന്നതും കൗൺസിൽ അംഗീകരിച്ചതുമായ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കെ.എസ്.ഇ.ബിയുമായി നടത്തിയ ഏറ്റവും ഒടുവിലത്തെ സംയുക്തപരിശോധനാറിപ്പോർട്ട്.

2.സ്റ്റോക്ക് അക്കൗണ്ട് തയാറാക്കി മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ.

3.പരാതി രജിസ്റ്റർ(വാർഡ്, പോസ്റ്റ് നമ്പർ, പരാതിക്കാരന്റെ വിവരം എന്നിവ അടിസ്ഥാനമാക്കി തയാറാക്കിയത്.)

4. പരാതി രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപണിയുടെ വിവരണം, തീയതി, എന്നിവ വിവരിക്കുന്ന അറ്റകുറ്റപണി രജിസ്റ്റർ.

5.അറ്റകുറ്റപണി നടത്തിയ തീയതികളിലെ കെ.എസ്.ഇ.ബിയുടെ അനുമതി, വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം.

6.അറ്റകുറ്റപണിയിലൂടെ ലഭിച്ച കേടായ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ.

7.ഇലക്ട്രിക്കൽ കോൺട്രാക്ടർമാരെ തിരഞ്ഞെടുത്ത ടെണ്ടർ/കൊട്ടേഷൻ രേഖകൾ, കോൺട്രാക്ടർമാരുമായി ചമച്ച കരാർ, ഇവർക്ക് തുക നല്കിയതിന്റെ രേഖകൾ.

8.രണ്ട് ഘട്ടങ്ങളായി അറ്റകുറ്റപണി നടത്തിയ കരാറുകാർ 2254 പ്രവശ്യം ട്യൂബ് പോസ്റ്റുകളിലും, 988പ്രാവശ്യം സി.എഫ്.എൽ പോസ്റ്റുകളിലും കയറിയതായി രേഖയുണ്ട്. ഇതിന്റെ കൃത്യത തെളിയിക്കുന്നതിന് അറ്റകുറ്റപണി നടത്തിയ തീയതികൾ, കയറിയ പോസ്റ്റുകളുടെ നമ്പർ, കെ.എസ്.ഇ.ബി അനുമതി പത്രം, മാറ്റിയിട്ട ഉപകരണങ്ങളുടെ കണക്ക്, തിരികെ കൈപ്പറ്റിയ ഉപയോഗശൂന്യമായ ഉപകരണങ്ങളുടെ സ്റ്റോക്ക്.

കൂടാതെ താഴെ പറയുന്ന അപാകങ്ങളും കാണുന്നു.

1.രണ്ട് ഘട്ടങ്ങളായി 521996/-രൂപ അറ്റകുറ്റപണി നടത്തിയ കരാറുകാർക്ക് തൊഴിൽകൂലി നല്കിയിട്ടുണ്ട്. രണ്ടാമത് നല്കിയ 295918/-രൂപയ്ക്ക് ആദായ നികുതി ഈടാക്കി. എന്നാൽ ആദ്യ ബില്ലിൽ-226078/-രൂപ-ആദായ നികുതി ഈടാക്കിയില്ല. ഇതിനാൽ കേന്ദ്ര ഫണ്ടിന് 2261/-രൂപ നഷ്ടമുണ്ടായി.

2.കരാറുകാരുടെ ലേബർ ബിൽ അനുസരിച്ച് 988പ്രാവശ്യമാണ് സി.എഫ്.എൽ പോസ്റ്റുകളിൽ അറ്റകുറ്റപണി നടത്തിയത്. ആകെ 1125സി.എഫ്.എൽ വിളക്കുകൾ വാങ്ങിയിട്ടുണ്ട്. 988പ്രാവശ്യത്തെ അറ്റകുറ്റപണിയിലൂടെ ഏറ്റവും കൂടിയത് 988 സി.എഫ്.എൽ വിളക്കുകൾ മാറ്റിയിട്ടതായി കണക്കാക്കിയാൽ പോലും 137എണ്ണം സ്റ്റോക്കിൽ ബാക്കിയുണ്ടാകണം. സ്റ്റോക്കിൽ വിളക്കുകൾ അവശേഷിക്കുന്നതായി രജിസ്റ്ററിൽ രേഖയില്ല. അതിനാൽ വിളക്കുകളുടെ വില-23358/-രൂപ മുനിസിപ്പൽ എഞ്ചിനീയറുടെ ബാധ്യതയായി നിർണയിക്കുന്നു.

മുകളിലെ അപാകങ്ങൾക്ക് സാധൂകരണരേഖകളും വിശദീകരണവും തേടി ഓഡിറ്റ് അന്വേഷണം (നം.42/28.9.17)നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. നാല് പദ്ധതികളും 17-18ലേക്ക് തുടർ പദ്ധതികളായിട്ടുണ്ട്. അതിനാൽ അവയുടെ ചെലവ് ഈ ഖണ്ഡികയിലെ ഓഡിറ്റ് നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് അടുത്ത ഓഡിറ്റിൽ സാധൂകരിക്കേണ്ടതാണ്.ഈ നാല് പ്രോജക്റ്റുകളുടെ ചെലവ്-603825രൂപ-കിഴിച്ച് 1009219രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. തെരുവ് വിളക്ക് അറ്റകുറ്റപണിയുടെ അവിശ്വസനീയമായ ചെലവ്

സാമ്പത്തികക്രമക്കേടായി കണ്ട് ഭരണവകുപ്പ് മേൽ അന്വേഷണം നടത്തേണ്ടതാണ്.

ചെലവിന്റെ വിശദാംശം:

| ചെക്ക് നം.തീയതി | തുക | വിവരണം |
|---|---|---|
| 420073/27.6.16 | 310145 | യുണൈറ്റഡ് ഇലക്ട്രിക്കൽസ്-സാധന വില. |
| 397449/26.7.16 | 226078 | ലേബർ ചാർജ് |
| 397466/19.12.16 | 66971 | ലേബർ ചാർജ് |
| 397467/19.12.16 | 51310 | ലേബർ ചാർജ് |
| 397468/19.12.16 | 61374 | ലേബർ ചാർജ് |
| 397469/19.12.16 | 113274 | ലേബർ ചാർജ് |
| 397470/19.12.16 | 180067 | യുണൈറ്റഡ് ഇലക്ട്രിക്കൽസ്-സാധനവില |
| ആകെ | 1009219 | |

## 3-9 ഹൈമാസ്റ്റ് അറ്റകുറ്റപണിക്ക് 3.9ലക്ഷം,ചെലവിൽ ഗുരുതരക്രമക്കേടുകൾ

നഗരത്തിലെ ഹൈമാസ്റ്റ് വിളക്കുകളുടെ അറ്റകുറ്റപണിയിൽ ഗുരുതര ക്രമക്കേടുകൾ.

അറ്റകുറ്റ പണിക്ക് എ.എം.സി (വാർഷിക അറ്റകുറ്റപണി കരാർ) എന്ന പേരിൽ നടപ്പാക്കിയ പദ്ധതിയിലാണ് പൊതുമരാമത്ത് മാന്വലും സർക്കാർ ഉത്തരവുകളും ധനവിനിയോഗ നിയമങ്ങളും ലംഘിച്ചത്.

നഗരസഭ എഞ്ചിനീയറാണ് പദ്ധതി (പ്രോജക്ട് 94/17) നടപ്പാക്കിയത്. എ.എം.സിക്കാണ് അംഗീകരിച്ചതെങ്കിലും എ.എം.സി രീതിയിലല്ല പദ്ധതി നടപ്പാക്കിയത്. സാധാരണ മരാമത്ത് പദ്ധതി പോലെയാണ് പദ്ധതി നടപ്പാക്കിയത്.

നഗരത്തിലെ 27ഹൈമാസ്റ്റ് വിളക്കുകളുടെ അറ്റകുറ്റപണിക്കായിരുന്നു പദ്ധതി. 2015-16ലെ പദ്ധതി തുടർ പദ്ധതിയായി 16-17ൽ നടപ്പാക്കുകയായിരുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റ് 392000/- രൂപ പദ്ധതിക്ക് ആകെ ചെലവഴിച്ചു (ബിൽ നം.47/31.3.17). 342359 രൂപ കരാറുകാരൻ പ്രദീപ് കുമാറിന് (പവർ ലൈൻ എഞ്ചിനിയേഴ്സ്, യമുന ആർക്കേഡ്, കല്ലായി റോഡ്, കോഴിക്കോട്) നല്കിയതായി ഫയൽ കുറിപ്പിൽ കാണുന്നു (ബാക്കി 49641/-രൂപ നികുതി ക്ഷേമനിധി വിഹിതങ്ങൾ). കരാറുകാരൻ തുക കൈപ്പറ്റിയതിനും നികുതിവിഹിതങ്ങൾ ഒടുക്കിയതിനും രേഖയില്ല.

ചെലവിലെ ഗുരുതര അപാകങ്ങൾ :

1.പദ്ധതിയുടെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി പത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എം.ബുക്ക് (85/16-17) ഉണ്ടെങ്കിലും അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്ത് മൂല്യനിർണയം നടത്തി ബില്ല് തയാറാക്കിയിട്ടില്ല.

2.പദ്ധതിക്ക് 9.07.2015 - ൽ ടെണ്ടർ പരസ്യം(pw1-5351/15,9.07.2015) പ്രസിദ്ധപ്പെടുത്തി. പരസ്യം അനുസരിച്ച് വിറ്റ ടെണ്ടർ ഫോമുകളുടെ വിവരം, ലഭിച്ച ടെണ്ടർ ഫോറങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ ടെണ്ടർ നടപടികളുടെ ആധികാരികതയും സുതാര്യതയും വ്യക്തമല്ല.

3.കരാർ നേടിയ പ്രദീപ് കുമാറിന്റെ ടെണ്ടർ എസ്റ്റിമേറ്റ് നിരക്കിൽ 2% കുറവിലാണ് അംഗീകരിച്ചതെന്ന് ഫയൽ കുറിപ്പിൽ കാണുന്നു. എസ്റ്റിമേറ്റില്ലാത്തതിനാൽ അംഗീകരിച്ച കരാർ തുക എത്രയെന്ന് അറിയില്ല. കരാറുകാരന്റെ ഐറ്റംബാർ റേറ്റ് വ്യക്തമാക്കുന്ന രേഖയില്ല. കരാറുകാരന് നല്കിയ തുകയിൽ 2%കുറവ് വരുത്തിയോ എന്നതും വ്യക്തമല്ല.

4. പ്രദീപ് കുമാറിന്റെ ഇലക്ട്രിക്കൽ ലൈസൻസ്, ഹൈമാസ്റ്റ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുവാനുള്ള സർക്കാർ അനുമതി/സാങ്കേതിക വൈദഗ്ധ്യം തെളിയിക്കുന്ന സാക്ഷ്യപത്രം, പവർ ലൈൻ എഞ്ചിനീയേഴ്സിന്റെ അംഗീകാര പത്രം എന്നിവയില്ല.

5.നഗരത്തിലെ ഹൈമാസ്റ്റ് വിളക്കുകൾ 16m, 12m, 20m എന്നിങ്ങനെ വ്യത്യസ്ത ഉയരത്തിലും സ്പെസിഫിക്കേഷനിലുമുള്ളവയാണ്. എന്നാൽ ഒരേ നിരക്കിലാണ് കരാറുകാരന്റെ ബില്ല് തീർപ്പാക്കിയത്.5.12.2015- ൽ കരാർ ചമച്ചിരുന്നു. കരാറിൽ യാതൊരു വ്യവസ്ഥകളും ഉൾപ്പെടുത്തിയില്ല. വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്താഞ്ഞത് നഗരസഭയുടെ ഉത്തമതാല്പര്യത്തിന് വിരുദ്ധവും കരാറുകാരന് സഹായകവുമായി. ബില്ല് തീർപ്പാക്കിയത് കരാറുകാരന്റെ 29.03.2017 ലെ 73/Dഇൻവോയ്സ് ആധാരമാക്കിയാണ്. കരാറിൽ വ്യവസ്ഥകൾ ഉൾപ്പെടുത്താതെയും കരാറിന് വർഷങ്ങൾക്ക് ശേഷമുള്ള ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് ബില്ല് തീർപ്പാക്കി നല്കിയതും ഗുരുതരക്രമക്കേടാണ്. ഈ നടപടി ചെലവിന്റെ ആധികാരികത ചോദ്യം ചെയ്യുന്നതാണ്.

6.അറ്റകുറ്റപണി നടത്തിയതായി തെളിയിക്കുന്ന പരാതി രജിസ്റ്റർ, അറ്റകുറ്റപണി രജിസ്റ്റർ, കരാറുകാരൻ മാറ്റിയിട്ടതായി പറയുന്ന സാധനങ്ങളുടെ ബില്ല്, ഗുണമേന്മ തെളിയിക്കുന്ന സാക്ഷ്യപത്രം, ഐ.എസ്.ഐ/ഗ്യാരന്റി രേഖകൾ, നഗരസഭാ എഞ്ചിനീയറുടെ സാക്ഷ്യപത്രം, ഉപയോഗരഹിതമായ സാധനങ്ങളുടെ സ്റ്റോക്ക് എന്നിവ ഫയലിൽ ഇല്ല. രേഖകൾ ഇല്ലാത്തത് പദ്ധതി നിർവഹണം ശരിയായി നടന്നിട്ടില്ലെന്നതിന്റേയും ചെലവിൽ കൃത്യത ഇല്ലെന്നതിനും തെളിവാണ്.

7.എ.എം.സിക്കാണ് പദ്ധതി അംഗീകരിച്ചത്. എന്നാൽ എ.എം.സി രീതിയിലല്ല പദ്ധതി നടപ്പാക്കിയത്. കരാറുകാരൻ അറ്റകുറ്റ പണിയുടെ രേഖകൾ ഹാജരാക്കിയതിന് ശേഷമാണ് ചെലവ് നടത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് അനുസരിച്ച് കരാറുകാരൻ നടത്തിയ അറ്റകുറ്റപണികളുടെ അളവുകൾ എംബുക്കിൽ രേഖപ്പെടുത്തി കരാറുകാരൻ മൂല്യം നിർണിച്ച് ചെലവിന്റെ ആധികാരികതയും കൃത്യതയും ഉറപ്പാക്കിയല്ല നഗരസഭാഫണ്ട് പിൻവലിച്ചത്. കരാറുകാരന്റെ ബില്ലും തയാറാക്കിയിട്ടില്ല. സുതാര്യവും കൃത്യവും ആധികാരികവുമല്ലാത്ത രേഖകളുടെ അടിസ്ഥാനത്തിൽ നഗരസഭാഫണ്ട് പിൻവലിച്ചത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്.

8.ഹൈമാസ്റ്റ് വിളക്കുകളുടെ അറ്റകുറ്റപണി വാർഡ് കൗൺസിലർമാർ സാക്ഷ്യപെടുത്തിയിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ടില്ല. കൗൺസിൽ മിനിറ്റ്സിൽ ഹൈമാസ്റ്റ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തിയിട്ടില്ലെന്ന് വാർഡ് കൗൺസിലർമാർ നിരന്തരം പരാതി ഉന്നയിച്ചിട്ടുണ്ട്.

മുകളിൽ വ്യക്തമാക്കിയ അപാകങ്ങൾ പദ്ധതിയിൽ വലിയ ക്രമക്കേടുകൾ സംഭവിച്ചു എന്നതിന് തെളിവാണ്. ചെലവിന്റെ ആധികാരിക രേഖകളും യുക്തമായ വിശദീകരണങ്ങളും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.26)നല്കിയെങ്കിലും സാധൂകരണ രേഖകളോ വിശദീകരണമോ ലഭിച്ചില്ല.

കൃത്യത തെളിയിക്കപ്പെടാത്തതിനാൽ ആകെ ചെലവ് 392000/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ചെലവ് ഉചിതമായ മേൽഅന്വേഷണത്തിന് വിഷയമാക്കേണ്ടതാണ്. ഭരണവകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു. ആവർത്തനചെലവായതിനാൽ ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ കൗൺസിലിന്റേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 പൊതു ടാപ്പുകളുടെ വെള്ളക്കരം- നഗരസഭയ്ക്ക് വൻ ബാദ്ധ്യത

സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിൽ നഗരസഭ വലിയ അനാസ്ഥയാണ് തുടരുന്നത്. 04/2008 മുതൽ നാളിതുവരെയുള്ള വെള്ളക്കരക്കുടിശ്ശിക 5.32 കോടി രൂപയാണ്. ഈ വൻ കുടിശ്ശിക ഒഴിവാക്കാൻ നഗരസഭ ഒരു നടപടിയും സ്വീകരിക്കുന്നില്ല.

കുടിശ്ശികയിളവ് ചെയ്ത് കിട്ടിയെങ്കിലും ഇതിന്റെ ആനുകൂല്യം നഗരസഭ ഉപയോഗപ്പെടുത്തിയില്ല

നഗരസഭയുടെ അഭ്യർത്ഥനയെത്തുടർന്ന്, സർക്കാർ തീരുമാനമനുസരിച്ച് (സ.ഉ. നം: 816/09/ത.സ്വ.ഭ.വ.തീയതി: 30.03.2009) KWA/HO//R2/1266/2011 നം. കത്ത് പ്രകാരം 04/2008 മുതൽ 07/2014 വരെയുള്ള വെള്ളക്കരക്കുടിശ്ശിക 2,31,99,845/- രൂപയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 61,65,972/- രൂപ എഴുതിത്തള്ളുകയും ബാക്കി 1,70,33,873 രൂപ 31.10.2014 - ന് മുൻപ് ഒടുക്കുവരുത്തുന്നതിന് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. ഇപ്രകാരം തീരുമാനം ഉണ്ടായിട്ടും യഥാസമയം തുക ഒടുക്കുവരുത്തിയില്ല. എന്നാൽ തുടർന്ന് തവണകളായി കുടിശ്ശിക ഒടുക്കുന്നതിനുള്ള അനുവാദം തേടുകയും മൂന്ന് തവണകളായി അടയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റി 02.12.2014-ൽ അനുവാദം നല്കുകയും ചെയ്തു. വാട്ടർ അതോറിറ്റി ഇപ്രകാരം ആനുകൂല്യം അനുവദിച്ചിട്ടും നാളിതുവരെ കുടിശ്ശിക തീർത്തിട്ടില്ല. കുടിശ്ശികയടയ്ക്കുന്നതിന് 12/2014 ൽ അനുവാദം ലഭിച്ചെങ്കിലും 27 മാസത്തിന് ശേഷം 03/2017 - ൽ ആദ്യഗഡു മാത്രമാണ് ഒടുക്കുവരുത്തിയത്. ഈ കാലയളവിൽ 07/2014 ന് ശേഷമുള്ള തുകയും പിഴയും ഉൾപ്പടെ വൻതുക ബാദ്ധ്യതയായിട്ടുണ്ട്. 50 ലക്ഷം രൂപ ഒടുക്കിയ ശേഷവും 04/2017 - ൽ 4,62,87,496/- രൂപ ബാദ്ധ്യതയുണ്ട്. തീർപ്പാക്കിയതിന്റെ ഇരട്ടിയിലധികം തുക ഇപ്പോൾ അടയ്ക്കാനുണ്ട്. നിലവിൽ ഒരു മാസത്തെ വെള്ളക്കരത്തിന്റെ ഇരട്ടിയിലധികം തുക പിഴയിനത്തിൽ ഒടുക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ വൻ ബാദ്ധ്യതയുണ്ടാകുന്നത് അതീവ ഗൗരവമുള്ള വിഷയമാണ്. ബാദ്ധ്യത വ്യക്തമാക്കുന്നതിന് താഴെപ്പറയുന്ന പട്ടിക നോക്കുക.

| | |
|---|---|
| 31/07/2014 ലെ കുടിശ്ശിക (ഒത്തുതീർപ്പിന് ശേഷം) | 1,70,33,873 |
| 07/2014 ന് ശേഷം ഒടുക്കിയ തുക (03/2017ൽ ഒടുക്കുവരുത്തി) | 50,00,000 |
| നിലവിൽ<br>09/2017ബിൽ പ്രകാരം കുടിശ്ശിക (08/17 വരെയുള്ള തുക) | 5,18,20,336 |
| 09/17 ലെ ബിൽ പ്രകാരം തൻ മാസത്തെ വെള്ളക്കരം | 4,50,702 |
| 09/17 ലെ ബിൽ പ്രകാരം തൻമാസം ഒടുക്കേണ്ട തുക | 10,16,639 |
| 09/2017 ലെ ബിൽ പ്രകാരം ആകെ അടയ്ക്കേണ്ട തുക | 5,32,87,677 |

19.03.2015ൽ കുടിശ്ശികയടയ്ക്കുന്നത് സംബന്ധിച്ച് സെക്ഷനിൽ നിന്നും എഴുതിയ ഫയലിൽ തീരുമാനമായത് 09.03.2017 - ൽ മാത്രമാണ്. നടപടിക്രമത്തിലെ ഈ കാലതാമസം വ്യക്തമാക്കുന്നത് കുടിശ്ശിക തീർപ്പാക്കുന്നതിലുള്ള ഉത്തരവാദിത്വ മില്ലായ്മയാണ്.

വെള്ളക്കരം അതത് മാസം ഒടുക്കു വരുത്തുന്നില്ല

കുടിശ്ശിക തീർപ്പാക്കാതെ തുടരുന്നതിനോടൊപ്പം നിലവിൽ ഓരോ മാസത്തേയും വെള്ളക്കരം അതത് മാസം അടയ്ക്കാതിരിക്കുന്നതും നഗരസഭയുടെ ബാദ്ധ്യത കൂടുന്നതിനുള്ള കാരണമാണ്. ഇപ്രകാരം കുടിശ്ശികയാകുന്ന തുകയ്ക്കും പിഴയിനത്തിൽ വൻ തുക അടയ്ക്കേണ്ടതായിത്തീരുന്നു. വെള്ളക്കരം ഇനത്തിൽ അടയ്ക്കേണ്ടതിനേക്കാൾ കൂടുതൽ തുക പിഴയിനത്തിൽ അടയ്ക്കേണ്ടി വരുന്നത് നഗരസഭയുടെ അനാസ്ഥ മൂലമുണ്ടാകുന്ന ബാദ്ധ്യതയാണ്. ഈ വിഷയത്തിൽ ഇത്രമാത്രം ബാദ്ധ്യതയേറുന്നത് നഗരസഭ പരിഗണിക്കുന്നില്ല എന്നത് ഗൗരവതരമായ വിഷയമാണ്. ഇക്കാര്യത്തിൽ ഭരണവകുപ്പ് അടിയന്തിരനിർദ്ദേശം നല്കേണ്ടതാണ്.

സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നില്ല

പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് 2008 ന് ശേഷം സംയുക്ത പരിശോധന നടത്തിയിട്ടില്ല. 2008 - ന് ശേഷമുള്ള വെള്ളക്കരത്തിന്റെ ബില്ലിൽ ടാപ്പുകളുടെ എണ്ണം വ്യത്യസ്ത രീതിയിലാണ് കാണിച്ചിരിക്കുന്നത് . 2008 - ൽ 626 ടാപ്പുകൾ എന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ 07/2010 വരെ വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുണ്ട്. തുടർന്ന് 08/2010 മുതൽ 01/2012 വരെ 643 ടാപ്പുകളുടെയും 02/2012 മുതൽ വീണ്ടും 626 ടാപ്പുകളുടെയും വെള്ളക്കരം കണക്കാക്കിയിരിക്കുന്നു. 626 ടാപ്പുകൾ എന്നത്

643ലേക്ക് കൂടുകയും പിന്നീട് 626ലേക്ക് കുറയുകയും ചെയ്തതിന്റെ കാരണം വ്യക്തമല്ല. തുടർന്ന് 12/2013 മുതൽ 634 ടാപ്പുകളുടെ വെള്ളക്കരം കണക്കാക്കിയിട്ടുണ്ട്. നിലവിൽ 09/2017 - ൽ ആകട്ടെ 686ടാപ്പുകളുണ്ട്. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടന്നതാണെങ്കിൽ ടാപ്പുകളുടെ എണ്ണം കുറയാനിടയില്ല. ഈ വ്യത്യാസത്തിന്റെ കൃത്യത നഗരസഭ പരിശോധിച്ചിട്ടില്ല. കൂടാതെ പൈപ്പ് ലൈൻ നീട്ടിയിട്ടുണ്ടെങ്കിൽ അതിനനുസരിച്ചാണോ ടാപ്പുകളുടെ എണ്ണം കൂടിയതെന്ന് ഉറപ്പാക്കിയിട്ടുമില്ല. വാട്ടർ അതോറിറ്റിയുടെ കണക്കിലെ വ്യത്യാസം പരിശോധിക്കുകയും വാട്ടർ അതോറിറ്റിയുടെ ബില്ലിന്റെ കൃത്യത ഉറപ്പാക്കാതെയും തുടരുന്നത് നഗരസഭയുടെ ധനവിനിയോഗത്തിലെ ന്യൂനതയാണ്. വാട്ടർ അതോറിറ്റിയുടെ ബില്ലിൽ വ്യത്യാസമുണ്ടെന്നതും ടാപ്പുകൾ മിക്കതും പ്രവർത്തനക്ഷമമല്ലെന്ന് നഗരസഭാ കൗൺസിലിൽ വാർഡ് മെമ്പർമാർ അഭിപ്രായപ്പെട്ടതും പരിഗണിച്ച് സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കേണ്ടതാണ്.

<u>കുടിവെള്ളം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കുന്നില്ല.</u>

വർദ്ധിച്ചുവരുന്ന വെള്ളക്കരം കുറയ്ക്കുന്നതിനായി കുടിവെള്ളത്തിന് ഗാർഹികകണക്ഷൻ സാധ്യമാക്കാവുന്നതാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച സബ്സിഡി മാർഗരേഖ പ്രകാരം (16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ത.സ്വ.ഭ.വ.) പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി, ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡിക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി (പൊതുവിഭാഗത്തിന് 4000/- രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000 രൂപയും) നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പദ്ധതി നടപ്പാക്കാൻ ശ്രമിച്ചിട്ടില്ല. അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ മാത്രമേ വെള്ളക്കരത്തിന്റെ ബാദ്ധ്യത ശാശ്വതമായി പരിഹരിക്കുവാൻ കഴിയൂ. ഈ വിഷയത്തിലേയ്ക്ക് നഗരസഭാ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 <u>പൈപ്പിന് മാർക്കറ്റ് നിരക്കിലും അധികം തുക കരാറുകാരന് അനുവദിച്ചു നൽകുക വഴി അധികച്ചെലവ്</u>

പ്രോജക്ട് നം. - 43/17

എസ്റ്റിമേറ്റ് - 3,00,000/-

കരാറുകാൻ - റ്റി.ഷഹിംഷ

അളവുപുസ്തകം - 234/15-16

ബിൽ നം./തീയതി- 11/19.1.17

കായംകുളം താലൂക്ക് ആശുപത്രിയുടെ പ്ലംബിംഗ് അറ്റകുറ്റപ്പണി നടത്തുന്നതിലേക്കായി 2015-16 വർഷം തയ്യാറാക്കിയ ഈ പ്രോജക്ടിന്റെ നിർവ്വഹണം 2016-17 വർഷം സ്പിൽഓവറായി നടത്തിയിരുന്നു. ഇതിലേക്ക് ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ 17-ാം ഇനമായി 'Maintenance of plumbing work including cost and labour charge' എന്ന പേരിൽ 1500/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ വർക്കിന്റെ നിർവ്വഹണ ഘട്ടത്തിൽ ഈ ഇനം റിവൈസ് ചെയ്ത് താഴെപ്പറയും പ്രകാരം കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്.

| ഇനം | അളവ് | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|
| 110mm PVC pipe | 13mtr | 548.5/m | 7130.50 |
| 50mm PVC pipe | 7mtr | 548.5/m | 3839.50 |
| Con. Stop cock | 2no's | 1052.52/E | 2105.04 |
| shower | 2no's | 784.88/E | 1569.76 |
| Flush tank | 1no's | 1074.31/E | 1074.31 |
| Engaging plumber | 8no's | 547.0665/E | 4376.53 |
| Engaging man mazdoor | 8no's | 437.89/E | 3503.08 |

കരാറുകാരൻ സപ്ലൈ ചെയ്ത സാധനങ്ങൾക്ക് മാർക്കറ്റ് നിരക്കിലാണ് തുക അനുവദിച്ചതെങ്കിലും ആദ്യ രണ്ട് ഇനങ്ങളുടെ ബില്ല് ഹാജരാക്കിയിട്ടില്ല. DSR-2014 പ്രകാരം പ്രസ്തുത ഇനങ്ങൾക്ക് അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 110mm PVC pipe 4kgf/cm2 | 170/m |
| 50mm PVC pipe 6kgf/cm2 | 60/m |

ഇതിൽ നിന്നും വിഭിന്നമായി കരാറുകാരന് അധിക നിരക്ക് അനുവദിക്കുകവഴി 8340/-രൂപയുടെ അധികച്ചെലവുണ്ട്.

| ഇനം | അളവ് | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 110mm PVC pipe | 13 | 548.5x13=7130 | 170x13=2210 | 4920 |
| 50mm PVC pipe | 7 | 548.5x7=3839.50 | 60x7=420 | 3420 |
| | | | | 8340 |

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38/27.09.17) മറുപടി ലഭിച്ചില്ല. ആകയാൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 3-12 റയിൽവേ സ്റ്റേഷൻ-കോട്ടപ്പുറത്ത് റോഡ് റീ ടാറിംഗിൽ അധികചെലവ്

റയിൽവേ സ്റ്റേഷൻ കോട്ടപ്പുറത്ത് റോഡ് റീ ടാറിംഗിൽ അധിക ചെലവ്. ആവശ്യമായ മെറ്റലിന്റെ അളവിൽ വോയ്ഡ് കുറയ്ക്കാഞ്ഞതിനാലാണ് ചെലവ് അധികമായത്.

2015-16ലെ പദ്ധതി (പ്രോജക്ട് 263/16) 2016-17ൽ സ്പിൽ ഓവറായി (പ്രോജക്ട് 30/17) നടപ്പാക്കി. ഗുണഭോക്തൃസമിതി നിർവഹിച്ച പദ്ധതിക്ക് റോഡ് സംരക്ഷണ ഫണ്ടാണ് ചെലവഴിച്ചത്.

2014 DSR നിരക്കിൽ അംഗീകരിച്ച എസ്റ്റിമേറ്റിലെ ഒന്നാം ഇനം 53 to 22.4mm മെറ്റൽ 58.297$m^3$സ്റ്റാക്ക് ചെയ്യുകയാണ്. എം.ബുക്ക് 68/16-17പേജ് 1ൽ 60$m^3$മെറ്റൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എം.ബുക്കിന്റെ പേജ് 13ൽ രേഖപ്പെടുത്തിയിരിക്കുന്ന പണിയുടെ അന്തിമ ബില്ലിൽ സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ വോയിഡ്സ് കുറയ്ക്കാതെ എസ്റ്റിമേറ്റിലെ അളവിൽ- 58.297$m^3$-നിജപ്പെടുത്തി ഒരു $m^3$ ന് 1555.37രൂപ നിരക്കിൽ ആകെ 90673.40രൂപ ഗുണഭോക്തൃസമിതിക്ക് നല്കി. ഇത് ഡി.എസ്.ആറിന് വിരുദ്ധമാണ്. ഡി.എസ്.ആർ അനുസരിച്ച് ആകെ സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറച്ച് വേണമായിരുന്നു ബില്ല് തീർപ്പാക്കുവാൻ. ഇതിന് വിരുദ്ധമായി ബില്ല് തീർപ്പാക്കിയതിനാൽ നഗരസഭാഫണ്ടിനുണ്ടായ അധിക ചെലവ് താഴെ നിർണ്ണയിക്കുന്നു.

സ്റ്റാക്ക് ചെയ്ത മെറ്റൽ -- 60$m^3$

വോയ്ഡ്സ്--7.5% = 4.5$m^3$

അംഗീകരിക്കാവുന്ന മെറ്റലിന്റെ അളവ്, തുക = (60-4.5) = 55.5$m^3$, 86323.035

അധിക ചെലവ് =90673.40 – 86323.04 = 4350.36 = 4350/-രൂപ

അധിക ചെലവ് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണിയിക്കാതിരിക്കാൻ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.33) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. അതിനാൽ 4350/-രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ചെലവിന്റെ വിവരണം-ബിൽ നം.52/17, 31.3.2017-233729രൂപ.

ഗുണഭോക്തൃസമിതി നിർവഹണമായിട്ടും ഗുണഭോക്തൃസമിതി മാർഗരേഖ അനുസരിച്ചുള്ള രേഖകൾ ഫയലിലില്ല. ഗുണഭോക്തൃസമിതി ഭാരവാഹികളുടെ തിരിച്ചറിയൽ രേഖയില്ല. ഗുണഭോക്തൃസമിതി സംയുക്തമായി കരാർ

ചമച്ചിട്ടില്ല. വരവ് ചെലവ് ബാങ്ക് അക്കൗണ്ട് വഴിയല്ല. പദ്ധതി നിർവഹണം ഗുണഭോക്തൃ സമിതിയായിരുന്നെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ (രേഖകൾ ഓഡിറ്റ് അന്വേഷണം-33ൽ ആവശ്യപ്പെട്ടിരുന്നു.) ആകെ ചെലവിൽ ഓഡിറ്റിൽ അനുവദിക്കാത്ത 4350/- രൂപ കിഴിച്ച് (233729 – 4350) ബാക്കി 229379/-രൂപ തടസപ്പെടുത്തുന്നു.

## 3-13 പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക -2,32,49,310/-രൂപ, തനതുഫണ്ടിന് അധികബാധ്യത

പെൻഷൻ കോൺട്രിബ്യൂഷൻ ഫയൽ (ജി2-3946/93-vol.11) പരിശോധിച്ചതിൽ 2006 നു ശേഷം നഗരസഭയിൽ നിന്നും ജീവനക്കാരുടെ പെൻഷൻ വിഹിതം പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല. 2007 മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് വിഹിതം അടക്കാനുണ്ട് എന്നാണ് ഓഡിറ്റ് അന്വേഷണം നം.01/19.09.17 നുള്ള മറുപടിയിൽ അറിയിച്ചത്.

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ് )ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% വീതം പ്രതിമാസം ഒടുക്കു വരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യം നല്കുന്നതിനായി സെക്രട്ടറിയുടെ പേരിൽ കായംകുളം സബ്ട്രഷറിയിൽ മുനിസിപ്പൽ പെൻഷൻ ഫണ്ടിനായി ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ട്. (അക്കൗണ്ട് നം.TPA 297) സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് വിഹിതം അടക്കാത്തതിനാൽ നഗരസഭയ്ക്ക് അലോട്ട്മെന്റിനത്തിൽ തുക ലഭിക്കുന്നില്ല. ആയതിനാൽ നിലവിൽ ഈ അക്കൗണ്ട് വഴി ഇടപാടുകൾ നടക്കുന്നില്ല.

31.03.17 ലെ കണക്ക് പ്രകാരം ഇവിടെ നിന്നും വിരമിച്ച 53 പേരും മറ്റു നഗരസഭകളിൽ നിന്നും ഇവിടേക്ക് ഓപ്ഷൻ നല്കിയ 2 പേരും ഉൾപ്പടെ 55റഗുലർ വിഭാഗം ജീവനക്കാരും 44കണ്ടിജന്റ് ജീവനക്കാരും ഇവിടെ നിന്നും പെൻഷൻ കൈപ്പറ്റുന്നു.

ഏറ്റവും ഒടുവിൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിച്ചത് 2014 ലാണ് (13ലക്ഷം രൂപ). അതിനു മുൻപ് 2009 മുതൽ 2011 വരെയായി ആകെ 34ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഈ വർഷങ്ങളിൽ തനതുഫണ്ടിൽ നിന്നും ചെലവായ തുകയുമായി താരതമ്യം ചെയ്താൽ ഇത് വളരെ കുറവാണ്(2,18,89,099/-)

പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ ഫണ്ടിലേക്ക് അടക്കാനുള്ള കുടിശ്ശിക 2,32,49,310/- രൂപയും (2007 മുതൽ 31.03.2017 വരെ) അലോട്ട്മെന്റിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക 16,31,24,546/- രൂപയും ആണ്. അതിനാൽ പ്രസ്തുത കാലയളവിൽ തനതുഫണ്ടിൽ നിന്നും 16,31,24,546/- രൂപ പെൻഷൻ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. തനതുഫണ്ടിൽ നിന്നും പെൻഷൻ ഇനത്തിലുള്ള ചെലവിന്റെ ബാഹുല്യം എത്രയെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒടുക്കുവാൻ ബാധ്യസ്ഥമായ തുക അടക്കാത്തതിനാൽ കിട്ടാനുള്ള തുകയ്ക്ക് അവകാശമുന്നയിക്കാൻ സ്ഥാപനത്തിന് കഴിയുന്നില്ല. ഇതിന്റെ ഫലമായി കണ്ടിജന്റ് ജീവനക്കാരുടേതെന്ന പോലെ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ തുകയും പൂർണ്ണമായും നഗരസഭയുടെ ബാധ്യതയായി മാറുന്നു.

സാമ്പത്തിക പ്രതിസന്ധി കാരണമാണ് പെൻഷൻ വിഹിതം ഒടുക്കാൻ കഴിയാത്തത് എന്ന മറുപടിയാണ് ഓഡിറ്റ് അന്വേഷണത്തിന് നൽകിയത്. തനതുവരുമാന സ്രോതസ്സുകൾ നിരവധിയായുള്ള സ്ഥാപനത്തിന് അവിടെ നിന്നുള്ള വരുമാനം പൂർണ്ണമായും ലഭ്യമാക്കുക വഴി തനതുഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കാവുന്നതാണ്. മാത്രവുമല്ല ഒരു നിശ്ചിത സംഖ്യ പ്രതിമാസം അടക്കുവാൻ കഴിയാത്തവർ പ്രതിവർഷം ലക്ഷകണക്കിന് രൂപ ദരിദ്രമെന്ന് പറയുന്ന അതേ ഫണ്ടിൽ നിന്നു തന്നെ കണ്ടെത്തുന്നത് എപ്രകാരമെന്ന് വ്യക്തമാകുന്നില്ല.

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും കുടിശ്ശിക ലഭിക്കണമെങ്കിൽ പെൻഷൻ വിഹിതം കൃത്യമായി അടക്കണം. ആയതിനാൽ പെൻഷൻ വിഹിതം അടക്കുന്നതിലെ അലംഭാവം അവസാനിപ്പിച്ച് തുക കൃത്യമായി ഒടുക്കേണ്ടതും ഈ ഇനത്തിൽ തനതുഫണ്ടിൽ നിന്നുള്ള അധിക ചെലവ് ഒഴിവാക്കേണ്ടതുമാണ്. വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 നാഷണൽ പെൻഷൻ സ്കീം -

എ). റഗുലർ വിഭാഗം ജീവനക്കാരുടെ നഗരസഭാവിഹിതത്തിൽ കുടിശ്ശിക

നാഷണൽ പെൻഷൻ സ്കീമിൽ അംഗമായ ജീവനക്കാരുടെ നഗരസഭാവിഹിതം ഒടുക്കാനവശേഷിക്കുന്ന കാലയളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നഗരസഭാവിഹിതം അടക്കാനുള്ളത് |
|---|---|---|
| 1. | ശ്രീമതി.പ്രീത.എ.പി | 08/13 |
| 2. | ശ്രീമതി.അർച്ചന.പി.എസ് | 08/13 മുതൽ 02/2015 വരെ |
| 3. | ശ്രീ.ബിനീഷ്.വി.എം | 01/2014 മുതൽ 09/2014 വരെ |
| 4. | ശ്രീമതി.വിനുത.എസ് | 01/2014 മുതൽ 08/2016 വരെ |
| 5. | ശ്രീ.എസ്.ബേബിഷൈൻ | 05/2014 മുതൽ 05/2017 വരെ |
| 6. | ശ്രീ.മനുകൃഷ്ണൻ.ഡി | 10/2014 മുതൽ 05/2017 വരെ |
| 7. | ശ്രീമതി.ദീപാകുമാരി | 02/2015 മുതൽ 05/2017 വരെ |
| 8. | ശ്രീമതി.ശ്രീലത.കെ | 03/2015 മുതൽ 05/2017 വരെ |
| 9. | ശ്രീമതി.രശ്മി.കെ.ആർ | 08/2015 മുതൽ 05/2017 വരെ |
| 10. | ശ്രീമതി.ഷാഹിന.പി.എം | 08/2015 മുതൽ 05/2017 വരെ |
| 11. | ശ്രീമതി.ജസ്മി ഗോപിനാഥ് | 09/2015 മുതൽ 05/2017 വരെ |
| 12. | ശ്രീ.അഖിൽരാജ് | 11/16 മുതൽ 08/2017 വരെ |

ക്രമ നം.ഒന്ന് മുതൽ മൂന്ന് വരെയുള്ളവർ നിലവിൽ ഈ വകുപ്പിൽ ഇല്ല. ക്രമനം.നാല് മുതൽ പന്ത്രണ്ട് വരെയുള്ളവർക്ക് PRAN നമ്പർ ലഭിച്ച് പെൻഷൻ കോൺട്രിബ്യൂഷൻ അടക്കുന്നവരാണ്. നിലവിൽ ഈ വകുപ്പിൽ ഇല്ലാത്തവർക്ക് PRAN നമ്പർ ലഭിച്ചതിന്റെ വിവരം അറിയില്ല എന്നാണ് സെക്ഷനിൽ നിന്നും ലഭിച്ച വിവരം. വകുപ്പിൽ നിന്നും വിടുതലായവരുടെയും മറ്റ് ജീവനക്കാരുടെയും കുടിശ്ശികയുള്ള നഗരസഭാ വിഹിതം അടക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ബി.) <u>കണ്ടിജന്റ് ജീവനക്കാരിൽ നിന്നും വിഹിതം ഈടാക്കുന്നുണ്ടെങ്കിലും അടക്കുന്നില്ല.</u>

01.04.2013 ന ശേഷം ജോലിയിൽ പ്രവേശിച്ച എട്ടു കണ്ടിജന്റ് ജീവനക്കാർ നഗരസഭയിലുണ്ട്. ഇവർക്ക് ആർക്കും തന്നെ PRAN നമ്പർ ലഭിച്ചിട്ടില്ല. ജീവനക്കാരുടെ വിഹിതം പ്രതിമാസം ഈടാക്കുന്നുണ്ടെങ്കിലും അത് തനത്ഫണ്ടിനൊപ്പം നിക്ഷേപിക്കുകയാണ്. ജീവനക്കാർക്ക് PRAN നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണം നം. 9/. 09.17 ന് മറുപടി നൽകിയത്. 3,90,799/- രൂപയാണ് 31.08.17 വരെയുള്ള കാലയളവിൽ ഈ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. തത്തുല്യമായ വിഹിതം നഗരസഭയും ഒടുക്കേണ്ടതുണ്ട്. PRAN നമ്പർ ലഭ്യമാക്കി ജീവനക്കാരിൽ നിന്നും ഈടാക്കിയ വിഹിതവും നഗരസഭാ വിഹിതവും അവരുടെ പെൻഷൻ അക്കൗണ്ടിലേക്ക് അടക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-15 <u>പൂർത്തിയാകാത്ത ഭവനപദ്ധതികൾക്കായി ചെലവഴിച്ച 60.92ലക്ഷം രൂപ ലക്ഷ്യം കൈവരിക്കാതെ അവശേഷിക്കുന്നു</u>

നഗരസഭയിലെ ഭവനരഹിതരായ ജനങ്ങൾക്ക് വീട് നിർമ്മാണം സാധ്യമാക്കുന്നതിനായി വിവിധ സാമ്പത്തിക വർഷങ്ങളിൽ വിഭാവനം ചെയ്ത താഴപ്പറയുന്ന ഭവനപദ്ധതികൾ പൂർത്തീകരിക്കാതെ തുടരുകയാണ്. ഈ പദ്ധതികൾ പ്രകാരം വിവിധ ഘട്ടങ്ങളിലായി 60.92 ലക്ഷം രൂപ കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. അതിനാൽ നഗരസഭ പണം ചെലവഴിച്ചെങ്കിലും പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാനായിട്ടില്ല. പൂർത്തീകരിക്കാത്ത ഭവന നിർമ്മാണ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | വീട് നിർമ്മാണം പൂർത്തീകരിക്കാത്തവർ | നൽകിയ തുക |
|---|---|---|
| ഇ.എം.എസ്. ഭവന നിർമ്മാണം | 32 | 23,62,500 |
| വാംബെ | 24 | 6,00,000 |
| ഭവനനിർമ്മാണം (പട്ടികജാതി) | 23 | 31,30,000 |
| | ആകെ | 60,92,500 |

സാമ്പത്തിക സഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാത്ത പക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക പരിഗണന ക്ഷണിക്കുന്നു.

## 3-16 പ്രധാനമന്ത്രി ആവാസ് യോജന – നഗരസഭാവിഹിതം - വികസഫണ്ടിൽ നിന്നും പിൻവലിച്ച് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം 305 ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനായി താഴെപ്പറയും പ്രകാരമാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്.

| | |
|---|---|
| കേന്ദ്രവിഹിതം | 4,57,50,000 |
| സംസ്ഥാനവിഹിതം | 1,52,50,000 |
| നഗരസഭാവിഹിതം | 1,52,50,000 |
| ഗുണഭോക്തൃവിഹിതം | 1,52,50,000 |
| ആകെ | 9,15,00,000 |

ഈ പ്രോജക്ടിന് വേണ്ടി ആരംഭിച്ച പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നഗരസഭാവിഹിതം 1.53 കോടി രൂപയും കേന്ദ്രസംസ്ഥാന വിഹിതങ്ങൾ 2.44 കോടി രൂപയും നിക്ഷേപിച്ചിട്ടുണ്ട്. വീട് പണിയുടെ ഓരോ ഘട്ടവും പൂർത്തിയാകുന്നതനുസരിച്ച് ഗുണഭോക്തൃവിഹിതം ഇനത്തിൽ 12,43,000രൂപയും നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഗുണഭോക്തൃവിഹിതം 12,43,000രൂപയും മറ്റ് വിഹിതങ്ങൾ 3,10,50,000രൂപയും ഉൾപ്പെടെ 3,22,93,000രൂപ നാളിതുവരെ (20.09.2017 വരെ) ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. പ്രധാനമന്ത്രി ആവാസ് യോജന പ്രകാരമുള്ള ഭവനനിർമ്മാണത്തിനായി താഴെപ്പറയുന്ന ക്രമനം.2 ലെ ഒരു പ്രോജക്ട് മാത്രമാണ് ആവിഷ്കരിച്ചത്. എന്നാൽ താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ പ്രകാരവും തുക പിൻവലിച്ച് പ്രധാനമന്ത്രി ആവാസ് യോജന പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനായി നിക്ഷേപിക്കുകയാണ് ചെയ്തത്.

| ക്രമ നം. | പ്രോജക്ട് നം./പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | 126/17 ഭവനനിർമ്മാണം | വികസനഫണ്ട് | 1,10,00,000 | 1,10,00,000 | 22/16-17 28.02.2017 |
| | | കേന്ദ്രവിഹിതം | 3,30,00,000 | - | |
| | | സംസ്ഥാന വിഹിതം | 1,10,00,000 | - | |
| 2 | 356/17 ഭവനനിർമ്മാണം (PMAY) | 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 43,00,000 | 43,00,000 | 28/16-17 23.03.2017 |
| | | കേന്ദ്രവിഹിതം | 1,29,00,000 | - | |
| | | സംസ്ഥാന വിഹിതം | 43,00,000 | - | |

2. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയ്ക്ക് ടി ക്രമനം.2 പ്രകാരം നഗരസഭാവിഹിതം 43 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. ഈ പ്രോജക്ട് അടങ്കലിൽ മാറ്റം വന്ന സാഹചര്യത്തിൽ ഡി.പി.സി.യുടെ അംഗീകാരം പുതുക്കി വാങ്ങാതെ മറ്റൊരു (ടി ക്രമനം.1 ലെ) പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 1.1 കോടി രൂപ കൂടി പിൻവലിച്ച് PMAY യുടെ നഗരസഭാവിഹിതമായി പ്രത്യേക അക്കൗണ്ടിലേക്ക്

മാറ്റിയിട്ടുകയാണുണ്ടായത്. ഡി.പി.സി. അംഗീകാരം ലഭിച്ച പ്രോജക്ടിന് വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യത്തിൽ പ്രോജക്ട് പുതുക്കി വാങ്ങാതെ മറ്റൊരു പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചത് തെറ്റായ നടപടിയാണ്.

3. നഗരസഭാ വിഹിതമായി 1.53 കോടി രൂപ നിക്ഷേപിച്ചതിൽ 31.03.2017വരെ ചെലവഴിച്ചത് 8,70,000രൂപ മാത്രമാണ്. 305 ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള ഗുണഭോക്തൃവിഹിതം മാറ്റിയിട്ടെങ്കിലും 3 പേർ മാത്രമാണ് ഓഡിറ്റ് കാലയളവ് വരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. 156 ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങളിലായി സബ്സിഡി കൈപ്പറ്റിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 149 ഗുണഭോക്താക്കൾക്ക് വേണ്ടി പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച നഗരസഭാവിഹിതം (149x50000=74,50,000) ചെലവഴിക്കാതെ അവശേഷിക്കുകയാണ്. ആനുകൂല്യം നൽകേണ്ടപ്പോൾ മാത്രം പണം പിൻവലിച്ച് പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുപകരം മുൻകൂറായി വികസനഫണ്ടിൽ നിന്നും പണം പിൻവലിച്ച് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിടുകയും ചെലവഴിക്കാതെ തുടരുകയും ചെയ്യുന്നത് തെറ്റായ പ്രവണതയാണ്. ഇപ്രകാരം നിക്ഷേപിച്ചിരിക്കുന്ന തുക അടിയന്തിരമായി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

4. നഗരസഭകളുടെ അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് വേണ്ടിയാണ് 14-ാം ധനകാര്യക്കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. അടിസ്ഥാന സേവനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി മാത്രമായിരിക്കണം ഈ ഗ്രാന്റ് വിനിയോഗിക്കേണ്ടത് എന്ന സർക്കാർ നിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് ഭവനനിർമ്മാണത്തിന് വേണ്ടി 4300000 ലക്ഷം ചെലവഴിച്ചത് തെറ്റായ നടപടിയാണ്. ഇപ്രകാരം വകമാറ്റി പിൻവലിച്ചിട്ടുള്ള സാഹചര്യത്തിൽ, ചെലവഴിക്കാതെ ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള തുകയിൽ നിന്നും ക്രമീകരിക്കേണ്ടതാണ്.

## 3-17 വിതരണ ഏജൻസികൾക്ക് തുക നൽകുന്നതിലൊതുങ്ങുന്ന പദ്ധതിപ്രവർത്തനം

പാലിയേറ്റീവ് കെയർ പദ്ധതി ഉൾപ്പെടെ നാല് പ്രോജക്ടുകളാണ് തൻവർഷം താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവഹിച്ചിട്ടുള്ളത്. പിൻവലിച്ച് നൽകിയതിൽ 455166/-രൂപക്കുള്ള ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ വിവിധ പദ്ധതികളിലായി ലഭിക്കാനുണ്ട്. കൂടാതെ 1012081/- രൂപയുടെ ഉപകരണങ്ങൾ ലഭിച്ചതായി അറിയിച്ചുവെങ്കിലും ഇവയുടെ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല. ഇതിൽ ഡയാലിസിസ് യൂണിറ്റ് എന്ന പ്രോജക്ട് മുൻവർഷം ആരംഭിച്ച് തൻവർഷം പൂർത്തിയാക്കിയതാണ്. യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടും ഇതിന്റെ ആവശ്യത്തിലേക്ക് ഓർഡർ ചെയ്ത സാധനങ്ങൾ ലഭിക്കാൻ യാതൊരു തുടർ നടപടിയും ഉണ്ടായിട്ടില്ല. അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിയിലും കെ.എം.എസ്.സി.എൽ - ൽ നിന്നും മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിക്കാനുണ്ട്. നൽകുന്ന തുകക്കുള്ള മരുന്നുകളും ഉപകരണങ്ങളും ലഭിക്കുന്നതിന് തുടർനടപടികൾ ഉണ്ടാകുന്നില്ല എന്നതാണ് പദ്ധതിനിർവ്വഹണത്തിലെ പ്രധാന അപാകത. പ്രവർത്തനങ്ങളുടെ ഫലപ്രദമായ പൂർത്തീകരണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും തുടർച്ചയായ നിരീക്ഷണം ആവശ്യമാണ്. ഓരോ പദ്ധതികളിലും ആകെ ചെലവഴിച്ച തുകയുടെയും ലഭിക്കുവാനുള്ള മരുന്ന്, ഉപകരണങ്ങൾ എന്നിവയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

I.ഓപ്പറേഷൻ തീയറ്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ(പ്രോജക്ട് നം.123/17)

ബിൽ നം.2/16-17 തീയതി 30.03.17

പദ്ധതിയിൽ ഉപകരണങ്ങൾക്കായി പിൻവലിച്ച് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തുക |
|---|---|---|
| 1. | KMSCL | 960828/- |
| 2. | SH SURGICALS. | 485/- |
| 3. | Selerence Medical Gas Pvt Ltd. | 38687/- |

കെ.എം.എസ്.സി.എൽ - ന് നൽകിയ തുകയിൽ 1,14,692/- രൂപയുടെ ഉപകരണങ്ങൾ ഇതുവരെയും സപ്ലൈ ചെയ്തിട്ടില്ല.

II.ഡയാലിസിസ് യൂണിറ്റ് (പ്രോജക്ട് നം.SO14/17)

ബിൽ നം.4/16-17 തീയതി 30.03.17 -358675/-

പദ്ധതിയിൽ ഉപകരണങ്ങൾക്കായി പിൻവലിച്ച് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തുക |
|---|---|---|
| 1. | KMSCL | 2,40,000/- |
| 2. | SUPRA (സ്റ്റെബിലൈസർ) | 48090/- |
| 3. | KADCO | 25354/- |
| 4. | MAXEL AGENCIES (റഫ്രിജറേറ്റർ) | 37995/- |
| 5. | Dhanya Printers | 7236/- |
| | ആകെ | 3,58,675/- |

എ). KMSCL ന് നൽകിയ തുകയ്ക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല.

ബി).KADCO യിൽ നിന്നും വാങ്ങിയ ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

III.സർജിക്കൽ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്റ്റ് നം.371/17)

| ക്രമ നം. | സ്ഥാപനം | തുക |
|---|---|---|
| 1. | KMSCL | 1806703/- |
| 2. | TEXMO | 18500/- |
| 3. | KMSCL | 33864/- |
| 4. | SIDCO | 550843/- |
| 5. | Kerala Surgicals | 90,090/- |
| | ആകെ | 25,00,000/- |

1.ക്രമ നം.-1ൽ നാല് ICU cot കൾക്കാണ് തുക നൽകിയതെങ്കിലും രണ്ടെണ്ണം സ്റ്റോക്കിൽ ചേർത്തതിന്റെ വിവരം മാത്രമേ നൽകിയുള്ളൂ. ആയതിനാൽ രണ്ട് ICU cot കൾക്കായി ചെലവഴിച്ച 87184/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ക്രമ നം.-3ൽ നൽകിയ തുകക്കുള്ള ഉപകരണങ്ങൾ ഒന്നും തന്നെ സപ്ലൈ ചെയ്തിട്ടില്ല.

3. സിഡ്കോ, കേരള സർജിക്കൽസ് എന്നിവ സപ്ലൈ ചെയ്ത സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

I.പാലിയേറ്റിവ് കെയർ (പ്രോജക്റ്റ് നം.123/17) :-

1.460120/- -ബിൽ നം.5/16-17 തീയതി 31.03.17

2.189880/- -ബിൽ നം.1/16-17 തീയതി 14.02.17

1.ബിൽ നം.5/16-17തീയതി 31.03.17പ്രകാരം മരുന്നുകൾക്കായി 66610/-രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ - ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചിട്ടില്ല.

2. പ്രസ്തുത ബിൽ പ്രകാരം സിഡ്കോക്ക് നൽകിയ 258610/- രൂപയുടെ സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല.

മേൽ വിവരിച്ച അപാകതകൾ കാരണം ചെലവഴിച്ച 14,67,247/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം.21/25.09.17 - ന് മറുപടി നൽകിയില്ല. മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കി, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-18 പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

എ). പി.എം.സി യോഗം യഥാസമയം ചേരുന്നില്ല, പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റി രൂപീകരിച്ചില്ല.

പാലിയേറ്റീവ് പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്തതിൽ 120 കിടപ്പ് രോഗികൾ ഉൾപ്പെടെ ആകെ പരിചരണം വേണ്ട 700 രോഗികളുണ്ട്. ജി.ഒ(ആർ.റ്റി) 3217/15 ത.സ്വ.ഭ.വ തീയതി 29.10.15 മാർഗ്ഗരേഖ (ഖ.2.3.2) യിലെ നിർദ്ദേശ പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് മാസത്തിലൊരിയ്ക്കലോ ഇടവേളകളിൽ ആവശ്യാനുസരണത്തിനോ പി.എം.സി.യോഗം ചേരേണ്ടതാണ്. 2016-17 വർഷം പി.എം.സി യോഗം രണ്ടു തവണ (03.01.2017, 21.03.2017) മാത്രമാണ് ചേർന്നിട്ടുള്ളത്. നഗരസഭയിലെ സാന്ത്വന പരിപാലന പദ്ധതിയിലെ പ്രവർത്തനങ്ങൾ ഒട്ടും തന്നെ വിശകലനം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്. കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മാത്രമേ പോരായ്മകൾ പരിഹരിയ്ക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിയ്ക്കുകയുള്ളൂ. കൂടാതെ പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്.

നഗരസഭാ ചെയർപേഴ്സൺ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ കൂടി ഉൾപ്പെടുന്ന കമ്മിറ്റി യഥാസമയം ചേരുന്നതിന് നഗരസഭ ഭരണസമിതി തന്നെ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ആയതിനാൽ, തുടർന്നുള്ള വർഷങ്ങളിൽ ജി.ഒ(ആർ.റ്റി) 3217/15 ത.സ്വ.ഭ.വ29.10.15 ലെ മാർഗ്ഗരേഖയിലെ

നിർദ്ദേശങ്ങൾക്ക് വിധേയമായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് മാസത്തിലൊരിയ്ക്കലോ ഇടവേളകളിൽ ആവശ്യാനുസരണത്തിനോ പി.എം.സി.യോഗം ചേരാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും കാര്യക്ഷമമായും മുന്നോട്ട് കൊണ്ടുപോകുന്നതിനായി മാർഗ്ഗരേഖയിൽ (ഖ.2.4.1) നിർദ്ദേശിച്ചിട്ടുള്ള പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റിയും ഇതുവരെയും രൂപീകരിച്ചിട്ടില്ല. പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി രൂപീകരിച്ച് യഥാസമയങ്ങളിൽ (എല്ലാ മാസവും 5-ം തീയതിക്ക് മുൻപ് ) യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ബി). ചെലവ് രേഖകൾ ഫയൽ ചെയ്തിട്ടില്ല.

ഹോംകെയർ ദിവസങ്ങളിലെ ഭക്ഷണം, വാഹനവാടക എന്നിവയുടെ ബില്ലുകൾ /ട്രിപ്പ് ഷീറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹോട്ടൽ ഉടമ/ഡ്രൈവർ നൽകിയ കൈപ്പറ്റ് രസീതുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അപാകത ഒഴിവാക്കി ചെലവുരേഖകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-19 മഴക്കാലപൂർവ്വ ശുചീകരണം - രണ്ടു വാർഡുകളിൽ തുക ചെലവഴിച്ചില്ല

മഴക്കാലപൂർവ്വ ശുചീകരണത്തിനായി 2,20,000/-രൂപ (വൗച്ചർ നം.64/06-16തീയതി 24.06.16) പിൻവലിച്ച് വാർഡ്തല സാനിട്ടേഷൻ സമിതികളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഒരു വാർഡിന് 5,000/- രൂപ (44x5000) വീതമാണ് അനുവദിച്ചത്. ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ, പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 8, 13 വാർഡുകളിലേക്ക് അനുവദിച്ച തുകകൾ തൻവർഷം ചെലവഴിച്ചിട്ടില്ല. 29.06.16, 28.06.16 തീയതികളിൽ അക്കൗണ്ടിലേക്ക് നിക്ഷേപിച്ച തുക പിൻവലിച്ചിരിക്കുന്നത് 2017-18 (19.04.17 - ൽ) സാമ്പത്തിക വർഷമാണ്. ജി.ഒ.(എം.എസ്)നം.1724/2016ത.സ്വ.ഭ.വ/തീയതി 23.05.16 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായാണ് ശുചിത്വമിഷൻ ഫണ്ട് ലഭിക്കുവാൻ കാലതാമസമുണ്ടായിരുന്നിട്ടും തനതുഫണ്ടിൽ നിന്നും അടിയന്തിരമായി തുക അനുവദിച്ചത്. മഴക്കാലത്തിന് മുന്നോടിയായി ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി മഴക്കാലത്തുണ്ടാകാവുന്ന പകർച്ചവ്യാധികൾ തടയുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും പ്രസ്തുത വാർഡുകളിലെ കൗൺസിലർമാർ കാട്ടിയ വിമുഖതയാണ് തുക പിൻവലിക്കാതിരിക്കാൻ കാരണമായതെന്നാണ് സെക്ഷൻ നൽകിയ വിവരം. അനുവദിച്ച തുക ചെലവഴിക്കാതിരുന്നത് പ്രസ്തുത സർക്കാർ ഉത്തരവിന്റെ തന്നെ ലംഘനമാണ്. നൽകിയ തുകയുടെ വിനിയോഗം ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തിയിട്ടില്ല. മരണമുൾപ്പെടെ സങ്കീർണ്ണതകൾ സൃഷ്ടിക്കും വിധം രോഗങ്ങൾ വ്യാപിക്കുമെന്നതിനാൽ ശുചീകരണപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കേണ്ട ചുമതല തദ്ദേശസ്ഥാപനത്തിനുണ്ട്. ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയും വാർഡ് കൗൺസിലർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-20 വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല

നഗരസഭയിൽ നിലവിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1.KL -29-E-2881-ലോറി.

2.KL-4-29L-1189 -ജീപ്പ്.

3.KL-4S-1557 -ഫ്രണ്ട് ലോഡർ.

4.KL-4-29F-6699- കാർ.

5.KL-4-R-1395- ജീപ്പ്.

6.KL-29-J-4794 -ബൈക്ക്.

ക്രമ നമ്പർ 1, 3 വാഹനങ്ങൾ നഗരസഭയിലെ ശുചീകരണത്തിനായി ഉപയോഗിക്കുമ്പോൾ മറ്റുള്ളവ ഔദ്യോഗിക ആവശ്യത്തിനുപയോഗിക്കുന്നു.

ഔദ്യോഗിക ആവശ്യത്തിനുള്ള വാഹനങ്ങളുടെ ലോഗ് ബുക്കിൽ ഓരോ യാത്രയും രേഖപ്പെടുത്തുകയും യാത്ര ചെയ്ത ആളുകൾ അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ശുചീകരണത്തിന് ഉപയോഗിക്കുന്ന ഉൾപ്പെടെയുള്ള വാഹനങ്ങളുടെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിച്ച് ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുന്നില്ല. എന്നാൽ ഒരു വാഹനത്തിന്റെയും ലോഗ്ബുക്കിൽ വാഹനം ആകെ സഞ്ചരിച്ച ദൂരം, ഉപയോഗിച്ച ഇന്ധനം എന്നിവയുടെ പ്രതിമാസ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ ഇന്ധനഉപഭോഗത്തിലെ കൃത്യത പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. KL-29-J-4794നം.ബൈക്കിന് ഇതുവരെയും ലോഗ്ബുക്ക് വാങ്ങിയിട്ടില്ല. നഗരസഭയുടെ ആവശ്യത്തിലേക്ക് ഈ വാഹനം ഉപയോഗിച്ചതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല.

2000 - ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ചട്ടം 8പ്രകാരം ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ വാഹനങ്ങളുടെ ഇന്ധനഉപഭോഗം യഥാസമയം പരിശോധിക്കുന്നില്ല. വിശദാംശങ്ങൾ നൽകാത്തതിനാൽ വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് അവസാനം ചെയ്തിട്ടുള്ളത് എന്നാണ് എന്നതിൽ വ്യക്തതയില്ല.

ചട്ടം 9 – ൽ നിഷ്കർഷിക്കും വിധം ഇന്ധന ഉപയോഗത്തിന്റെ കൃത്യതയും പരിശോധിക്കപ്പെടുന്നില്ല. ഇന്ധന ഉപയോഗത്തിൽ കാര്യമായ വ്യതിയാനം വരുന്നുണ്ടോ എന്നത് അറിയുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും യഥാസമയം ഇന്ധന ഉപഭോഗം ടെസ്റ്റ് ചെയ്യുകയും ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

വാഹനങ്ങളുടെ ഫിറ്റ്നെസ് ടെസ്റ്റ് വാർഷികമായി നടത്തുന്നുണ്ട്. വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി നിശ്ചിത മാതൃകയിലുള്ള റിപ്പയർ [ചട്ടം 4(1)(ഡി)-അനുബന്ധം(iii)] രജിസ്റ്റർ, സ്പെയർ പാർട്ട് ഉപകരണങ്ങൾ മുതലായവയുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. നിശ്ചിത മാതൃകയിലുള്ള ഇന്ധന, ഓയിൽ രജിസ്റ്റർ എന്നിവയും സൂക്ഷിക്കുന്നില്ല.

വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാഹന പരിപാലനത്തിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിലും 2000 - ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 3-21 വികലാംഗർക്ക് ഉപകരണങ്ങൾ – നിർവ്വഹണത്തിലെ അപാകതകൾ

2016-17 - ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ 'വികലാംഗർക്ക് ഉപകരണങ്ങൾ' (പ്രോജക്ട് നം.S096/2017) എന്ന പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങിയതിന് ബിൽ നം.30 തീയതി 25.03.2017 പ്രകാരം വികസനഫണ്ടിൽ നിന്നും 699716/- രൂപ പിൻവലിച്ച് KELTRON - ന് കൈമാറിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | വില |
|---|---|---|---|---|
| 1 | CHOPART PROSTESIS | 1 | 2340 | 2340 |
| 2 | COMMODE CHAIR DELUX | 1 | 4225 | 4225 |
| 3 | ACCOMADATIVE FOOT WEAR | 1 | 975 | 975 |
| 4 | KAFO METALIC | 2 | 6088 | 12176 |
| 5 | MOTORISED WHEEL CHAIR | 1 | 140000 | 140000 |
| 6 | MOTORISED TRICYCLE * | 8 | 67500 | 540000 |
| | ആകെ | | | 699716 |

* Hero കമ്പനിയുടെ Duet scooter with side wheel ആണ് വിതരണം ചെയ്തത്.

പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട ഗൗരവമായ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.സർക്കാർ നിർദ്ദേശത്തിൽ നിന്നും വിരുദ്ധമായി ക്യാമ്പ് സംഘടിപ്പിച്ചു

ഉപകരണങ്ങൾ ആവശ്യമുള്ളവരെ കണ്ടെത്തുന്നതിനായി താലൂക്ക് / ജില്ലാ ആശുപത്രികളിലെ വിദഗ്ധർ, District Disabled Rehabilitation Center (DDRC), മെഡിക്കൽ കോളേജ് സാമൂഹ്യസുരക്ഷാമിഷൻ എന്നിവരുടെ സഹായം തേടി ക്യാമ്പ് സംഘടിപ്പിക്കണമെന്നും ഏതെങ്കിലും ഏജൻസിയെ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ചുമതല പ്പെടുത്തരുതെന്നും 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ അനുശാസിക്കുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി കെൽട്രോണിനെ ക്യാമ്പ് നടത്തുന്നതിന് ചുമതലപ്പെടുത്തുകയും കെൽട്രോൺ നല്കിയ ലിസ്റ്റ് പ്രകാരം ഉപകരണങ്ങൾ വിതരണം ചെയ്യുകയുമായിരുന്നു.

2. ആവശ്യകത ഉറപ്പാക്കുന്നതിന് മുൻപ് തന്നെ പ്രോജക്ട് തയ്യാറാക്കി

ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ പ്രോജക്ട് തയ്യാറാക്കുന്നതിന് മുൻപ് ആവശ്യകതാനിർണ്ണയ ക്യാമ്പ് നടത്തണമെന്ന നിബന്ധന പാലിച്ചില്ല. 798945/- രൂപയുടെ 22 തരം വിവിധ ഉപകരണങ്ങൾ ആവശ്യമായവരുടെ ലിസ്റ്റ് കെൽട്രോൺ നല്കിയെങ്കിലും ഫണ്ട് വകയിരുത്തിയതിന്റെ (7 ലക്ഷം) അടിസ്ഥാനത്തിൽ ഇതിൽ ഭൂരിപക്ഷവും ഒഴിവാക്കി 8 ഇനങ്ങൾ മാത്രമാണ് വിതരണം ചെയ്തത്. ഫണ്ട് കുറവാണെന്ന കാരണത്താൽ ഒഴിവാക്കിയതാകട്ടെ, വില കുറഞ്ഞതും കൂടുതൽ പേർക്ക് ആവശ്യമുള്ളതുമായ ഉപകരണങ്ങളാണ്. ഇപ്രകാരം വാങ്ങിയിട്ടും 140000 രൂപ വിലയുള്ള MOTORISED WHEEL CHAIR വിതരണം ചെയ്യാനായിട്ടില്ല.

അർഹനായ ഗുണഭോക്താവിനെ കണ്ടെത്താതെ ഉപകരണങ്ങൾ വാങ്ങി. അതിനാൽ വിതരണം ചെയ്യാനായിട്ടില്ല.

ഭിന്നശേഷിയുള്ള വ്യക്തിയുടെ അർഹത ഉറപ്പാക്കാതെ ക്യാമ്പിൽ പങ്കെടുപ്പിക്കുകയും MOTORISED WHEEL CHAIR എന്ന ഉപകരണം ആവശ്യമാണെന്ന് കണക്കാക്കുകയും ചെയ്ത് വാങ്ങി സൂക്ഷിച്ചു. പിന്നീട് അർഹത പരിശോധിച്ചതിൽ ടിയാൻ സർക്കാർ ജീവനക്കാരനായതിനാൽ വരുമാനപരിധി കൂടുതലാണെന്ന കാരണത്താൽ ഉപകരണം വിതരണം ചെയ്യാതെ ഇപ്പോഴും മുനിസിപ്പാലിറ്റിയുടെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നു. നിലവിലുള്ള (2017-18) പ്രോജക്ടിലും അർഹനായ ഗുണഭോക്താവിനെ കണ്ടെത്താനാകാത്ത സ്ഥിതിയാണുള്ളത്. ഇലക്ട്രിസിറ്റിയിൽ ചാർജ്ജ് ചെയ്ത് പ്രവർത്തിപ്പിക്കേണ്ട ഈ ഉപകരണം ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ബാറ്ററിയുടെ പ്രവർത്തനക്ഷമതയെ ബാധിക്കുന്നതുമാണ്. ഈ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ, ആവശ്യകത ഉറപ്പാക്കാതെ ടി ഉപകരണം വാങ്ങി സൂക്ഷിച്ചിരിക്കുന്നത് ഒരു പാഴ്ച്ചെലവായി മാത്രമേ പരിഗണിക്കാനാകൂ.

വാഹനം വാങ്ങിയത് അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്ന്

ഹീറോ കമ്പനിയുടെ എട്ട് സ്കൂട്ടറുകളാണ് വാങ്ങി നല്കിയത്. കേന്ദ്ര മോട്ടോർ വാഹന നിയമം അദ്ധ്യായം 3 പ്രകാരം ട്രേഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ മോട്ടോർ വാഹനങ്ങളുടെ വ്യാപാരത്തിൽ ഏർപ്പെടാൻ കഴിയൂ. കെൽട്രോണിന് പ്രസ്തുത ട്രേഡ് സർട്ടിഫിക്കറ്റ് ഇല്ല. അതിനാൽ ഇവർക്ക് മോട്ടോർ വാഹന വ്യാപാരത്തിൽ ഏർപ്പെടുന്നതിന് നിയമപരമായി അർഹതയില്ല. എന്നിരുന്നിട്ടും മോട്ടോർ വ്യാപാരത്തിനുള്ള ലൈസൻസില്ലാത്ത കെൽട്രോണുമായി കരാറിലേർപ്പെടുക യായിരുന്നു. കെൽട്രോൺ നല്കിയ ബില്ലിൽ സ്കൂട്ടറും ഉൾപ്പെടുത്തിയിരുന്നെങ്കിലും കെൽട്രോണിന്റെ delivery note -ൽ സ്കൂട്ടർ ഉൾപ്പെടുന്നില്ല. കോട്ടയത്തുള്ള ജൂബിലി ഓട്ടോമൊബൈൽസ് എന്ന സ്ഥാപനത്തിൽ നിന്നാണ് സ്കൂട്ടർ ലഭ്യമാക്കിയത്. എന്നാൽ ഇതിന്റെ വില ഉൾപ്പടെയുള്ള തുക കെൽട്രോണിനാണ് നല്കിയത്. അതായത് കെൽട്രോൺ മറ്റൊരു സ്ഥാപനത്തിൽ നിന്നും വാങ്ങി നല്കുകയാണുണ്ടായത്. ഇപ്രകാരം കെൽട്രോണിനെ ഇടനിലയ്ക്ക് നിർത്തി വ്യാപാരത്തിൽ ഏർപ്പെട്ടത് നഗരസഭയുടെ ഉത്തമതാത്പര്യത്തിന് നിരക്കുന്നതല്ല. ഡീലർമാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കാതെ കെൽട്രോണിനെ ഏൽപ്പിച്ചത് കാരണം കമ്മീഷൻ ഇനത്തിൽ നഗരസഭയ്ക്ക് അധികച്ചെലവുണ്ടാക്കിയിട്ടുണ്ട്.

വാഹനത്തിന്റെ വില നിശ്ചയിച്ചതിൽ അവ്യക്തത

സ്കൂട്ടർ ഒന്നിന് 67500/- എന്ന നിരക്കിൽ വില കണക്കാക്കിയാണ് തുക കൈമാറിയിട്ടുള്ളത്. എന്നാൽ വണ്ടിയുമായി ബന്ധപ്പെട്ട ഏതെല്ലാം ഇനങ്ങൾക്കാണ് തുക നിശ്ചയിച്ചത് എന്ന് ഫയലിൽനിന്ന് വ്യക്തമല്ല.

ഗുണഭോക്താക്കളുടെ ഭിന്നശേഷി തെളിയിക്കുന്ന രേഖകളില്ല.

*സ്കൂട്ടർ ഒഴികെയുള്ള ഉപകരണങ്ങൾ ലഭിച്ചവരുടെ ഭിന്നശേഷി വ്യക്തമാക്കുന്ന രേഖകളോ ഉപകരണം ആവശ്യമാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയ രേഖകളോ ഇല്ല.

* സ്കൂട്ടർ ലഭിച്ചവർക്കാകട്ടെ 40 ശതമാനത്തിലേറെ വൈകല്യമുണ്ടെങ്കിലും വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകളില്ല. ഡ്രൈവിംഗ് ലൈസൻസ് ഉള്ളതാകട്ടെ രണ്ട് പേർക്ക് മാത്രമാണ്.

മേൽപ്പറഞ്ഞ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7 തീയതി 19.09.2017) ലഭിച്ച മറുപടിയിൽ, താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരാണ് പരിശോധന നടത്തിയതെന്ന് പറഞ്ഞെങ്കിലും ഇതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. ഭിന്നശേഷി തെളിയിക്കുന്ന രേഖകൾ, ഡ്രൈവിംഗ് ലൈസൻസ് എന്നിവ ഹാജരാക്കിയതുമില്ല. വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകളില്ലാത്തതും / ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്തതും ആയ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത സ്കൂട്ടറുകൾ ദുരുപയോഗം ചെയ്യപ്പെടുകയാണ് എന്നു വ്യക്തമാണ്. പദ്ധതിധനത്തിന്റെ ഫലപ്രദവും സംശുദ്ധവുമായ വിനിയോഗം ഉറപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച മുഴുവൻ നിബന്ധനകളും നിർദ്ദേശങ്ങളും അവഗണിച്ച് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-22 ലൈബ്രറി സെസ്സ് ഇനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നഗരസഭ ഒടുക്കുവാനുള്ളത് 50.10 ലക്ഷം

നഗരസഭ വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറിസെസ്സ് തുക (5%) സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കാതെ തനതുഫണ്ടിൽ നിക്ഷേപിക്കുന്നു. പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന ഈ തുക യഥാസമയം ഒടുക്കുവരുത്താതിരുന്നാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കുകയാണ്. 20.09.2005-ലെ 10088/എൽ.3/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിരുന്നുവെങ്കിലും നഗരസഭ വർഷങ്ങളായി ഈ തുക ഒടുക്കു വരുത്തുന്നില്ല. 2016-17 ലെ വാർഷിക കണക്കു പ്രകാരം ലൈബ്രറിസെസ്സിനത്തിൽ നഗരസഭ ഒടുക്കുവാനുള്ളത് 50,09,468/- രൂപയാണ്. ലൈബ്രറി കൗൺസിലിന് അർഹമായ തുക യഥാസമയം ഒടുക്കുവരുത്താതെ സർക്കാർ നിർദ്ദേശം അവഗണിച്ചും തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന നടപടി ക്രമവിരുദ്ധമാണ്. ആകയാൽ ഈയിനത്തിൽ പിരിച്ചെടുത്ത തുക ഒടുക്കു വരുത്തുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-23 സെക്രട്ടറിയുടെ ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും സർക്കാരിലേക്ക് അടയ്ക്കുന്നില്ല. 48.49 ലക്ഷം രൂപയുടെ ബാദ്ധ്യത

വാർഷിക കണക്ക് പ്രകാരം നഗരസഭാ സെക്രട്ടറിമാരുടെ ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും ഇനത്തിൽ സർക്കാർ ഫണ്ടിലേക്ക് 48,48,905/- രൂപ ഒടുക്കു വരുത്തുവാനുണ്ട്. 12/2011 വരെയുള്ള ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും മാത്രമാണ് നഗരസഭ, സർക്കാർ ഫണ്ടിൽ അടവാക്കിയിട്ടുള്ളത്. നഗരസഭാഫണ്ടിന്റെ അപര്യാപ്തത കാരണം സർക്കാരിലേക്ക് കൃത്യമായി തുക അടയ്ക്കാൻ കഴിയാതെ വന്നതിനാൽ ഈയിനത്തിൽ നഗരസഭ വൻ ബാദ്ധ്യതയിലേക്ക് നീങ്ങുകയാണ്. ഇത് തെറ്റായ പ്രവണതയാണ്. സർക്കാരിലേക്ക് അടയ്ക്കേണ്ട തുക കൃത്യമായി ഒടുക്കു വരുത്താതെ നഗരസഭയുടെ ബാദ്ധ്യത വർദ്ധിപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-24 ആശ്രയ – സേവനപദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച

നഗരസഭയിൽ ആശ്രയ പദ്ധതി ആരംഭിച്ചത് 2005-06 ലാണ്. 2007-08 വർഷം അവസാനിക്കത്തക്ക വിധമാണ് പദ്ധതി ആവിഷ്കരിച്ചത്. 108 ഗുണഭോക്താക്കൾക്ക് പരിചരണ സേവന പാക്കേജ് നടപ്പിലാക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. 2010-11- ൽ റീവിസിറ്റ് നടത്തി പുന:ക്രമീകരിച്ച പദ്ധതി പ്രകാരം 90 ആഗതി കുടുംബങ്ങളാണുണ്ടായിരുന്നത്. ചലഞ്ച് ഫണ്ടിനത്തിൽ 10 ലക്ഷം രൂപയും വികസനഫണ്ട് 30,95,540/- രൂപയും

വാംബെ വീട് നിർമ്മാണത്തിനായി 640000/-രൂപയും ആശ്രയയ്ക്ക് വേണ്ടി ലഭിച്ചിട്ടുണ്ട്. വീട്, ഭൂമി, കിണർ, കക്കൂസ് തുടങ്ങിയ സേവനങ്ങൾ നൽകിയിരുന്നെങ്കിലും ഇപ്പോൾ ഭക്ഷണ വിതരണം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇതര സേവനങ്ങൾ ഇനിയും നൽകുവാൻ ശേഷിക്കുന്നുണ്ട്. രണ്ടാം ഘട്ട പദ്ധതിയ്ക്ക് 2017-18 – ൽ അംഗീകാരം കിട്ടിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വികസനഫണ്ട് 6,79,250/- രൂപ ആശ്രയ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഫണ്ട് വിനിയോഗത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| ഫണ്ടിനം | തുക | ഇനം | തുക |
| ചലഞ്ച് ഫണ്ട് | 10,00,000 | ഭക്ഷണം | 10,37,100 |
| പ്ലാൻ ഫണ്ട് | 30,95,540 | ഭൂമി | 7,75,000 |
| കേന്ദ്രഫണ്ട് (വാംബെ) | 6,40,000 | വീട് | 14,52,500 |
| കമ്പ്യൂട്ടർ വാങ്ങുന്നതിന് ലഭിച്ചത് | 2,00,000 | അറ്റകുറ്റപ്പണി | 7,500 |
| | | കക്കൂസ് | 42,500 |
| | | കമ്പ്യൂട്ടർ | 1,20,380 |
| ആകെ | 65,20,925 | ആകെ | 35,46,980 |

നിലവിൽ ആശ്രയ അക്കൗണ്ടിൽ (സിൻഡിക്കേറ്റ് ബാങ്കിന്റെ കായംകുളം ശാഖയിൽ ആശ്രയയുടെ പേരിലുള്ള 171396-ാം നമ്പർ അക്കൗണ്ട്) 29,73,945/- രൂപ അവശേഷിക്കുന്നുണ്ട്. ഇതിൽ 6,79,250/- രൂപ 2017-18 – ൽ ലഭിച്ചതും 9,06,135/-രൂപ പലിശയിനത്തിൽ ലഭിച്ചതുമാണ്. 13,88,560/- രൂപ വികസനഫണ്ടിൽ നിന്നും വിവിധ സാമ്പത്തിക വർഷങ്ങളിലായി നിക്ഷേപിച്ച തുകയുമാണ്. 2016-17 – ലും 2,00,000/- രൂപ ആശ്രയ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും അഡ്വാൻസായി തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അശരണരായ ആശ്രയ ഗുണഭോക്താക്കൾക്ക് വേണ്ടി ആവിഷ്കരിച്ച സേവനപദ്ധതികൾ എത്രയും വേഗം നടപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതുമാണ്.

## 3-25 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല – നഗരസഭയുടെ ആസ്തികൾ അന്യാധീനപ്പെടാൻ ഇടയാക്കുന്നു

നഗരസഭയുടെ അധീനതയിലുള്ള സ്ഥാവരജംഗമവസ്തുക്കളുടെ കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കേണ്ട ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തുന്നു. ലഭ്യമാക്കിയ ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമാണ്. രേഖപ്പെടുത്തിയ വിവരങ്ങളാകട്ടെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. നഗരസഭയുടെ അധീനതയിലുള്ള വസ്തുവകകളുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കാത്തതുമൂലം ഇവ കൈയ്യേറിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനോ, കൈയ്യേറ്റം നടന്നുവെന്ന് വ്യക്തമായാൽ ഇതിനെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിനോ കഴിയാതെ വരുന്നു. നഗരസഭയുടെ വസ്തുവകകൾ കൈയ്യേറിയതിനെതിരെ നിലവിൽ വ്യവഹാരനടപടികൾ നടക്കുന്നുമുണ്ട് (ഖണ്ഡിക നം.3-26 കാണുക). നഗരസഭയുടെ അധീനതയിലുള്ള വസ്തുക്കളുടെ അതിർത്തി നിർണ്ണയിച്ച് കൈവശാവകാശ സംബന്ധമായി ബോർഡുകൾ സ്ഥാപിക്കാത്തതും ഇപ്രകാരമുള്ള കൈയ്യേറ്റങ്ങൾക്ക് ഇടയാക്കുന്നു. ആകയാൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാവരജംഗമവസ്തുക്കളുടെയും കൃത്യമായ വിവരം ശേഖരിച്ച് ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനും, ആസ്തികൾ അന്യാധീനപ്പെടുന്നത് ഒഴിവാക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-26 നഗരസഭാ സ്ഥലം അന്യാധീനപ്പെടുന്നു - നടപടികൾ ഇല്ല

നഗരസഭയുടെ അധീനതയിലുള്ള സ്ഥലം സ്വകാര്യ വ്യക്തികൾ കൈയ്യേറി സ്ഥാപനങ്ങൾ നിർമ്മിക്കുകയും സ്വന്തം

സ്ഥലം പോലെ ഉപയോഗിക്കുകയും ചെയ്യുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

എ) നഗരസഭാ 32-ാം വാർഡിൽ സർവ്വേ നമ്പർ 224/55ൽ ശ്രീ. ജോർജ് ജോൺ, പുത്തൻ വീട്ടിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 24.07 ആർ സ്ഥലത്ത് അറേബ്യൻ ജ്യുവലറി എന്ന സ്ഥാപനം പ്രവർത്തിച്ചുവരികയാണ്. ഫയൽ പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ മുൻവശം ഉദ്ദേശം അര സെന്റ് (20 ച.മീ) നഗരസഭ വക സ്ഥലം ടിയാൻ കൈവശപ്പെടുത്തി സ്വന്തം സ്ഥലം പോലെ ഉപയോഗിച്ചു വരുന്നതായും ഈ സ്ഥലം അറേബ്യൻ ജ്യുവലറിയുടെ ആവശ്യത്തിലേക്കായി ടൈൽ പാകി ഉപയോഗിക്കുന്നതായും കാണുന്നു. ടി സ്ഥലത്തിന്റെ അതിർത്തി അളന്നു തിട്ടപ്പെടുത്തി അടയാളങ്ങൾ സ്ഥാപിക്കുന്നതിന് കാർത്തികപ്പള്ളി താലൂക്ക് സർവ്വേയർക്ക് 29.03.16 തീയതിയിൽ BA NO.1182/12-13 കത്ത് അയച്ചിട്ടുണ്ട്. താലൂക്ക് സർവ്വേയർ ഇതിന്റെ റിപ്പോർട്ട് സമർപ്പിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ബി) നഗരസഭാ ബ്ലോക്ക് നം.9 – ൽ പ്പെട്ട റീ സർവ്വേ 9/13-2 ൽപ്പെട്ട 02.15 ആറിന് ചേർന്നുള്ള കിഴക്ക് ഭാഗം കായൽ പുറമ്പോക്ക് സ്ഥലം 4.00 മീറ്റർ വീതിയിലും 16 മീറ്റർ നീളത്തിലുമായി കീരിക്കാട് വില്ലേജിൽ ഉമ്മാശ്ശേരിൽ കായൽ വാരത്ത് വീട്ടിൽ ധനിജകുമാരി ചെളിയും മണ്ണും ഉപയോഗിച്ച് നികത്തി കൈയ്യേറിയതായി കാണുന്നു.

സി) നഗരസഭാ 36-ാം വാർഡിൽ കെ.എസ്.ആർ.ടി.സിയുടെ പടിഞ്ഞാറുവശം നിലവിലുള്ള ഗുരുമന്ദിരത്തോട് ചേർത്ത് തെക്ക് വശം റവന്യൂ പുറമ്പോക്ക് കയ്യേറി 33.50 x 8.00 മീറ്റർ അളവിൽ എസ്.എൻ.ഡി.പി യൂണിയൻ ശാഖാ നമ്പർ 342 ന്റെ ഭാരവാഹികൾ അനധികൃതമായി GI ഷീറ്റ് മേഞ്ഞ് ഷെഡ് നിർമ്മിച്ചിട്ടുള്ളതായി കാണുന്നു.

ഡി) നഗരസഭാ 30-ാം വാർഡ് കൃഷ്ണപുരം വില്ലേജിൽ റീസർവ്വേ 203/26 ന്റെ തൊട്ടുതെക്കുവശത്തെ കൈവശക്കാരനായ കറ്റി പടിറ്റതിൽ ഹനീഫ എന്നയാൾ ഏതാണ്ട് 10 സെന്റോളം സ്ഥലം കൈയേറിയിട്ടുള്ളതായി കാണുന്നു.

നഗരസഭയുടെ വസ്തുവകകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നതിൽ നഗരസഭ നടപടി സ്വീകരിക്കുന്നില്ലായെന്നതാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ഈ ഭൂമി കൈയ്യേറ്റത്തിന് നിലവിൽ വ്യവഹാരം നടന്നുവരികയാണ്. കോടതി തീരുമാനത്തിന് വിധേയമായി തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-27 മുൻകൂർ അനുവദിച്ച തുകകൾ ക്രമീകരിച്ചില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 പ്രകാരം അനുവദിക്കുന്ന താത്കാലിക മുൻകൂറുകൾ 3 മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ 4.10.2011-ലെ 419/11/ധനം നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. യഥാസമയം ക്രമീകരണ ബില്ലുകൾ ഹാജരാക്കാത്ത താത്കാലിക മുൻകൂറുകൾ അനുവദനീയമായ സമയ പരിധി കഴിഞ്ഞാലുടൻ തന്നെ മുൻകൂർ നല്കിയ തീയതി മുതൽ തിരികെ അടക്കുന്ന തീയതി വരെയുള്ള കാലയളവിന് 18% പലിശ സഹിതം തിരികെ ഈടാക്കണമെന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. നഗരസഭയിൽ 2016-17 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം നല്കിയ 1,14,000/-രൂപയുടെ താത്കാലിക മുൻകൂറുകൾ നാളിതുവരെയായിട്ടും ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | മുൻകൂർ കൈപ്പറ്റിയ വ്യക്തി | അഡ്വാൻസിന്റെ സ്വഭാവം | വൗച്ചർ നം., തുക |
|---|---|---|---|
| 1. | ശ്രീമതി.ഡി.സുഭദ്ര,<br>പിഡബ്ല്യുഒ-1 | സേവനാവകാശബോർഡ് സ്ഥാപിക്കൽ | 54/6-16<br>തീയതി. 20.06.16,<br>32,000/- |
| 2. | ശ്രീ.ആർ.ശ്രീകുമാർ,<br>കൗൺസിൽ ക്ലാർക്ക് | ചെയർമാന്റെ ഡൽഹി യാത്രക്കുള്ള മുൻകൂർ യാത്രപ്പടി | 52/10-16<br>തീയതി. 26.10.16,<br>20,000/- |

| | | | |
|---|---|---|---|
| 3. | ശ്രീമതി.ചിഞ്ചു.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | എഞ്ചിനീയറിംഗ് വിഭാഗത്തിന് സ്റ്റേഷനറി സാധനങ്ങൾ | 50/2-17<br>തീയതി.17.02.17,<br>18000/- |
| 4. | ശ്രീ.കെ.ശ്രീകുമാർ,<br>ഹെർത്ത് ഇൻസ്പെക്ടർ | കേരളോത്സവം - 2016 | 35/11-16<br>തീയതി.18.11.16,<br>24,000/- |
| 5. | ശ്രീമതി.ചിഞ്ചു.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | ഗവൺമെന്റ് ഐ.റ്റി.ഐ - ക്ക് ശിലാഫലകം | 62/02-17<br>തീയതി. 23.02.17,<br>20000/- |

യഥാസമയം ക്രമീകരണ ബിൽ ഹാജരാക്കാത്ത മുഴുവൻ തുകയും പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 22/25.09.17 ന് മറുപടി നൽകിയില്ല.). ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-28 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

നഗരസഭയുടെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ, ഡെപ്പോസിറ്റ് ഇനത്തിൽ മുൻവർഷങ്ങളിലേതുൾപ്പെടെ 16750627/-രൂപ തിരികെ നൽകാനുണ്ട്. നിശ്ചിത മാതൃകയിലുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ നഗരസഭ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, ഈ തുക ഏതൊക്കെ വർഷങ്ങളിൽ, ഏതൊക്കെ ഇനം നിക്ഷേപങ്ങളായി ലഭിച്ചിട്ടുള്ളതാണെന്നുള്ള വിവരങ്ങൾ ലഭ്യമല്ല. ധനകാര്യപത്രികയിൽ സ്ഥാപനത്തിന്റെ ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ തുകയിൽ മൂന്നുവർഷം മുൻപ് സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളതും തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമായ നിക്ഷേപങ്ങളും ഉൾപ്പെടുന്നു. നിക്ഷേപങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാകുന്ന വിധത്തിൽ നിശ്ചിത മാതൃകയിലുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-29 'പഠനമുറി' -മൂല്യനിർണ്ണയം നടത്താതെ പണം അനുവദിച്ചു

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി വഴി (പദ്ധതി നമ്പർ- 21) 17ഗുണഭോക്താക്കൾക്ക് 80,000/- രൂപ വീതം ആകെ 13,60,000/- രൂപ വിതരണം ചെയ്തു. എന്നാൽ സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി, ഒരാളുടെ പോലും നിർമ്മാണത്തിന്റെ കൃത്യമായ മൂല്യനിർണ്ണയ സാക്ഷ്യപത്രം എൽ.എസ്.ജി.ഡി എൻജിനീയർ തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. മധുസൂദനൻ, തുളസീമന്ദിരം, കൃഷ്ണപുരം എന്ന വ്യക്തി നിർമ്മിച്ച ഭവനമുറിയുടെ മൂല്യനിർണ്ണയം സംബന്ധിച്ച റിപ്പോർട്ട് മാത്രമാണ് എൻജിനീയർ ഒപ്പിട്ടിട്ടുള്ളത്. ഇതിലും 122 ച.അടി നിർമ്മാണം നടന്നെന്നല്ലാതെ കൃത്യമായ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 5/16-17 | 21.12.2016 | 880000 |
| 14/16-17 | 17.3.2017 | 200000 |
| 15/16-17 | 17.3.2017 | 40000 |
| 19/16-17 | 20.3.2017 | 80000 |
| 22/16-17 | 29.3.2017 | 80000 |
| 23/16-17 | 29.3.2017 | 80000 |

എൽ.എസ്.ജി.ഡി എൻജിനീയർ മൂല്യനിർണ്ണയം നടത്താതെ തുക നൽകിയതിന്റെ കാരണം

വ്യക്തമാക്കാനാവശ്യപ്പെട്ട് ആഡിറ്റ് അന്വേഷണം നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. കൃത്യമായ മൂല്യനിർണ്ണയം നടത്താതെ പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി ചെയ്ത 13,60,000/- രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-30 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് - കെ.എസ്.ഇ.ബി യുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

നഗരസഭാ കൗൺസിലർമാരുടെ അപേക്ഷ പരിഗണിച്ച് കെ.എസ്.ഇ ബി യിൽ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിനായി തനതുഫണ്ടിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

1.അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി-കായംകുളം ഈസ്റ്റ് -41723/- (വൗച്ചർ നം.34/2-17 തീയതി 13.02.17)

2.അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി-കൃഷ്ണപുരം-14060/- (വൗച്ചർ നം.35/2-17 തീയതി 13.02.17)

3.അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി-കായംകുളം വെസ്റ്റ് -20195/- (വൗച്ചർ നം.74/2-17 തീയതി 28.02.17)

കെ.എസ്.ഇ.ബി യുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 29/25.09.17 ന് മറുപടി നൽകിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 75978/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-31 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മരുന്നു പൂർണ്ണമായും ലഭിച്ചില്ല

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.122/17):- പദ്ധതിയിൽ മരുന്നുകൾക്കായി 140,0000/- രൂപ (ബിൽ നം.1/16-17. തീയതി 26.12.17. 12,00,000/-രൂപ, ബിൽ നം.8/16-17. തീയതി 24.03.17. 2,00,000/-രൂപ) ഔഷധിക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഇതുവരെയും 8,51,786/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുള്ളു. ബാക്കി തുകയ്ക്കുള്ള (348214/-രൂപയുടെ) മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ മരുന്നു ലഭ്യമാക്കുന്നതിനായി ഔഷധിക്ക് കത്ത് അയച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ലഭ്യമാകാനുള്ള മരുന്നിന്റെ വിലയായ 348214/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഔഷധിയിൽ നിന്നുള്ള കൈപറ്റ് രസീത് ഹാജരാക്കേണ്ടതാണ്.

## 3-32 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.292/17):

പദ്ധതിയിൽ മരുന്നുകൾക്കായി 5,00,000/-രൂപ (ബിൽ നം.1/16-17 തീയതി 18.02.17. 4,00,000/-രൂപ, ബിൽ നം.2/16-17 തീയതി 18.02.17 1,00,000/- രൂപ) ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഇതുവരെയും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിന് മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ മരുന്നു ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് കത്ത് അയച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ലഭ്യമാകാനുള്ള മരുന്നിന്റെ വിലയായ 5,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-33 വയോമിത്രം പദ്ധതിയ്ക്ക് തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോമിത്രം പദ്ധതിയിലേക്കായി ബിൽ നം. 5/16-17 തീയതി. 27.01.17 തീയതിയിൽ 10,00,000/- രൂപ പിൻവലിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇതിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-34 ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണം വിനിയോഗവിവരം ലഭിച്ചിട്ടില്ല

ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണത്തിനുള്ള വിഹിതമായി 5,00,000 രൂപയുടെ ഡി.ഡി. (നം: 21316 തീയതി:25.11.2016) ജില്ലാ പ്ലാനിംഗ് കമ്മിറ്റി സെക്രട്ടറിയുടെ പേരിൽ നല്കിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കിയതിന്റെ പുരോഗതി ഉറപ്പാക്കിയിട്ടില്ല. ടി തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-35 എസ്.എസ്.എ. നഗരസഭാവിഹിതം - ചെലവിന്റെ കൃത്യത ഉറപ്പാക്കാനായില്ല

2016-17 സാമ്പത്തിക വർഷം നഗരസഭാപ്രദേശത്തെ വിവിധ സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായി എസ്.എസ്.എ. വിഹിതം 10 ലക്ഷം രൂപ, ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് ഡി.ഡി.നം. 021318 തീയതി: 25.11.2016 പ്രകാരം നൽകിയിട്ടുണ്ട്. നഗരസഭാപ്രദേശത്തെ സ്കൂളുകളിൽ നടത്താനിരിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച എസ്.എസ്.എ.യുടെ ബജറ്റ് എസ്റ്റിമേറ്റ്, ഈ തുക ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി എന്നതിന്റെ വിശദമായ വിനിയോഗവിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നിർദ്ദേശം നല്കിയെങ്കിലും ഹാജരാക്കിയില്ല. 41,42,700/-രൂപയുടെ ചെലവ് വിവരം എസ്.എസ്.എ. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഹാജരാക്കിയെങ്കിലും നഗരസഭയുടെ അധീനതയിലുള്ള സ്കൂളുകളിൽ എസ്.എസ്.എ യുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങളാണ് നടന്നതെന്ന് ഉറപ്പാക്കാനായില്ല. ചെലവിന്റെ കൃത്യത ഉറപ്പാക്കാനാവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നഗരസഭാപരിധിയിലെ സ്കൂളുകളുടെ സുഗമമായ പ്രവർത്തനം സാധ്യമാക്കുന്നതിനാവശ്യമായ നഗരസഭാവിഹിതം എസ്.എസ്.എ യ്ക്ക് നല്കുകയും ലക്ഷ്യം കൈവരിച്ചെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്.

## 3-36 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം അവലോകനം

കെട്ടിടം

കായംകുളം നഗരസഭാ പരിധിയിൽ 61 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 19 എണ്ണം സ്വന്തം കെട്ടിടത്തിലും 36 എണ്ണം വാടക കെട്ടിടത്തിലും 4എണ്ണം കമ്മ്യൂണിറ്റിഹാളിലും 2 എണ്ണം സ്കൂളിലും ശേഷിയ്ക്കുന്ന 2അങ്കണവാടികൾ വാടക രഹിതമായും പ്രവർത്തിക്കുന്നു. 1 അങ്കണവാടി നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിലും അങ്കണവാടി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

കുടിവെള്ള സൗകര്യം, വൈദ്യുതീകരണം

10 അങ്കണവാടികൾ കുടിവെള്ള സൗകര്യം ഇല്ലാത്തവയാണ്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയിൽ രണ്ടെണ്ണത്തിന് കുടിവെള്ളകണക്ഷൻ ലഭിച്ചിട്ടില്ല. 39 അങ്കണവാടികളിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റിഹാളിൽ പ്രവർത്തിക്കുന്ന 3 അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

ടോയ് ലെറ്റ് സൗകര്യം

55 അങ്കണവാടികളിൽ ടോയ് ലെറ്റ് സൗകര്യം ലഭ്യമാണ്. ഇതിൽ ബേബി ഫ്രണ്ടിലി ടോയ് ലെറ്റുള്ളത് 3 എണ്ണത്തിന് മാത്രമാണ്. രണ്ട് എണ്ണത്തിന് ടോയ് ലെറ്റ് സൗകര്യം ഇല്ലാത്തവയാണ്.

ചുറ്റുമതിൽ

സ്വന്തമായി കെട്ടിടമുള്ളവയിൽ 9 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. 7 എണ്ണത്തിന് പൂർണ്ണമായും 3 എണ്ണത്തിന് ഭാഗികമായും 3 എണ്ണം ചുറ്റുമതിൽ ഒട്ടും ഇല്ലാത്ത അവസ്ഥയിലും പ്രവർത്തിക്കുന്നു.

ഗ്യാസ് കണക്ഷൻ

61 അങ്കണവാടികൾക്കും ഗ്യാസ് കണക്ഷൻ ലഭ്യമാണ്. ഒരു സിലിണ്ടറാണ് നിലവിൽ എല്ലാ അങ്കണവാടികൾക്കും ഉള്ളത്.

അടിസ്ഥാന സൗകര്യങ്ങൾ

അങ്കണവാടികൾക്ക് ആവശ്യമായ ഫർണ്ണീച്ചർ വാങ്ങുന്നതിനായി പ്രോജക്ടുകൾ വച്ചിരുന്നെങ്കിലും നടപ്പാക്കിയില്ല. എല്ലാ അങ്കണവാടികളിലും കളിയുപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്

2016-17 വർഷം എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അവർ ജോലി ചെയ്യുവാൻ പ്രാപ്തരാണെന്നുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ആരോഗ്യ വകുപ്പിൽ നിന്നും വാങ്ങി സൂക്ഷിക്കാറുണ്ട്. അങ്കണവാടി കെട്ടിടം സുരക്ഷിതമാണോ എന്നതിനുള്ള പരിശോധന നടത്തി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് നഗരസഭാ എൽ.എസ്.ജി.ഡി വിഭാഗത്തിൽ 2017 ജൂലൈ മാസത്തിൽ കത്ത് നല്കിയിട്ടുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമെങ്കിലും ഭൂരിഭാഗം അങ്കണവാടികൾക്കും സ്വന്തം കെട്ടിടമില്ലാത്തത് അപര്യാപ്തതയാണ്. സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്തതും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതുമായ അങ്കണവാടികൾ സംബന്ധിച്ച് ജി.ഒ(എം.എസ്) 29/2012ത.സ്വ.ഭ.വ/03.09.2010 ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക്

കായംകുളം നഗരസഭയുടെ 2016-17 ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1. വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 8,11,05,161 |
| വരവ് | 19,84,32,668 |
| ആകെ | 27,95,37,829 |
| ചെലവ് | 18,70,32,581 |
| നീക്കിയിരിപ്പ് | 9,25,05,248 |

1. തനത് ഫണ്ടിന്റെ (എ.ഡി.സി.ബി.2895) അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാലാവധി കഴിഞ്ഞ ചെക്കുകളുടെ വിവരം ചേർത്തിരിക്കുന്നു. ചെക്കിന്റെ കാലാവധി മൂന്നു മാസമാണെന്നതിനാൽ പുതുക്കിയിട്ടില്ലാത്ത പക്ഷം ആ ചെക്കുകൾ റദ്ദ് ചെയ്ത് റിവേഴ്സ് എൻട്രി നൽകുന്നതിനു പകരം ഈ ചെക്കുകളുടെ വിവരം റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്തു തുടരുന്നു. വിശദവിവരം ചുവടെ കൊടുത്തിരിക്കുന്നു.

Cheque issued but not presented into bank

| ചെക്ക് നം./തീയതി | തുക |
|---|---|
| 404474/06.04.2010 | 223 |
| 404476/06.04.2010 | 1709 |
| 404487/16.04.2010 | 5720 |

| | |
|---|---|
| 407760/23.09.2010 | 61 |
| 410939/23.12.2010 | 2500 |
| 4045012/31.03.2011 | 21684 |
| 414745/11.08.2011 | 296 |
| 414749/11.08.2011 | 415 |
| 414755/11.08.2011 | 321 |
| 417175/19.10.2011 | 450 |
| 419259/21.02.2012 | 650 |
| 432005/31.10.2012 | 1809 |
| 432006/31.10.2012 | 6462 |
| 433599/18.02.2013 | 366 |
| 437596/05.09.2013 | 395 |
| 116364/02.06.2014 | 350 |
| 8761/28.09.2015 | 7119 |

Cheque deposited but not cleared by bank

| ചെക്ക് നം./തീയതി | തുക |
|---|---|
| 001454/04.02.2012 | 2385 |
| 244360/17.02.2012 | 13180 |
| 004667/07.03.2013 | 1250 |
| 486443/11.03.2013 | 1250 |
| 1298/14.03.2013 | 1250 |
| 2/31.12.2014 | 9960 |

2)വരവിനങ്ങളുടെ രജിസ്റ്ററുകൾ എഴുതി ഡി.സി.ബി.തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി നികുതിയേതര ഇനങ്ങളിലെ വരവിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

3)നഗരസഭാ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും വരവിൽ (RP-1 – ൽ 110100200 എന്ന ഹെഡിൽ) നഗരസഭാജീവനക്കാരുടെ തൊഴിൽനികുതി ഉൾപ്പെടുന്നില്ല. അത് ശമ്പളത്തിന്റെ ചെലവിൽ കുറവ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. അതായത്, നികുതിവരവിലും ശമ്പളത്തിന്റെ ചെലവിലും യഥാർത്ഥകണക്കല്ല ഉൾപ്പെട്ടിരിക്കുന്നത്.

4)ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരവ് ചെലവുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

5)തെറ്റായ ഹെഡിൽ നിന്നും ചെലവ് കാണിച്ചതിനാൽ RP-1 – ൽ 110030100 എന്ന ഹെഡിലും RP-6 – ൽ 160100101 എന്ന ഹെഡിലും നെഗറ്റീവ് എൻട്രി വന്നിരിക്കുന്നു.

6) RP-37 ഹെഡിൽ 33750/- നെഗറ്റീവ് എൻട്രി കാണിച്ചിരിക്കുന്നത് വിശദീകരിക്കാനായില്ല

b)ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

ആദായം - 23,93,25,651

(-) ചെലവ് - 22,42,29,343

സർപ്ലസ് - 1,50,96,308

വരവിനങ്ങളുടെ രജിസ്റ്റർ എഴുതി ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡിമാന്റ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

1. വസ്തു നികുതി കടിശ്ശിക – 2015-16 ലെ ബാലൻസ് ഷീറ്റിൽ RP-15 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള കടിശ്ശിക (27,68,378 + 10,64,318 = 38,32,696) യേക്കാൾ കൂടുതൽ തുക ( RP-37 – ൽ 6344100/- രൂപ) 2016-17 ൽ ലഭിച്ചിട്ടുണ്ട്. മാത്രമല്ല, ഈയിനത്തിൽ 260822/-രൂപ 2016-17 ൽ തൻവർഷത്തെ ഡിമാന്റ് കൂട്ടിക്കാണിച്ചിരിക്കുന്നു. ഇപ്രകാരം യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത രീതിയിൽ ഡിമാന്റ് ചെയ്തിരിക്കുന്നു.

c) ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 36,01,48,921 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 17,71,67,411 |
| പഞ്ചായത്ത്/ മുനിസിപ്പൽ ഫണ്ട് | 18,29,81,510 |

1. 03/2017 - ൽ 4,62,87,496 രൂപ വെള്ളക്കരമിനത്തിൽ നഗരസഭയുടെ ബാദ്ധ്യതയാണ്. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും മൂല്യം നിർണ്ണയിച്ച് ആസ്തിരജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ലാത്തതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരമുള്ള കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായില്ല. ആസ്തിവിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)-152/11 /ത.സ്വ.ഭ.വ തീയതി.26.07.11) നടപ്പാക്കിയിട്ടില്ല.

3. B-9 ഷെഡ്യൂളിൽ 350200106 Co-Operative Recovery എന്ന ഹെഡിൽ 335350/- രൂപയാണ് ബാദ്ധ്യത. എന്നാൽ ഇതിനെക്കാൾ 6000/- രൂപ കൂടുതലായി 03/2017ലെ ശമ്പളബിൽ പ്രകാരം ചെലവായിട്ടുണ്ട്. ഇത് വിശദീകരിക്കാനായിട്ടില്ല.

4. 350200118 ഗ്രൂപ്പ് ഇൻഷ്വറൻസ് എന്ന ഹെഡിൽ 29441/- രൂപ ബാദ്ധ്യതയുണ്ടെങ്കിലും 22900/- രൂപ മാത്രമേ 03/2017ലെ ശമ്പളബിൽ പ്രകാരം ചെലവായിട്ടുള്ളൂ. യഥാർത്ഥ ചെലവിനെക്കാൾ 6541/- രൂപ കൂടുതലായി ബാദ്ധ്യത കാണിച്ചിരിക്കുന്നത് വിശദീകരിക്കാനായില്ല.

5. വരവിനങ്ങളുടെ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിനാൽ യഥാക്രമം B -15, B -7 എന്നീ ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

6. ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് 2350610/-രൂപയും വരവ് 1704850/- രൂപയുമാണ്. ഇതനുസരിച്ച് 645760/- രൂപയാണ് കടിശ്ശിക. എന്നാൽ ബാലൻസ് ഷീറ്റിൽ 679510/- രൂപയാണ് കാണച്ചിരിക്കുന്നത്.

7. ഇ.എം.എസ്. ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ആസ്തിയുടെ ഭാഗത്ത് B -16 നിലും B -18 ൽ 460500204 എന്ന ഹെഡിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഇവിടെ ആവർത്തനം സംഭവിച്ചിരിക്കുന്നു.

8. B -18 ൽ, 460500204 എന്ന ഹെഡിൽ കാണച്ചിട്ടുള്ളത് ഒഴികെ മറ്റ് ഹെഡിലെ തുകകൾ എന്താണെന്ന് വിശദീകരിക്കാനായില്ല.

വാർഷിക കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം I ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനം | സ.ഉ.(സാധ) 2234/10, 7.7.2010 | 55546500 | 18271290 | 5435000 | - | 12836290 |
| KURDFC ലോൺ, സസ്യ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | | 5896000 | 5896000 | 162140 | 95689 | 5733860 |

4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

4-8സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-16, | 2006-07 | 4-12-1 | ലാട്രിൻ | |
| | 2-17, | | 4-12-2 | വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | |
| | 2-19 | | 4-12-3 | കൊതുക് നിവാരണം | |
| | | 2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 2-17 | വാടക വർദ്ധനവ് ഈടാക്കിയിട്ടില്ല | സെക്രട്ടറിയുടെ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട് |
| | | 2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 29, 30 | വകമാറ്റി ചെലവഴിച്ച | ഖണ്ഡിക നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | 2006-08ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 31 | ടാർ വാങ്ങൽ | ഫയൽ ഹാജരാക്കിയിട്ടില്ല |
| | | 2006-08ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | | അമ്പലപ്പാട്ട് റോഡ് ടാറിംഗ് | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| | | 2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 43, 44 | വ്യാജരേഖ ചമയ്ക്കൽ | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| | | 2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 45 | - | സെക്രട്ടറിയെ കുറ്റവിമുക്തനാക്കി |
| | | 2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 57, 58, 59, 60 | - | റവന്യൂ റിക്കവറിയ്ക്ക് കത്ത് നൽകി |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 198432668 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 187032581 |
| വരവിനങ്ങളിലുള്ള നഷ്ടം | 3264827 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 150594 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8581753 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 386330 | | ഡി.ജയകുമാർ, സെക്രട്ടറി |
| 2-4 ക | 189226 | | |
| ഖ | 1205340 | | |
| ഗ | 14853 | | |
| 2-5 | 176976 | | |
| 2-6 | 578783 | | ജെ.ഷാജി, എം.ഇ, ഡി.ജയകുമാർ, സെക്രട്ടറി |
| 2-7 | 2867 | | ജെ.ഷാജി, എം.ഇ |
| 2-8 | 225225 | | ഡി.ജയകുമാർ, സെക്രട്ടറി, എസ്.എസ്.അശോക് കുമാർ,റവന്യൂ സൂപ്രണ്ട് |
| 2-9 | 398977 | | ഡി.ജയകുമാർ, സെക്രട്ടറി, കെ.ശ്രീകുമാർ, എച്ച്.ഐ |

| | | | |
|---|---|---|---|
| 2-10 | 86250 | | ഡി.ജയകുമാർ, സെക്രട്ടറി, എസ്.എസ്.അശോക് കുമാർ,റവന്യൂ സൂപ്രണ്ട് |
| 3-7 | | 23904 | ജെ.ഷാജി, എം.ഇ |
| 3-11 | | 8340 | |
| 3-12 | | 4350 | |
| 3-27 (1) | | 32000 | ഡി.സുഭദ്ര, പബ്ലിക് വർക്ക് ഓവർസിയർ I |
| (2) | | 20000 | ആർ. ശ്രീകുമാർ,കൗൺസിൽ ക്ലാർക്ക് |
| (3) | | 18000 | ചിഞ്ചു.എസ്, എ.ഇ |
| (4) | | 24000 | കെ.ശ്രീകുമാർ, എച്ച്.ഐ |
| (5) | | 20000 | ചിഞ്ചു.എസ്, എ.ഇ |
| | 3264827 | 150594 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 1009219 | ജെ.ഷാജി, എം.ഇ |
| 3-9 | 392000 | |
| 3-12 | 229379 | |
| 3-17 | 1467247 | ഡോ.സുജ എബ്രഹാം, സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ |
| 3-21 | 699716 | ഡി.ജയകുമാർ, സെക്രട്ടറി |
| 3-29 | 1360000 | സുനിൽകുമാർ - 880000<br>പ്രസാദ്, SCDO,മുതുകുളം - 480000 |
| 3-30 | 75978 | ഡി.ജയകുമാർ, സെക്രട്ടറി |
| 3-31 | 348214 | ഡോ.ജയലക്ഷി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-32 | 500000 | ഡോ.വിജയേന്ദ്രൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-33 | 1000000 | അജിത, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-34 | 500000 | ഡി.ജയകുമാർ, സെക്രട്ടറി |
| 3-35 | 1000000 | |
| | 8581753 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-6(ജി), 2-12, 3-2, 3-8, 3-9

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ഡി.ജയകുമാർ, സെക്രട്ടറി | സെക്രട്ടറി, ഏറ്റുമാനൂർ നഗരസഭ | ശ്രീഭവൻ, ചെമ്മണ്ണൂർവിള വടകോട്. പെരുമ്പഴുതൂർ, തിരുവനന്തപുരം |
| ജെ.ഷാജി, മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വൈറ്റില സോണൽ ഓഫീസ്, കൊച്ചി കോർപ്പറേഷൻ | വള്ളോപ്പള്ളിൽ ഹൗസ്, പട (നോർത്ത്) പി.ഒ, കരുനാഗപ്പള്ളി |
| ഡോ.സുജ എബ്രഹാം, സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കായംകുളം | സൂപ്രണ്ട് താലൂക്ക് ആശുപത്രി, കായംകുളം | ഇടമുറക്കൽ ഹൗസ്, ഓലകെട്ടിയമ്പലം പി.ഒ, മാവേലിക്കര |
| ഡോ. വിജയേന്ദ്രൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ | RMO ഹോമിയോ ആശുപത്രി, കായംകുളം | നയനം, ചിങ്ങോലി.പി.ഒ, ആലപ്പുഴ |
| സുനിൽകുമാർ.എസ്.എൽ, എസ്.സി.ഡി.ഒ | എസ്.സി.ഡി.ഒ, ചമ്പക്കുളം | കൃഷ്ണവിലാസം, പെരുംചിറകോണം,ഉണ്ടത്തിൽ.പി.ഒ, കാര്യവട്ടം |
| പ്രസാദ്.കെ, എസ്.സി.ഡി.ഒ | എസ്.സി.ഡി.ഒ, ചിറയിൻകീഴ് | പ്രണവം, TC9/961(2), ഐക്കരവിളാകം, കരിയം, ശ്രീകാര്യം.പി.ഒ |
| അജിത, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കായംകുളം | വള്ളത്തേരിൽ, നങ്ങ്യാർകുളങ്ങര.പി.ഒ, ഹരിപ്പാട് |
| ഡോ.നാരായണപിള്ള, സീനിയർ വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ, കായംകുളം | ശ്രീവിഹാർ, രാമപുരം.പി.ഒ, കീരിക്കാട് |
| ഡോ.ജയലക്ഷ്മി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | വിരമിച്ചു | ഓംകാർ ആയുർവ്വേദ ആശുപത്രി, മാന്നാർ.പി.ഒ |
| എസ്.എസ്.അശോക് കുമാർ, റവന്യൂ സൂപ്രണ്ട് | സൂപ്രണ്ട്, കായംകുളം | അംബികാലയം, തിരുമല പി.ഒ, അലപ്പുറം, തിരുവനന്തപുരം |
| ശ്രീകുമാർ.കെ, എച്ച്.ഐ, കായംകുളം നഗരസഭ | എച്ച്.ഐ ഗ്രേഡ്.2, കൊല്ലം കോർപ്പറേഷൻ | കാവുള്ളതിൽ, കോട്ടംപള്ളിൽ, മടത്തിൽകാരായ്മ പി.ഒ, ഓച്ചിറ |
| ചിഞ്ചു, എ.ഇ. | എ.ഇ, തിരുവനന്തപുരം കോർപ്പറേഷൻ | ലഭ്യമല്ല |
| ആർ.ശ്രീകുമാർ, കൗൺസിൽ ക്ലാർക്ക് | കൗൺസിൽ ക്ലാർക്ക്, കായംകുളം നഗരസഭ | വിളയിൽകിഴക്കിൽ, എരുമക്കുഴി, നൂറനാട്.പി.ഒ, ആലപ്പുഴ |
| ഡി.സുഭദ്ര, പബ്ലിക് വർക്ക് ഓവർസിയർ | ബിൽഡിംഗ് ഇൻസ്പെക്ടർ, മാവേലിക്കര മുനിസിപ്പാലിറ്റി | ലഭ്യമല്ല |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 71-72 മുതൽ 1980-81 വരെ | എൽ.എഫ്.എ.5-266/83/13.02.85 |
| 1981-82 | എൽ.എഫ്.എ.5-197/83/31.01.85 |

| | |
|---|---|
| 1982-83 | എൽ.എഫ്.എ.5-686/85/12.01.85 |
| 1983-84 | എൽ.എഫ്.എ.5-375/86/31.10.86 |
| 1984-85 | എൽ.എഫ്.എ.5-402/85/31.10.86 |
| 1985-86 | എൽ.എഫ്.എ.5-848/89/31.10.90 |
| 1986-87 | എൽ.എഫ്.എ.5-1306/90/29.10.90 |
| 1987-88 | എൽ.എഫ്.എ.5-എഫ്.744/91/21.11.90 |
| 1988-89 | എൽ.എഫ്.എ.5-63/93/17.04.93 |
| 1989-90 | എൽ.എഫ്.എ.5-63/93/ 17.04.93 |
| 1990-91 | എൽ.എഫ്.എ.5-815/96/07.06.1996 |
| 1991-92 | എൽ.എഫ്.എ.5-816/95/11.06.96 |
| 1992-93 | എൽ.എഫ്.എ.5-271/97/23.03.98 |
| 1996-97 | എൽ.എഫ്.എ.5-769/99/14.03.00/07.09.2000 |
| 1997-98 (വരവ്)<br>1997-98(ചെലവ്) | എൽ.എഫ്.എ.4-169/09/30.06.09/01.10.09<br>എൽ.എഫ്.എ.11-896/00/08.02.01/12.06.01 |
| 1998-99(വരവ്)<br>1998-99 (ചെലവ്) | എൽ.എഫ്.എ.4-170/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1275/01/17.05.02/07.06.02 |
| 1999-2000(വരവ്)<br>1999-2000 (ചെലവ്) | എൽ.എഫ്.എ.4-171/09/30.06.09/01.10.09<br>എൽ.എഫ്.എ.4-955/03/10.10.03/11.12.03 |
| 2000-01 (വരവ്)<br>2000-01 (പ്ലാൻ ഫണ്ട്)<br>2000-01 (തനത് ചെലവ്) | എൽ.എഫ്.എ.4-172/09/01.07.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04<br>എൽ.എഫ്.എ.4-പി.962/06/08.12.06/15.02.07 |
| 2001-02(വരവ്)<br>2001-02(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04 |
| 2002-03(വരവ്)<br>2002-03(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2003-04(വരവ്)<br>2003-04(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2004-05 | എൽ.എഫ്.എ.4-168/09/01.07.09/01.10.09 |
| 2005-06 | എൽ.എഫ്.എ.4-332/09/13.07.09/01.10.09 |
| 2006-07 | എൽ.എഫ്.എ.4-368/09/17.08.09/06.02.2010 |

| | |
|---|---|
| 2007-08 to 2009-10 | എൽ.എഫ്.എ.എം1-1094/12/25.01.13 |
| 2010-11, 2011-12 | എൽ.എഫ്.എ.എം1- |
| 2012-13 | എൽ.എഫ്.എ.എം1-634/2015 |
| 13-14 | കെ.എസ്.എ.എ.എൽ.പി.എം.1/1079/15 dt.7.9.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.എം.1/848/16 dt.1.8.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.ജി.എ5-169/17 തീ,തി. 14.02.17/17.02.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി/ജിഎ5/1262/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,
ആലപ്പുഴ, തീയതി: 24.10.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ 1994 ലെ കേരള നഗരപാലികാ നിയമം - വകുപ്പ് 295(4) ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കായംകുളം നഗരസഭയുടെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/GA5/1262/2017

Kerala State Audit Department,

District Audit Office,
Alappuzha, Dtd. 24.10.2017

# *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Kayamkulam Municipality in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Kayamkulam Municipality for the year 2016-17 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

Alappuzha